Reg: N: Mo. 2689—32. പേജ് 12 ഒററ പ്രതി വില ണ. 2 License No: 427 Dated 14—8—1943

# മലയാളരാജ്യം

പുസ്തകം ൧൭ കൊല്ലം, ൧൯൪൫ ഏപ്രിൽ ൩൦-ാംനു-യ്ക്ക് ൧൧൨൦ മേടം ൧൭-ാംനു- തിങ്കളാഴ്ച ലക്കം ൨൨൨

## സന്ധിസംബന്ധിച്ച കിംവദന്തി അടിസ്ഥാനരഹിതം

### പ്രസിഡൻറ് ട്രൂമൻെറ പ്രസ്താവന

(റായിട്ടർ)

വാഷിംഗ്ടൺ, ഏപ്രിൽ ൨൯—സന്ധിസംബന്ധിച്ച കിംവദന്തി അടിസ്ഥാനരഹിതമാണെന്ന പ്രസിഡൻറു ട്രൂമൻ ഇന്നരാത്രി പ്രസ്താവിച്ചിരിക്കുന്നു. ഈ കിംവദന്തിയെപ്പററി യാതൊരു സ്ഥിരീകരണവുമില്ലെന്നാണ് പ്രസിഡൻറിൻെറ സെക്രട്ടറിയായ മി. സ്റ്റീഫൻഏർലി പ്രസ്താവിച്ചതു്.

#### ഐസൻഹോവറിനു ലഭിച്ചിട്ടില്ല

ന്യൂയാർക്ക്, ഏപ്രിൽ ൨൯ ന്യൂസ് ആൻറ് സ്റെറപ്പ് എന്ന പത്രത്തിൻെറ ലേഖകൻമുഖാന്തിരം ജനഃ ഐസൻഹോവർ ഇന്ന ജർമ്മനിയിൽ നിന്നു കീഴടങ്ങാമെന്ന നിർദ്ദേശമൊന്നും ഇതുവരെ ലഭിച്ചിട്ടില്ലെന്നു പറഞ്ഞതായി ന്യൂയാർക്കുറേഡിയോ ഇന്ന പ്രസ്താവിച്ചു. പ്രസിഡണ്ടു ട്രൂമൻെറ പ്രസ്താവനയ്ക്കുശേഷമാണു ജനഃ ഐസൻഹോവറിൻെറ ഈ പ്രസ്താവന ഉണ്ടായതു്.

#### സഖ്യകക്ഷികളുടെ സന്ധിവ്യവസ്ഥകൾ

ജർമ്മനിയിലെ ചില കേന്ദ്രങ്ങൾക്കു സഖ്യകക്ഷികളുടെ താഴെക്കാണുന്നതുമായുള്ള നിരുപാധികകീഴടക്കവ്യവസ്ഥകൾ അയച്ചിട്ടുള്ളതായി വാഷിംഗ്ടനിലെ ഡ്രൂ പെറാവ ക്കുലേഖകനായ മി. മാർട്ടിൻ അഗ്രോൺസ്കി പറഞ്ഞു:—ആദ്യമായി തങ്ങളുടെ ആയുധങ്ങൾവച്ചു് കാലുതാമസം കൂടാതെ സമീപസ്ഥസൈനികഡിപ്പോയിൽ ജർമ്മൻഭടന്മാർ ഉടനടി ഹാജരാകണം. രണ്ടാമതായി തങ്ങൾക്കു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങൾ വിടുന്നതിനോ റഷ്യൻ അധീനിവേശപ്രദേശത്തുനിന്നു അമേരിക്കനോ ബ്രിട്ടീഷോ മററുതോ നിരകളിലേക്കു കടക്കുന്നതിനോ അനുവദിക്കപ്പെടുന്നതല്ല. മൂന്നാമതായി നാശമേശിലും ബെർച്ചസ്ഗാഡനിലുമുള്ള ജർമ്മൻ

ഭടന്മാർ തങ്ങളുടെ ആയുധങ്ങൾ ഒരുകരവച്ചിട്ടു് നിർദ്ദിഷ്ടാധികൃതരോടു കീഴടങ്ങുന്നതിനായി തിരിച്ചുപോകണം. ഉടനെ ഉപേക്ഷിക്കുക പിന്മാറുക അതാണ്. നാലാമതായി ഹിററ്ലർ, ഹിംലർ എന്നിവരെയും മററു ചില നേതാക്കന്മാരെയും സഖ്യകക്ഷികളെ ഏല്പിക്കേണ്ടതാണ്.

#### ഷേഫിൽ യാതൊന്നുമറിവില്ല

പാരീസ്, ഏപ്രിൽ 29—ബ്രിട്ടനോടും അമേരിക്കയോടുമുള്ള ജർമ്മൻകീഴടക്കനിർദ്ദേശം സംബന്ധിച്ച റിപ്പോർട്ടുകൾക്ക് ഷേഫിൽ യാതൊരു പ്രത്യാഘാതവുമുണ്ടായിട്ടില്ല. ഷേഫിൽ ഇതേപ്പററി യാതൊന്നും കേട്ടില്ലെന്നും പ്രസ്താവിക്കപ്പെടുന്നു.

#### സന്ധിനിർദ്ദേശം സ്വീകരിച്ചില്ലെന്നു ട്രൂമൻ

ലണ്ടൻ, ഏപ്രിൽ ൨൯—സഖ്യകക്ഷികൾ ജർമ്മനിയുടെ നിരുപാധികകീഴടക്കവ്യവസ്ഥ സ്വീകരിച്ചെന്ന വാർത്ത പ്രസിഡൻറ് ട്രൂമൻ നിഷേധിച്ചതിനെ തുടർന്നു് മാസ്ക്കോയിൽനിന്നു ഒരു പ്രസ്താവന ഉണ്ടായിരിക്കുന്നു. ജർമ്മൻകാരുടെ ഈ നിർദ്ദേശത്തെ മൂന്നു വലിയ ശക്തികൾതമ്മിൽ കലഹമുണ്ടാക്കുവാനുള്ളതാണെന്നു് ഈ പ്രസ്താവനയിൽ വിവരിക്കുന്നു. ഈ സൂത്രം പരാജയപ്പെടാതെ തരമുള്ളവെന്നും പ്രസ്താവനയിൽ തുടർന്നുപറഞ്ഞിരിക്കുന്നു.

#### ഗേബൽസിൻെറ സഹോദരനെ പിടിച്ചു

റോം,-ഏപ്രിൽ ൨൯—അമേരിക്കൻ സൈന്യം ഗോബൽസിൻെറ സഹോദരനായ ഹാൻസ് ഗോബൽസിനെ പിടിച്ചിരിക്കുന്നു.

#### ലൊംബാർഡിയിൽ സമരം നിലച്ചു

റോം ഏപ്രിൽ 28—ഇററലിയിൽ ലൊംബാർഡിയിലും പീഡ്മോണ്ടിലും സമരം നിലച്ചിരിക്കുന്നതായി റോംറേഡിയോ പ്രസ്താവിക്കുന്നു.

## വൈസ്രായി രാജിവയ്ക്കുമെന്ന ഭീഷണി

### ഇൻഡ്യയോടുള്ള ബ്രിട്ടീഷുനയത്തിൽ മാററമുണ്ടാകാത്തപക്ഷം

ലണ്ടൻ, ഏപ്രിൽ ൨൯—ബ്രിട്ടീഷ് ഗവർമ്മെൻറ് അവരുടെ ഇൻഡ്യാനയത്തെപ്പററി പുനരാലോചിക്കാത്തപക്ഷം വേവൽപ്രഭു രാജിവയ്ക്കുമെന്നു പറയപ്പെടുന്നതായി റെയിനോൾഡ്സ് ന്യൂസിൻെറ ഡെപ്യൂട്ടിലേഖകൻ റിപ്പോർട്ടുചെയ്യുന്നു. ലേഖകൻ ഇങ്ങനെയാണെഴുതുന്നതു്. ഗവർമ്മെൻറിൽനിന്നും കൂടുതൽ സൗജന്യങ്ങൾ നേടി ഇൻഡ്യൻ സ്തംഭനപരിഹാരത്തിനുള്ള ഒരവസാനസംരംഭം നടത്തുന്നതിലേക്കായി വേവൽപ്രഭു തൻെറ ഡൽഹിയിലേക്കുള്ള യാത്ര മാററിവച്ചിരിക്കുന്നു. വൈസ്രായി സമർപ്പിച്ചിട്ടുള്ള പുതിയ പരിപാടിയിൽ നേതാക്കന്മാരുടെ മോചനം, പുതിയ തിരഞ്ഞെടുപ്പുകൾ, എല്ലാ രാഷ്ട്രീയകക്ഷികളുംചേർന്ന ഒരു ദേശീയഗവർമ്മെൻറിൻെറ രൂപീകരണം എന്നീ കാര്യങ്ങൾ ഉൾപ്പെടുന്നു. പുതിയ മാർഗ്ഗമനുസരിച്ചു ഡിഫൻസുവകുപ്പൊഴികെ സകലതും ഇന്ത്യാക്കാരുടെകയ്യിലായിരിക്കും. ഇതുവരെയുള്ള സംഭാഷണങ്ങൾ മി. ചർച്ചിലിൻേറയും ആമറിയുടേയും നയത്തിൽ മാററം വരുത്തുകയില്ലെന്നുള്ള നിർബന്ധബുദ്ധികൊണ്ടു പരാജയപ്പെട്ടു. വേവൽപ്രഭു രാജിവയ്ക്കുമെന്ന ഭീഷണിപ്പെടുത്തിയതായി അടിയന്തകേന്ദ്രങ്ങളിൽ പറയപ്പെടുന്നു. കാൺഗ്രസ്സുനേതാക്കന്മാരുടെ മോചനത്തിനു ആവശ്യപ്പെട്ടുകൊണ്ടും വേവൽപ്രഭുവിൻെറ സംരംഭങ്ങളെ അനുകൂലിച്ചുകൊണ്ടും പാർലമെൻറിലെ പല ലേബർമെംബറന്മാരും ചേർന്നു മി. ചർച്ചിലിനു കത്തയച്ചിട്ടുണ്ട്.

### സർ രാമസ്വാമിമുതലിയാരുടെ പ്രസംഗം

—o—

സാൻഫ്രാൻസിസ്കോ, ഏപ്രിൽ ൨൯ സാൻഫ്രാൻസിസ്കോയിലേയ്ക്കുള്ള ഇന്ത്യൻഡെലഗേഷൻെറ നേതാവായ സർ. ഏ. രാമസ്വാമിമുതലിയാർ സമ്മേളനത്തിൽ പ്രസ്താവിച്ചതു മഹാശക്തികൾക്കു വിജയംനേടാൻ സാധിച്ചതു് ഐക്യത്തിൽ കൂടെയാണെന്നാണ്. അന്താരാഷ്ട്രതത്വത്തെക്കാൾ പരസ്പരാശ്രയത്തിനാണു ഇന്നു പ്രാധാന്യം കല്പിക്കേണ്ടതു്. സുരക്ഷ ചലിക്കുന്നതിൽ ആപൽക്കാലത്തു സഹായിച്ചിട്ടുള്ള ചെറുരാജ്യങ്ങൾ അവഗണിക്കത്തക്കവയല്ല. ഒരു മൗലികമായ സംഗതി, ഒരു ശാശ്വതമായ സത്യം എപ്പോഴും ഓർമ്മിക്കേണ്ടതുണ്ട്. അതു സ

## റംഗൂണിനു 60 മൈലടുത്തു

### പതിനാലാംപട

കൽക്കട്ട, ഏപ്രിൽ ൨൯—പതിനാലാംസേനാഭടന്മാർ റംഗൂണിൽനിന്നു ൬൦ മൈലകലെ ഒരിടത്തു എത്തിയിരിക്കുന്നു. നൂറ-ാംമൈൽക്കുററിക്കു തെക്ക് അവർക്ക് സുശക്തമായ ജാപ്പനീസ് എതിർപ്പ് അനുഭവപ്പെട്ടു. കയ്യേററങ്ങളും പാലങ്ങൾ തകർത്തുകൊണ്ടു് പുരോഗതി തടയാൻ ജപ്പാൻകാർ തീവ്രശ്രമം നടത്തിയെന്നും ഒരു പ്രസ്നോട്ടിൽ പറയുന്നു. പെഗുവിനു വടക്കും വടക്കുകിഴക്കും ശത്രുപ്രതിരോധനിരകൾ ഉറപ്പിച്ചിട്ടുള്ളതായി റിപ്പോർട്ടുചെയ്യപ്പെടുന്നു. സഖ്യകക്ഷിസേന റംഗൂണിൽനിന്നു കിഴക്കോട്ടേക്കുള്ള ജപ്പാൻകാരുടെ അവസാനരക്ഷാമാർഗ്ഗം വിപത്തിലാക്കുന്നു. തെയിട്ടിയോയ്ക്കു ൪ മൈൽ വടക്കുകിഴക്കുള്ള അലെൻമ്യൂ നഗരം വളരെ മണിക്കൂർനേരത്തെ ഉഗ്രസമരത്തിനു ശേഷം കൈവശപ്പെടുത്തുകയുണ്ടായി.

(ഏ-പി)

## മുസോളിനിയെ വധിച്ചു

### മുസോളിനിയുടെ പത്നിയും മററു ൧൬ ഫാസിസ്റ്റു നേതാക്കന്മാരുംകൂടി വധിക്കപ്പെട്ടുവെന്നു് മിലാൻ റേഡിയോ

(റായിട്ടർ)

ലണ്ടൻ ഏപ്രിൽ ൨൯—മുസോളിനിയും പത്നിയും ൬ മന്ത്രിസഭാംഗങ്ങളുൾപ്പെടെ മററു ൧൬-ഫാസിസ്ററുനേതാക്കന്മാരും നഗരത്തിലെ ജനകീയകോടതിയിൽവച്ചു ഇന്നു വധിക്കപ്പെടുകയുണ്ടായെന്നു് ഇപ്പോൾ ഇററലിയൻ രാജ്യസ്നേഹികളുടെ നിയന്ത്രണത്തിലിരിക്കുന്ന മിലാൻറേഡിയോ പ്രസ്താവിക്കുന്നു. മുസോളിനിയുടെയും മററു ഫാസിസ്ററുകളുടെയും മൃതശരീരങ്ങൾ മിലാനിൽ പിയാസാലൊറെറോയിൽ പൊതുജനസമക്ഷം പ്രദർശിപ്പിക്കയുണ്ടായി.

—

മനുഷ്യനായ മനുഷ്യൻെറതല്ല, ലോകത്തിലുള്ള എല്ലാ മനുഷ്യരുടെയും മൗലികമായ അവകാശങ്ങൾ ഇതാണ്. രണ്ടു തലമുറക്കാലത്തേക്കെങ്കിലും നിലനിൽക്കുന്ന സമാധാനത്തിനടിസ്ഥാനമിടാൻ ആഗ്രഹമുണ്ടെങ്കിൽ ആ അവകാശങ്ങളെ അംഗീകരിക്കുക തന്നെവേണം.

—o—

# "എൻ്റെ മരണം നാളെ പ്രഭാതത്തിൽ"

## ഒരു ഡച്ച്ബാലൻ്റെ വികാരപരമായ കത്ത്

താഴെക്കാണുന്ന മർമ്മസ്പർശകമായ കത്ത് ൧൭-വയസ്സുള്ള ഒരു ഡച്ചുബാലൻ തൻ്റെ പിതാവിനു അയച്ചതാണ്. ൧൯൪൫-ഫെബ്രുവരി ൧൬-ാം തീയതി ഈ ബാലനേയും അവനോടുകൂടെ മൂന്നു സ്നേഹിതന്മാരേയും ജർമ്മനന്മാർ വെടിവെച്ചുകൊന്നു. ആ ദാരുണസംഭവത്തിനു തലേദിവസം (അതായതു ഫെബ്രുവരി ൧൫-ാംനു) പ്രസ്തുത ബാലൻ എഴുതിയ കത്താണിതു്. ശ്രേഷ്ഠപ്രാപ്തിയുള്ള ഡച്ചുഭടന്മാരുടെ കൂട്ടത്തിൽ ചേരുന്നതിനായി ഹാളൻഡിൽനിന്നു രക്ഷപ്പെടുന്നതിനു ശ്രമിച്ചവരായിരുന്നു അവരുടെ പേരിലുള്ള കുറ്റം. ജർമ്മനിയുടെ കൈവശമുള്ള ഫ്രാൻസിൽവച്ചു അവരെ പിടികൂടുകയും 'ശത്രുവിനെ സഹായിച്ചു' വെന്നുള്ള കുറ്റംചുമത്തി ഒരു ജർമ്മൻ സൈനികകോടതി അവക്കു ൧൯൪൫-ഫെബ്രുവരി ൧൪-ാംതീയതി മരണശിക്ഷ വിധിക്കുകയുംചെയ്തു. ഈ വിധിയനുസരിച്ചാണു് മേല്പറഞ്ഞദിവസം അവരെ വെടിവെച്ചുകൊന്നതു്.

ഡച്ചുബാലൻ്റെ കത്തു "ദിസ്‌വീക്ക്" (This Week) എന്ന പത്രികയിലാണു് ആദ്യം പ്രസിദ്ധപ്പെടുത്തിയിരുന്നതു്. അതിൻ്റെശേഷം "റീഡേഴ്സ് ഡൈജസ്റ്റ്" എന്ന മാസികയിലും പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പ്രസ്തുത പത്രഗ്രന്ഥങ്ങൾ ഈ കത്തു പ്രസിദ്ധപ്പെടുത്തിയതിനു നൽകിയ പ്രതിഫലം "യു എസ്". യുദ്ധകടപത്രങ്ങളായി രൂപാന്തരപ്പെടുത്തി ഡച്ചുഗവർമ്മെൻ്റിൻ്റെ കൈവശം വച്ചിരിക്കയാണു്. ഹാളൻഡിൻ്റെ വിമോചനാനന്തരം അതു പ്രസ്തുത ബാലൻ്റെ മാതാപിതാക്കന്മാർക്കു നൽകുന്നതാണു് "നെതർലൻഡ്സ് ഇൻഫർമേഷൻബ്യൂറോ" യുടെ നിർദ്ദേശമനുസരിച്ചാണു് ഈ വ്യവസ്ഥചെയ്തിരിക്കുന്നതു്.

### കത്തു്

"പ്രിയപ്പെട്ട അച്ഛാ"

വളരെ സങ്കടത്തോടെയാണു അച്ഛനു് ഈ കത്തെഴുതുന്നതു്. എന്നാൽ സൈനികകോടതി ഞങ്ങൾക്കു അതികഠിനമായ ശിക്ഷ വിധിച്ചിരിക്കുന്ന വിവരം അച്ഛനെ അറിയിക്കാതിരിക്കാൻ നിവൃത്തിയില്ല.

അച്ഛൻ തനിയെ ഈ കത്തു വായിക്കുകയും അതിൻ്റെശേഷം സാവധാനത്തിൽ അമ്മയെ അറിയിക്കുകയും ചെയ്യണം.

ഞാൻ, മുമ്പു്, ഫെബ്രുവരി ൧൪-ാംതീയതി അച്ഛനു് ഒരു കത്തു് അയച്ചപ്പോൾതന്നെ ഞങ്ങൾക്കു മരണശിക്ഷ വിധിക്കപ്പെട്ടതായി ഞങ്ങൾ അറിഞ്ഞിരുന്നു എന്നാൽ അച്ഛനും എന്നെപ്പോലെ ഒരു ആയാസപ്പെട്ടതലൂടെ കഴിയുകയെന്നുള്ളതു് എനിക്കു ഹിതകരമല്ലാതിരുന്നതിനാൽ, അച്ഛനു ഒരു കത്തയയ്ക്കുന്നതിനുള്ള ധൈര്യം എനിക്കുണ്ടായില്ല ഞങ്ങൾക്കുവേണ്ടി ഒരു ക്ഷമാഭ്യർത്ഥന പാരിസ്സിലേക്കു അയയ്ക്കപ്പെട്ടിരുന്നു. ഞങ്ങളുടെമേലുള്ള കേസ് കുററപരമായ ഒന്നല്ലാതിരുന്നതുകൊണ്ടു അതു് അനുഭാവത്തോടെ അനുവദിക്കുന്നതിനു് ധാരാളം ഇടയുണ്ടെന്നാണു് ഞങ്ങൾ വിചാരിച്ചിരുന്നതു്. എന്നാൽ അതു് നിരസിക്കപ്പെടുകയാണുണ്ടായതു്.

ആശ്വാസപരമായ ഒരു ഫലമെന്നാണു്, ഭീതിപരമായ ഒരു ഫലമെന്നല്ല, ഞാൻ പറയുന്നതു്. എന്തെന്നാൽ, ഭാഗ്യവശാൽ അതു ഭീതിപരമായ ഒരു ഫലമായിരുന്നില്ല എനിക്കു ധാരാളം പ്രാർത്ഥിക്കുന്നതിനു സാധിച്ചിരുന്നു. അതുകൊണ്ടു ക്രിസ്തുവിൽ ജീവിതം അർപ്പിച്ചുകൊണ്ടുള്ള ഒരു മരണത്തെ പ്രതീക്ഷിക്കാമെന്നുള്ള പൂർണ്ണവിശ്വാസം എനിക്കുണ്ടു്.

അല്പസമയത്തിനുള്ളിൽ, അതായതു നാളെ പ്രഭാതത്തിൽ അതു സംഭവിക്കാൻപോകുന്നു. അതു അത്ര ഭീകരമായി എനിക്കു തോന്നുന്നില്ല. ഒരു നിമിഷംമാത്രമാണല്ലോ അതിലേക്കു വേണ്ടതു്. അതുകഴിഞ്ഞയുടനെ ഞാൻ ഈശ്വരനെ പ്രാപിക്കുന്നതുമാണല്ലോ. പിന്നീടു് ഈ ഭൂമിയിലെ ഭാരമേറിയ കഷ്ടതകളും ദുഃഖവുമുണ്ടായിരിക്കുന്നതുമല്ലല്ലോ. ഈ സ്ഥിതിയ്ക്കു്, അതു അത്ര വളരെ ഭയങ്കരമായ ഒരു അവസ്ഥാന്തരമാണോ? പ്രത്യുത, ഈശ്വരസന്നിധിയിൽ നാം അർപ്പിതമാകുന്നതു മനോജ്ഞമായ ഒരു അവസ്ഥയാണല്ലോ. ഈശ്വരസഹായത്തിനായി നാം പ്രാർത്ഥിക്കുകമാത്രംചെയ്യുന്നതായാൽ ആ ജഗന്നിയന്താവു നമ്മെ ഉപേക്ഷിക്കുന്നതല്ലെന്നു അദ്ദേഹം നമ്മെ അറിയിച്ചിട്ടുണ്ടല്ലോ. മരിക്കുന്നതിനു തകർച്ചയും ഒരുക്കമായിരിക്കത്തക്കവിധത്തിൽ, അത്രത്തോളം ശക്തിമത്തായ ഈശ്വരസാമീപ്യബോധമാണു എനിക്കുള്ളതു്. ഇതു അച്ഛനു ആശ്വാസപ്രദമായിരിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

ഒരുകാര്യംആലോചിക്കുമ്പോൾ അതു ഭയാനകമാണെന്നു എനിക്കു നല്ലപോലെ അറിയാം. ഞങ്ങളെല്ലാം അത്ര യുവപ്രായത്തിലുള്ളവരാണല്ലോ. എന്നാൽ ഞങ്ങളുടെ നില ന്യായമായിട്ടുള്ള ഒന്നായിരുന്നുവെന്നു ജഗദീശ്വരനു അറിയാം. ഞാൻ എൻ്റെ പാപമെല്ലാം ജഗദീശ്വരനോടു ഏററുപറഞ്ഞു ശാന്തമനസ്സനായിത്തീർന്നിരിക്കുന്നതിനാൽ എൻ്റെ സ്ഥിതിയേക്കാൾ കഷ്ടതരമായിട്ടുള്ളതാണു അച്ഛൻ്റെ സ്ഥിതിയെന്നു എനിക്കു തോന്നുന്നുണ്ടു്. അതുകൊണ്ടു അച്ഛൻ വ്യസനിക്കരുതെന്നും ഈശ്വരനിൽ വിശ്വാസം അർപ്പിച്ചു അവിടത്തെ പ്രാർത്ഥിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

അമ്മേ, എൻ്റെ പ്രിയപ്പെട്ട അമ്മേ; ഞാൻ അമ്മയെ ആശ്ലേഷിക്കട്ടെ. ഞാൻ എന്തെങ്കിലും തെററ ചെയ്തിട്ടുണ്ടെങ്കിൽ എനിക്കു മാപ്പു തരണമേ. എൻ്റെ പ്രിയപ്പെട്ട അമ്മേ, അമ്മ കരയരുതു്. ധൈര്യമായിരിക്കണം. മിസ്സിസ്സ് എൽ-ൻ്റെ സ്ഥിതിപോലെയല്ലല്ലോ അമ്മയുടെ സ്ഥിതി. അമ്മയ്ക്കു ഇനിയും കുട്ടികളുണ്ടല്ലോ. നിങ്ങളെയെല്ലാം വീണ്ടും കാണാൻ സാധിക്കുമെന്നു എനിക്കു അറിയാം. ഇതാ അമ്മയുടെ പുത്രനായ കീസിൻ്റെ (Kees) അന്ത്യമായ ഒരു സ്നിഗ്ദ്ധചുംബനം.

അച്ഛാ, അച്ഛനും എനിക്കു മാപ്പുതരണമേ. അമ്മയെപ്പോലെ അച്ഛനും ഈശ്വരവിശ്വാസമുണ്ടെന്നു എനിക്കു നല്ലപോലെ അറിയാം. ഈ വിശ്വാസം സുദൃഢമായിരിക്കണമെന്നപേക്ഷിക്കുന്നു. അച്ഛൻ വ്യസനിക്കരുതു്. പ്രത്യുത, ജഗദീശ്വരനോടു് കൃതജ്ഞത പ്രദർശിപ്പിക്കണം; എന്നാൽ മാത്രമേ ഈശ്വരകാരുണ്യം സുനിശ്ചിതമായി നമുക്കുണ്ടായിരിക്കുകയുള്ളൂ. "നീ പോയ്ക്കോളൂ സ്ഥിതിക്കു്, സമാധാനം മേലാൽ ഞങ്ങൾക്കു സന്തോഷപ്രദമല്ല" എന്നു പറയരുതേ. എന്തെന്നാൽ, ഇക്കാലത്തു മററു പലരുമെന്നപോലെ ഞാനും എൻ്റെ രാജ്യത്തിനുവേണ്ടി എൻ്റെ ജീവൻ ബലികഴിക്കുക മാത്രമാണു ചെയ്യുന്നതു്. ജഗദീശ്വരൻ വിധിച്ചതുപോലെ എല്ലാം നടക്കണമല്ലോ.

ജാൻ, ബെപ്പ്, എൽ, ഫിൻ,— നിങ്ങൾക്കെല്ലാവർക്കും അഭിവാദനം. ധൈര്യചിത്തരായി, ഈശ്വരനോടു മനശ്ശൈഥില്യത്തിനായി പ്രാർത്ഥിക്കുക; അദ്ദേഹത്തിൽ വിശ്വസിക്കുക; കാര്യങ്ങളെല്ലാം ശരിയായി വരുന്നതിനു അദ്ദേഹം വേണ്ടതു ചെയ്തുകൊള്ളും. അച്ഛനോടും അമ്മയോടും നല്ല കുട്ടികളായി വർത്തിക്കുക. നിങ്ങളുടെ സഹോദരനായ കീസ്സിൽ (Kees) നിന്നു് ഇതാ അനേകം ചുംബനങ്ങൾ. എൻ്റെ ചെറിയ സഹോദരന്മാരെയും സഹോദരികളെയും അഭിവാദനം ചെയ്യുക. ഒരു പക്ഷേ, അവർക്കു് അതെന്താണെന്നു മനസ്സിലാകയില്ലായിരിക്കാം; എങ്കിലും, അവരെയും വിശ്വസിക്കുന്നതിനു് ഉൽബോധിപ്പിക്കുക.

ഞങ്ങൾ നാലുപേർക്കുംവേണ്ടി എല്ലാവർക്കും അഭിവാദനം നൽകുക. അവർ എനിക്കുവേണ്ടി ചെയ്തിട്ടുള്ള എല്ലാ നന്മകൾക്കുംവേണ്ടി ഞാൻ അവരോടു് ആത്മാർത്ഥമായി നന്ദിപറഞ്ഞുകൊള്ളുന്നു. ഞങ്ങൾ ധീരരായിരിക്കുകയാണു്. നിങ്ങളും അതുപോലെയിരിക്കണം. അവർക്കു് ഞങ്ങളുടെ ദേഹങ്ങൾ മാത്രമാണല്ലോ കൊണ്ടുപോകാൻ സാധിക്കുന്നതു്. ഞങ്ങളുടെ ആത്മാക്കൾ ദൈവഹസ്തങ്ങളിലാണല്ലോ. അതു മതിയായ ആശ്വാസകാരണമാണു്.

ഞാൻ ഇതാ പോകുന്നു—അതായതു്, നാം ഇനി വീണ്ടും കാണുന്നതുവരെ ആ പുനഃസമാഗമമാകട്ടെ ഏററവും സുഭഗതരമായിരിക്കുമല്ലോ. നിങ്ങളെയെല്ലാവരേയും ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ!

യാതൊരുത്തരോടും വിദ്വേഷം തോന്നരുതു്. ഞാൻ യാതൊരു വിദ്വേഷവും കൂടാതെയാണു മരിക്കുന്നതു്. ജഗദീശ്വരൻ സർവ്വവും ഭരിക്കുന്നു.

എന്നു്, കീസ്സ്.


"SHAKUNTHALA"

കൊല്ലം ം. M. P പാലസ്സിൽ ശ്രീമതി ജയശ്രീ, ശ്രീ. ചന്ദ്രമോഹൻ മുതലായവർ അഭിനയിച്ച ശാന്താറാമിൻ്റെ

"ശകുന്തള"

എന്ന ചിത്രം പ്രദർശിപ്പിക്കുന്നു.

മിന്നുന്നതെല്ലാം പൊന്നല്ല.

ക്ഷയം, കാസം, ഏങ്ങൽ, വാതരോഗങ്ങൾ എന്നിവയെ സവിശേഷം ശമിപ്പിച്ചു്, ശരീരശക്തിയും പുഷ്ടിയും കൈവരുത്തുവാൻ അനുപമമായ സിദ്ധൌഷധമെന്ന ഞങ്ങളുടെ

കരിംകുരങ്ങുരസായനം

സുപ്രസിദ്ധി നേടിക്കഴിഞ്ഞിരിക്കുന്നു

അതിൻ്റെ അതുല്യഫലസിദ്ധിയും പ്രചാരപ്രവാഹവുംനിമിത്തം "കരിംകുരങ്ങു" ചേർന്ന പേരുകളിൽ അനവധി അനുകരണങ്ങൾ അടുത്തു് ഉണ്ടായിട്ടുണ്ടു്.


അനുകരണങ്ങളിൽ വഞ്ചിതരാകാതെ സൂക്ഷിക്കുവിൻ!

മിന്നുന്നതെല്ലാം പൊന്നല്ല. കാചവും കാഞ്ചനവും തിരിച്ചറിയുവിൻ!

യൌവ്വനത്തെ നിലനിർത്തുവാനും പ്രസവരക്ഷയ്ക്കും ഇതിൽപരം ഔഷധമില്ല.

വില റാത്തൽ ഒന്നിനു് 5 ക. മാത്രം.

പാക്കിംഗ് ആൻറ് പോസ്റ്റേജ് വേറെ.



ടി. ഗംഗാധരൻവൈദ്യൻ, വൈദ്യകലാനിധി.

ആവശ്യപ്പെടുവിൻ:—

സ്വതന്ത്രഫാർമസി,

ചാലക്കുടി, കൊച്ചിൻ സ്റ്റേററ്

ബ്രാഞ്ചുകൾ:—1. ആലപ്പുഴ (പോലീസ്‌സ്റ്റേഷനു സമീപം) 2 കൊടകര 3 എറണാകുളം

# *കള്ളഷാപ്പിൽ

(തകഴി, ശിവശങ്കരപ്പിള്ള)

ആ റോഡിൽക്കൂടി ഞാൻ പല പ്രാവശ്യം പോയിട്ടുണ്ട്. ഒരു കള്ളുഷാപ്പുണ്ടെന്നതുകൊണ്ട് അതിലെ പോകുന്നതിന് എനിക്കു യാതൊരു സങ്കോചവുമുണ്ടായിരുന്നില്ല. എന്നാൽ അന്ന് ആ റോഡിലേക്കു തിരിഞ്ഞതുമുതൽ ആരെങ്കിലും കാണുന്നുണ്ടോ എന്നു ഞാൻ നോക്കിത്തുടങ്ങി. നേര്യതു നിവർത്തു തലവഴിയിട്ടു മൂടി. എന്റെ ശരീരമാകെ തരുതരുത്തു. ഞാൻ ജീവിതത്തിൽ ആദ്യമായി ഒരു ഷാപ്പിൽ കയറുകയാണ്, കുടിക്കാൻ പോവുകയാണ്.!

ഞാൻ ശരിയായ ശിക്ഷണത്തിൽ വളർന്നുവന്ന ഒരുവനാണ്. അങ്ങിനെ ഞാൻ ഒരു നല്ലവനായിരുന്നു. നല്ലവനായിത്തന്നെ ഇരിക്കുവാൻ ഞാൻ യത്നിക്കുകയും ചെയ്തു. എന്റെ ജീവിതം നാനാതരത്തിലുള്ള നിയന്ത്രണങ്ങളുടെ അവിച്ഛിന്നമായ ഒരു പരമ്പരയായിരുന്നു എന്നുതന്നെ പറയാം. കാട്ടുകയറുന്ന ചിന്തകളേയും വിപ്ലവകരമായി ഉയരുന്ന അഭിലാഷങ്ങളേയും അടക്കി ഒതുക്കി നിർത്തുവാനേ എനിക്കു നേരമുണ്ടായിരുന്നുള്ളു. ഉണർന്നപ്പോൾമുതൽ ഉറങ്ങുംവരെ ശക്തിമത്തായ മാനസികപ്രവർത്തനങ്ങളെ അടക്കുക! ഉറക്കത്തിൽ സ്വപ്നം കണ്ടുപോയാൽ എനിക്കു ക്ലേശമാണ്. അതു ഞാൻ അസന്മാർഗ്ഗിയാണെന്നുള്ളതിനു ദൃഷ്ടാന്തമല്ലേ? ഒരു നിമിഷം, അലസമായിരുന്നുപോയാൽ, കടിഞ്ഞാൺ ഒന്നയഞ്ഞാൽ ശ്രദ്ധ ഒന്നു കുറഞ്ഞാൽ, ഞാൻ നശിച്ചു! അങ്ങിനെ ഒരു ദുർബ്ബലനിമിഷത്തിലാണ് ഞാൻ എന്റെ സ്നേഹിതന്റെകൂടെ ഇറങ്ങിത്തിരിച്ചതു്.

രാത്രി പത്തുമണി കഴിഞ്ഞിരുന്നു. റോഡിൽ ജനസഞ്ചാരം അധികമല്ല. ഞങ്ങളുടെ പിന്നിൽ അല്പം അകലെയായി രണ്ടു മൂന്നുപേർ ഒന്നിച്ചു വരുന്നുണ്ടായിരുന്നു. അവർ കടന്നുപോകുന്നതിനുവേണ്ടി തെല്ലിട നിന്നാലെന്തെന്നു ഞാൻ സ്നേഹിതനോടു ചോദിച്ചു. അദ്ദേഹം നടന്നുചെല്ലാൻ ആജ്ഞാപിച്ചു.

അതു റോഡരുകിൽ വടക്കോട്ടു ദർശനമായി പത്തു മുറികളുള്ള ഒരു നെടുമ്പുരയാണ്. മുറികൾ ഓരോന്നായി കടന്നു്, സ്നേഹിതൻ എന്നെയുംകൊണ്ടു നടന്നു. ഏതാണ്ട് അഞ്ചാമത്തെ മുറിയുടെയവിടെ 'Your own White Hall! Delicious Toddy Preferable Curries' എന്നെഴുതിവച്ചിട്ടുള്ള ഒരു വലിയ ബോർഡുണ്ട്.

'കയറരുതേ' എന്നു ഞാൻ സ്നേഹിതനോടു ചോദിച്ചു. നാവു വരണ്ട് എന്റെ ശബ്ദം പതറുന്നുണ്ടായിരുന്നു. ആ സ്തംഭം എനിക്കു മറക്കാൻ സാദ്ധ്യമല്ല. ഞാൻ അതിരുലംഘിക്കുകയാണ്; ചെയ്തുകൂടാത്തതു ചെയ്യുകയാണ്. എന്നെ നിയന്ത്രിച്ചുകൊണ്ടിരുന്ന ആ ശക്തി തകരുന്നു. ഞാൻ സമ്പാദിച്ചിരുന്നതു്, എനിക്കു സ്വന്തമായുള്ളതു് അതു മാത്രമായിരുന്നു. 'കയറരുതേ' എന്ന ആ ശബ്ദം പതുക്കെയാണ് ഉച്ചരിച്ചതെങ്കിലും എന്റെ ചെവികളിൽ മുഴങ്ങി. അതു ഞാൻതന്നെയോ പറഞ്ഞതു് എന്നു ഞാൻ സംശയിച്ചു. ഷാപ്പിൽ കയറരുതേ എന്നു ഞാൻ ചോദിക്കുന്നു!

എന്റെ സ്നേഹിതൻ എന്നെ പിടിച്ചുവലിച്ചുകൊണ്ടു നടന്നു. ഓരോ മുറിയുടേയും വാതിലുകളിൽക്കൂടി ഞാൻ അകത്തു നോക്കി. ആരെയും അകത്തു കാണാനില്ല. ഒരു മുറിയിൽമാത്രം ഒരു സ്ത്രീ ചിരിച്ചുമറയുന്നതു കണ്ടു. അതിനുള്ളിൽ ആരുമില്ലേ? വലിയ വ്യവസായമാണു ആ സമയത്തു നടക്കുന്നതെന്നു പറയാറുണ്ടല്ലോ. കുടിച്ചുമറിഞ്ഞു വളരെ ആളുകൾ നടക്കുന്നതു ഞാൻ കണ്ടിട്ടുമുണ്ട്.

പിന്നാലെ വന്നവർ നേരെ ഒരു മുറിക്കുള്ളിലേക്കു കയറി. കോട്ടിട്ട ഒരാൾ ഉള്ളിൽനിന്നും വരുന്നുണ്ട്. അയാൾ അടുത്തുവരുംമുമ്പ് അകത്തു കയറിയാൽ—ഞങ്ങൾ ഒമ്പതാമത്തെ മുറിയും കടന്നു.

"എന്താ കയറണ്ട, അല്ലേ?"

ഞാൻ ചോദിച്ചു എന്റെ സ്നേഹിതൻ പറഞ്ഞു.

"നേർവാതിൽവഴി അകത്തു കയറിയാൽ കാണേണ്ടതു കാണാൻ ഒക്കുകയില്ല"

"പിന്നെ?"

സ്നേഹിതൻ മിണ്ടിയില്ല.

ആ കെട്ടിടത്തിനും പടിഞ്ഞാറുവശം ഒരു വൻമതിലിനുമിടയ്ക്കു കഷ്ടിച്ചു ഒരാൾക്കു കടന്നുപോകാവുന്ന ഒരിടനാഴിയുണ്ട്. അതിൽക്കൂടി എന്റെ സ്നേഹിതൻ എന്നെ വലിച്ചുകൊണ്ടുപോയി. ചളിയിലാണെന്നു തോന്നുന്നു എന്റെ പാദങ്ങൾ പുതഞ്ഞു. എന്റെ ശരീരമാകെ കുളിരുകി. അടങ്ങിയ സ്വരത്തിൽ സ്നേഹിതൻ പറഞ്ഞു.

"ഇവിടെക്കൂടി ചെല്ലുന്നവരെക്കുറിച്ചാണു അവർക്കു ബഹുമാനം. നേർവാതിലിൽക്കൂടി ചെല്ലുന്നവർ ആട്ടും പീററും കൊള്ളും. അവർക്കു നല്ല സാധനം കിട്ടുകയില്ല."

ഞങ്ങൾ തെക്കുവശത്തെത്തി. അവിടെ നല്ല ഇരുട്ടായിരുന്നു. മുറികൾക്കെല്ലാം ആ വശത്തേക്കു വാതിലുകളുണ്ട്. അവ എല്ലാംതന്നെ തുറക്കുകയും അടയ്ക്കുകയും ചെയ്യാവുന്ന ചൊറ വച്ചു മറച്ചിരിക്കുകയാണ്.

ഒരു കുടത്തിൽ തട്ടി ഞാൻ മുന്നോട്ടു കുതിച്ചു. അപ്പോൾ ഒരു പിഞ്ഞാണിക്കഷണത്തിൽ ഞാൻ ചവിട്ടി. എന്റെ മുൻവശം ഒരു തെങ്ങിൻചുവട്ടിൽ ഒരു മനുഷ്യരൂപം കുനിഞ്ഞുകൂടി കുത്തിയിരിക്കുന്നു. ആരതു എന്ന ചോദ്യം എന്റെ കണ്ഠനാളംവരെ എത്തി. പക്ഷേ അതു പുറത്തുവന്നില്ല. ഒരു പട്ടി എവിടെയോകിടന്നു മുരമുരുക്കുന്നു. ഞാൻ നാലുപാടും നോക്കി. ആ വാതിലുകളുടെ മറവിലെല്ലാം രണ്ടും മൂന്നും പേർ കാത്തിരിക്കുന്നുണ്ട്. എന്റെ സ്നേഹിതൻ പിടിച്ചിട്ടില്ലായിരുന്നെങ്കിൽ ഞാൻ തിരിച്ചോട്ടമായിരുന്നു. എനിക്കു തിരിച്ചുപോയാൽ മതി! ഒരു മീൻമുള്ള് എന്റെ കാലിൽ തറഞ്ഞുകയറി.

നല്ലവനായ ഞാൻ ഷാപ്പിന്റെ പിൻവശത്തു നില്ക്കുന്നു! അവിടെ ഇരിക്കുന്നവരാരെങ്കിലും കണ്ടെന്നെങ്കിൽ—എന്റെ എല്ലാം തീർന്നു. മുപ്പത്തിരണ്ടു വയസ്സുവരെ ഞാൻ സമ്പാദിച്ചതെല്ലാം നശിക്കുന്നു. എന്റെ വിശ്വാസങ്ങളും ആദർശങ്ങളും ക്ഷതങ്ങളായി എന്നെ നോക്കി പല്ലിളിക്കുന്നു.........പക്ഷേ എനിക്കു തിരിച്ചുപോകാൻ വയ്യ. എന്തുകൊണ്ടോ എന്തോ!

അകത്തു് ഉന്മത്തമായ ചിരിയും കളിയും കേൾക്കാം. ഇടയ്ക്കിടയ്ക്കു പാട്ടുവാക്കുകളുമുണ്ട്. പിൻവശത്തിരിക്കുന്നവർക്കു എപ്പോളാണ് അകത്തേക്കു പ്രവേശനം ലഭിക്കുന്നതു്? വല്ലവിധവും അകത്തു കയറിയിട്ടു പോയാൽ മതിയായിരുന്നു.

ഞങ്ങൾ ഒരു വാതില്ക്കൽ ചെന്നുനിന്നു. ചൊറയുടെ മുകളിൽക്കൂടി ഞാൻ ഉള്ളിലേയ്ക്കു എത്തിനോക്കി. മൂന്നു നാലു ബെഞ്ചുകളിൽ ആളുകൾ നിരന്നിരിക്കുന്നു. ചിലർ കുടിക്കുന്നു. മററുചിലർ വർത്തമാനം പറയുന്നു. നാല്പത്തഞ്ചുവയസ്സു പ്രായംവരുന്ന ഒരു സ്ത്രീ കള്ളും കറിയും എല്ലാം എടുത്തുകൊടുക്കുന്നു.

കള്ളുകുടിക്കുന്നതെങ്ങിനെ എന്നു ഞാൻ കണ്ടു. അതു വെള്ളം കുടിക്കുന്നതുപോലെ തന്നെയാണ്. ചിലർ കോപ്പ എടുത്തു മുഖത്തോടടുപ്പിക്കുമ്പോൾ തല കുടയുന്നുണ്ട്.

"നമുക്കകത്തു കയറാം. വല്ലവരും കാണും" ഞാൻ സ്നേഹിതനോടു പറഞ്ഞു. അദ്ദേഹം പ്രതിവചിച്ചു.

"ഷാപ്പിന്റെ പിന്നിൽ എത്ര ആളുകൂടിയാലും പരസ്പരം അറികയില്ല."

കിലുങ്ങുന്ന മണിനാദംപോലെ ഒരു ചിരി അകത്തെവിടെയോ കേട്ടു.

"എന്താണെടീ ഇതു്?"

മദ്ധ്യവയസ്കയായ ആ സ്ത്രീ ഒരു വശത്തേക്കു നോക്കി ശാസിച്ചു. അല്പം കഴിഞ്ഞപ്പോൾ ഒരു വാതിൽ തുറന്നു് ഒരു യുവതി കൈയ്യിൽ ഒരു ഒഴിഞ്ഞ കുപ്പിയുമായി പ്രത്യക്ഷപ്പെട്ടു. ആ മുറിക്കുള്ളിലും ചെറിയ മുറികളുണ്ട്. അതിൽനിന്നും വാതിൽവഴി കൈത്തിരിയുടെ പ്രകാശം പുറത്തു പ്രസരിച്ചു.

ആ യുവതിക്കു ഇരുപതുവയസ്സു പ്രായം കാണും. നല്ല ആരോഗ്യം. ശരീരം തടിച്ചു കൊഴുത്തിരുന്നു. മദ്ധ്യവയസ്ക അവളെ ആപാദചൂഡം സൂക്ഷിച്ചുനോക്കി. അവർ പറഞ്ഞു.

"കുറച്ചുകൂടിപ്പോണു! ഇവിടത്തെ ജോലിയും കൂടെ നോക്കണം."

'ഇവിടെന്താ ഇപ്പം നടക്കാനെള്ളതു്?' യുവതി ചോദിച്ചു. വൃദ്ധ കോപിച്ചു.

"ഇത്രനേരം അകത്തു നീ എന്തുചെയ്യുകായിരുന്നു?"

'കള്ളുകൊടുത്തു.'

കുടിച്ചുകൊണ്ടിരുന്നവരോടായി മദ്ധ്യവയസ്ക പറഞ്ഞു.

'ആരെങ്കിലും കുടിക്കാൻ വന്നാല് അവള് അവരടടുത്തുനിന്നു മാറത്തേയില്ല.'

കുടിച്ചുകൊണ്ടിരുന്നവരിൽ ഒരാൾ പറഞ്ഞു.

'എന്നിട്ട് അവൾ ഞങ്ങളുടെ അടുത്തു വരുന്നില്ലല്ലോ.'

അപ്പോൾ മറ്റൊരുവിരുതൻ തട്ടിവിട്ടു.

'നമുക്കു കള്ളുകൊണ്ടത്തരാനാ മൂത്തമ്മ'

'പക്ഷേ അവരു ചെറുപ്പത്തില്'—'

യുവതി ഇത്രയുംപറഞ്ഞപ്പോൾ മദ്ധ്യവയസ്ക കൈയ്യും ഉയർത്തിക്കൊണ്ടു കുതിച്ചു. അവൾപൊട്ടിച്ചിരിച്ചുകൊണ്ടു പിൻവാങ്ങി

ഇതിനകം ചെറുപ്പക്കാരി ഒരു കുപ്പി കള്ള് എടുത്തിരുന്നു. അതുംകൊണ്ട് അവൾ മറ്റൊരു മുറിയിലേക്കു പോയി.

അല്പം കഴിഞ്ഞപ്പോൾ മദ്ധ്യവയസ്ക അവളെ വിളിച്ചു.

"എടീ മാതവീ"

മാധവി വിളികേട്ടു. തെല്ലിടകഴിഞ്ഞു അവൾ കയറിപ്പോയ മുറിക്കകത്തു് അമർത്തപ്പെട്ട ലജ്ജാസമന്വിതമായ ഒരു ചിരി കേട്ടതായി തോന്നി. 'നീ കുടിക്ക്', എന്നു ആരോ ആരോടോ പറയുന്നു.

ഓലക്കതകു വലിച്ചടച്ചുകൊണ്ട് അവൾ പുറത്തിറങ്ങി. ആ പുഞ്ചിരി അവളുടെ ചുണ്ടുകളിൽനിന്നും മാഞ്ഞിരുന്നില്ല. മാധവി ആ സ്ത്രീയോടായി കയർത്തു.

"എന്നെ ഒരടത്തു നിത്തത്തല്ലേ!"

മദ്ധ്യവയസ്കയ്ക്കു ദേഷ്യംവന്നു. അവൾ പല്ലുകടിച്ചുകൊണ്ടു പറഞ്ഞു.

"എടീ മാനംകെട്ടവളേ! നിനക്കുമാത്രം വേണ്ടീട്ടാണോ ഇവിടെ നീ നില്ക്കുന്നതു്?"

"എനിക്കു നിങ്ങടെയെല്ലാ ജോലീമെടുക്കാൻ മേല. നാളെ വേറെ വല്ലോരേം അന്വേഷിച്ചോണം."

"ഇവിടെ നിൽക്കാൻ നിന്നെ അനുവദിച്ചിട്ടല്യോ നിനക്കു ഇത്രേം ചക്രമൊക്കെ ഒണ്ടായതു്?"

"ഞാൻ വരുമ്പം ഇവിടത്തെ പിറിവ് എന്താണെന്ന് എനിക്കറിയാം. കള്ളുകമത്തിക്കളയുവല്ലാരുന്നോ? ഇപ്പം തെകയുന്നൊണ്ടോ?"

"തെണ്ടിവന്നപ്പം പിടിച്ചുനിർത്തി. നല്ല ആണുങ്ങളെ ഞാനൊന്നും പറയുന്നില്ല. ഇപ്പം ചക്രമുണ്ടായപ്പം നിന്റെ തണ്ടടി.

അങ്ങിനെ അവർ വളരെ നേരം വഴക്കടിച്ചു. പല ആഭാസത്തരങ്ങളും പറഞ്ഞു. വഴക്ക് അല്പം അടങ്ങിയപ്പോൾ എന്റെ സ്നേഹിതൻ ഒന്നു ചുമച്ചു. അതു കേട്ട് അവൾ വാതില്ക്കലേയ്ക്കു വന്നു.

ഞങ്ങളുടെ ശിരസ്സ് ഇരുളിലേക്കു വലിഞ്ഞു. അവൾ ചൊറ എടുത്തു മാററിയിട്ട് പുറത്തിറങ്ങി. ഞങ്ങളുടെ അടുത്തുവന്നിട്ട് അവൾ എന്റെ സ്നേഹിതന്റെ മുഖത്തു നോക്കി.

"ആരാ അതു്, നോക്കട്ടെ"

"ഒരു മുറീം ഒഴിവില്ലേ?" എന്റെ സ്നേഹിതൻ ചോദിച്ചു. അവൾ പറഞ്ഞു.

"പറയാം ആരാന്നറിയട്ടെ."

അവൾ സ്നേഹിതന്റെ തല വെട്ടത്തേക്കു പിടിച്ചുമാററി മുഖത്തു ഉററുനോക്കി. ഒരു മന്ദഹാസത്തോടെ അവൾ പറഞ്ഞു.

"അല്ല! എവിടായിരുന്നു?"

"അതൊക്കെ ആയിരുന്നു അകത്തു്—'

അവൾ കാര്യമായി പറഞ്ഞു.

"ഓരോന്നു വന്നുകേറിയാൽ പോരത്തില്ലേന്നേ! ഞാൻ ഒന്നു നോക്കീട്ടുവരാം"

അവളുടെ ആംഗ്യംഒക്കെ കാണേണ്ടതായിരുന്നു!

അവൾ പോയി. എന്റെ സ്നേഹിതനും അവളുമായി ദീർഘകാലത്തെ പരിചയമുള്ളതുപോലെ തോന്നി. അവൾ ചേർന്നുനിന്നു സംസാരിച്ചു. അത്രയടുപ്പത്തിനു കാരണമില്ലെന്നു് അദ്ദേഹം പറഞ്ഞു. രണ്ടോ മൂന്നോ പ്രാവശ്യമേ അദ്ദേഹം അവിടെ പോയിട്ടുള്ളുത്രേ!

ഒരുകണ്ണു അവൾ ആരുമായോ വഴക്കുകൂടുന്നു ഒരുവന്റെ നാക്കു തിരിയുന്നില്ല. 'ഇറങ്ങിപ്പോടോ' എന്നവൾ ആട്ടുന്നു. അല്പം കഴിഞ്ഞവൾ തിരിച്ചുവന്നു. ഒരു തെരളികളുത്ത മധുരനാരങ്ങയുടെ ചുളകൾ അവൾ വായിലേക്ക് അലക്ഷ്യമായി എറിയുന്നുണ്ടായിരുന്നു. കുണുങ്ങിക്കുണുങ്ങിയുള്ള അവളുടെ നടപ്പിന് ഒരു വിശേഷതയുണ്ട്. അടുത്തുവന്നു് ഒരു ചുളഎടുത്തു് സ്നേഹിതന്റെ വായിൽ വച്ചുകൊടുത്തിട്ടു് അവൾ ചോദിച്ചു.

"പോലീസുകാരന്റെ ഡ്യൂട്ടി എവിടാ?"

സ്നേഹിതന് ഉത്തരംപറയാൻ കഴിഞ്ഞില്ല. ആ തക്കത്തിനു ഞാൻകയറിപ്പറഞ്ഞു.

"സ്റ്റേഷനില്"

"അല്യോ, ഇവിടെ കെടന്നു കളിച്ചാലും മാധവി വകവയ്ക്കത്തില്ല"

"അതാരാണ്?"

"ഒരു ഹേസ്റ്റ്"

അവൾ മറ്റൊരു നാരങ്ങാച്ചുള എടുത്തു വായിലിട്ടപ്പോൾ ഞാൻ ചോദിച്ചു.

'എനിക്കില്യോ?'

ഞാൻ വായ് പൊളിച്ചു. പക്ഷേ ഒരു ചുള എടുത്തു് അവൾ എന്റെ കൈയ്യിൽ തന്നു. എന്റെ സ്നേഹിതൻ അക്ഷമനായി ചോദിച്ചു.

"എത്രനേരം നില്ക്കണം"

അവൾ അദ്ദേഹത്തിന്റെ കഴുത്തിൽ കരംചുററി മുഖം അവളുടെ മുഖത്തോടടുപ്പിച്ചിട്ടു ചോദിച്ചു. 'ഇത്ര ക്ഷമകേടെന്താ' അതു് ഒരു ചുംബനമായില്ല. തീർച്ചതന്നെ.

വീണ്ടും അകത്തേക്കു പോയപ്പോൾ അവൾ സ്നേഹിതന്റെ നേര്യതു കൈക്കലാക്കി. നടന്നുപോകുംവഴി അതു് അവൾ അരയിൽ ചുററി.

എന്റെ സ്നേഹിതൻ എന്നോടുചോദിച്ചു.

"നേര്യതു് എടുത്തുകൊണ്ടുപോയതെന്തിനെന്നറിയാമോ? നാം മറ്റൊരു മുറിയിലേക്കു പോകാതിരിക്കാനാണ്."

അവൾ തിരിച്ചുവന്നു ഞങ്ങളെയുംവിളിച്ചു ഒരു പെട്ടിയോളം വലിപ്പമുള്ള ഒരു മുറിയിലേയ്ക്കു കൊണ്ടുപോയി. അതിനുള്ളിൽ ഒരു ചെറിയ ബഞ്ചുണ്ട്. മൂന്നുപേർക്കിരിക്കാം. നാലുവശവും ഓലവച്ചു മറച്ചിരുന്നു. എഴുന്നേററു നിന്നുനോക്കിയാൽ നാലുപാടും കാണാം. നിലം നനഞ്ഞ മണലാണ്. എന്തൊരു ദുർഗ്ഗന്ധമാണവിടെ!

അവൾ പോയിട്ടു ഒരു ഇരുമ്പുകൈവിളക്കുമായി കയറിവന്നു. എന്റെ സ്നേഹിതൻ അതു് ഊതിക്കെടുത്തി. അതൊരു നേരമ്പോക്കുപോലെ അവൾ ചിരിച്ചു. കൊഞ്ചലോടെ അവൾ ചോദിച്ചു.

'എന്താ നാണമാണോ?'

അടുത്തനിമിഷം ഒരു സ്തംഭത്തെപ്പോലെ എന്റെ സ്നേഹിതൻ മുകളിലേക്കു ഉയരുന്നതു കാണായി. ചൊറയ്ക്കു മുകളിൽ പ്രകാശത്തിൽ അദ്ദേഹത്തിന്റെ മുഖം പ്രത്യക്ഷമായി. അദ്ദേഹം കിടന്നു പിടച്ചു. ഒരു പൊട്ടിച്ചിരിയോടെ അവൾ അദ്ദേഹത്തെ നിലത്തു നിർത്തി.

എന്റെ ഉള്ളിൽ ഒരു ആശ കിടന്നു ഇളകിക്കൊണ്ടിരുന്നു. ഞാൻ അവളോടുചേർന്നു നിന്നു. അവളുടെ കൈയ്യിൽ പതുക്കെ ഒന്നു തൊട്ടു. പക്ഷേ അവൾ എന്നെ അതുപോലെ എടുത്തുയർത്തിയില്ല. ചിരി അടങ്ങിയപ്പോൾ അവൾ ചോദിച്ചു.

'എന്തെല്ലാം വേണം?'

'എന്തെല്ലാമുണ്ട്?'

'പുഴുങ്ങിയ കാച്ചില്, അയിലക്കറി, ഇറച്ചി—എല്ലാമുണ്ട്.'

'നിനക്കിഷ്ടമുള്ളതു കൊണ്ടുവാ'

'എന്നാല് കാച്ചിലും അയിലക്കറിയും നാലുകുപ്പികളും. എന്താ?'

'രണ്ടുകുപ്പിമതി'

'പോരാ. പിന്നെന്തിനാ വന്നെ?

അവൾ എന്റെ സ്നേഹിതന്റെ കവിളിൽ ഒരു ഞോട്ടുഞോടിട്ടു ഇറങ്ങിപ്പോയി. ഞാൻ പറഞ്ഞു.

'എന്നാൽ നീയും കുടിക്കണം.'

വാതില്ക്കൽവച്ചു അതവൾ സമ്മതിച്ചു. പെട്ടെന്നുതന്നെ ഏതൊക്കെയോ സാധനങ്ങളും മൂന്നു കുപ്പികളുമായി അവൾ തിരിച്ചുവന്നു.

എന്റെ ഹൃദയത്തിന്റെ ഇളക്കം പെട്ടെന്നടങ്ങി. ഒരു നിമിഷം......വേണ്ട, എനിക്കു വേണ്ട! എന്റെ മനമുരുട്ടുന്നു.

അവൾ രണ്ടു പിഞ്ഞാൺ പാത്രങ്ങളിലായി ഒരു കുപ്പിക്കള്ളു പകർന്നിട്ടു ഇപ്പോൾ വരാമെന്നു പറഞ്ഞു ഇറങ്ങിപ്പോയി.

(ശേഷം നാലാംപേജിൽ)

വിനോദരംഗം.

# സ്ത്രീ സ്വാതന്ത്ര്യം

—o—

(പി. എസ്സ്., പത്തനാപുരം)

പ്രിയപ്പെട്ട സരോജം! ഒരു കാര്യം ഞാൻ തുറന്നുപറയാം. ഈ "സ്ത്രീസ്വാതന്ത്ര്യം" എന്നെല്ലാം വിഷയം ഏററുകൊണ്ടുവന്നാൽ ഉപന്യാസം എഴുതിത്തരുവാൻ എനിക്കിഷ്ടമില്ല ഞാൻ സ്ത്രീസ്വാതന്ത്ര്യം അല്പംകൂടി ഇഷ്ടപ്പെടുന്നില്ല ഒരു വിദ്യാർത്ഥി ഒരിക്കൽ പ്രസംഗിച്ചതുപോലെ "സ്ത്രീസ്വാതന്ത്ര്യം സ്ത്രീപുരുഷഭേദമെന്യേ എല്ലാവർക്കും ആവശ്യമുണ്ട്" എന്നു ഞാൻ പ്രസംഗിച്ചിട്ടും ഇല്ല സ്ത്രീസ്വാതന്ത്ര്യത്തിന്റെ ദോഷങ്ങൾ പലതും എനിക്കറിയാം. ദയവുചെയ്തു ഈ വിധത്തിലുള്ള ഉപന്യാസവിഷയങ്ങൾ "വനിതാസംഘ"ത്തിൽ ചെന്നു നീ ഏററെടുക്കരുത്. അതിനത്രേ ഈ ലേഖനം ഞാൻ ഇന്നെഴുതുന്നത്.

സ്ത്രീകൾക്കു സ്വാതന്ത്ര്യം നൽകിയാൽ ലോകം പാടെ തിരിഞ്ഞുപോകും. ദൈനംദിനജീവിതത്തിൽ പല സംഭവവികാസങ്ങൾ ഉണ്ടാകും. ലോകമഹായുദ്ധത്തേക്കാൾ ഭീകരമായ ഒരു സ്ത്രീപുരുഷയുദ്ധംതന്നെ വേണ്ടിവന്നേക്കും.

സ്ത്രീകൾക്കു സ്വാതന്ത്ര്യം നൽകിയാൽ അവർ വിദ്യാഭ്യാസത്തിൽ പുരോഗമിക്കും. എല്ലാവിധത്തിലുമുള്ള ഉദ്യോഗങ്ങളും അവർതന്നെ ഏറെറടുക്കും. ശുപാർശയുംകൊണ്ടു സ്ത്രീകളെ സമീപിക്കുന്ന പുരുഷന്മാർ പരിഹാസത്തിനു പാത്രമായി ജോലികിട്ടാതെ വലഞ്ഞുപോകും. ആഫീസിൽ ജോലിനോക്കുന്ന അവരുടെ ഭാര്യമാർ നിർദ്ദേശിക്കുന്നതുപോലെ പാചകജോലിയുടെ മേൽനോട്ടം അവർ ഏറെറടുക്കും. ഭാര്യമാരുടെ ഉത്തരവനുസരിച്ചു കൃഷിവേലക്കാർ അവരവരുടെ വീട്ടിൽ അടങ്ങിപ്പാർക്കും. അതിന്റെ ഫലമായി മേൽനോട്ടം വഹിച്ചുവന്ന പുരുഷന്മാർ പാചകവൃത്തി പരിശീലിച്ചുതുടങ്ങും. ഉപ്പിനുപകരം പഞ്ചസാരയും എണ്ണയ്ക്കുപകരം വെള്ളവും അവർ അറിയാതെ കറികളിൽചേർത്തുപോകും. ഉദ്യോഗസ്ഥകളായ ഭാര്യമാർ ഇതു രുചിച്ചുനോക്കി മുഖം വീർപ്പിക്കും.

പത്രപംക്തികൾ എല്ലാംതന്നെ സ്ത്രീനാമങ്ങൾ നിറഞ്ഞു കാണപ്പെടും. "മഹിളാ", "വനിതാ", "സുമുഖി", "നാരി" എന്നിങ്ങനെ വാരികാസഹസ്രങ്ങൾ ഉത്ഭവിക്കും. "പുരുഷന്മാരുടെ കൃത്യം" എന്നു തുടങ്ങി ലേഖനങ്ങൾ എഴുതി, പുരുഷന്മാർ അന്തർജ്ജനങ്ങളെപ്പോലെ വീട്ടിനുള്ളിൽ കഴിഞ്ഞുകൂടുവാൻ സ്ത്രീലോകം ആജ്ഞാപിക്കും. "പുരുഷന്മാർ ലോകത്തിനാവശ്യമോ?" എന്നുള്ള തലക്കെട്ടിൽ "യോഷാമണി" പത്രം മുഖപ്രസംഗം എഴുതും. കവിതകൾ ലേഖനങ്ങൾ ഇവയെല്ലാം കഴിയുന്നതു സ്ത്രീകളെപ്പററി ആയിരിക്കണമെന്നു പത്രാധിപശാഠ്യം പിടിക്കും.

വീട്ടിൽ കഴിയുന്ന പുരുഷന്മാർക്കു "മലയാളരാജ്യം" തുടങ്ങിയ നല്ല പത്രങ്ങൾ "ഒരുനോക്കു" കാണുവാൻ അതിയായ ആഗ്രഹംതോന്നും. ആരും അറിയാതെ ചില പുരുഷന്മാർ പാചകശാലയിൽനിന്നും വായനശാലയിലേയ്ക്കു ഒളിഞ്ഞുപോകും. സ്ത്രീകൾ മാത്രമുള്ള വായനശാലകളിൽ ചില ലേഖനങ്ങൾ ഉച്ചത്തിൽ വായിച്ചു വ്യാഖ്യാനിക്കുന്ന പെൺസിംഹങ്ങളുടെ ഗർജ്ജനം അവർ കേൾക്കും. വല്ല മൂലയിലും പതുങ്ങിനിന്നു വായന കേൾക്കുന്ന പുരുഷന്മാർ, പുരുഷജാതിയിൽ ഉൾപ്പെട്ട ഒരു പേരുകൂടി കേൾക്കാതെ നിരാശരായി വീട്ടിലേക്കു മടങ്ങും.

വിപുലസജ്ജീകരണങ്ങളോടുകൂടി പല മഹിളാസമാജങ്ങളും ഭംഗിയായി നടക്കും. ദയവുള്ള ചില ഭാര്യമാരുടെ അനുവാദത്തോടുകൂടി ചില പുരുഷന്മാർ അവിടെ ആഗതരാകും. സംഘത്തിലെ ചില യുവതികളുടെ തുറിച്ച നോട്ടങ്ങൾ സഹിച്ചു വിയർത്തൊലിച്ചു പുരുഷന്മാർ വല്ല മൂലയിലും കുനിയിരിക്കും. സ്ത്രീകളുടെ "വേഷഗവേഷണ"ങ്ങളെപ്പററി അവർ സദസ്സിൽ പ്രസംഗിക്കും. പുരുഷന്മാരുടെ വേഷങ്ങളെ ചിലർ പരിഹസിക്കും. നിവൃത്തി കാണാതെ ചില പുരുഷന്മാർ സദസ്സു വിട്ടു ഇറങ്ങിപ്പോകും.

വിവാഹം കഴിയാത്ത യുവാക്കന്മാർ വീട്ടിനുവെളിയിൽ സഞ്ചരിക്കാതെയാകും. പുരുഷന്മാർ നാണംകുണുങ്ങി നടക്കുവാനും തറയിൽനോക്കി സംസാരിക്കുവാനും പഴകിത്തുടങ്ങും. സ്ത്രീകൾ പുരുഷന്മാരെ വിവാഹംചെയ്യുവാൻ വീടുകൾ സന്ദർശിക്കും. അടുക്കളയുടെ മൂലയ്ക്കങ്ങാനും ഒളിച്ചു മറഞ്ഞു നിൽക്കുന്ന പുരുഷന്മാരെ സ്ത്രീകൾ കൂട്ടമായി ചെന്നു കാണും. പുരുഷന്മാർ പൂച്ചയെക്കണ്ട എലിയെപ്പോലെ വിറച്ചുതുടങ്ങും. വിവാഹം കഴിഞ്ഞാൽ ആനന്ദാതിരസ്കരായി പുരുഷന്മാർ വധൂഗൃഹത്തിൽ എത്തിച്ചേരും. അടുക്കളക്കാര്യം ശ്രദ്ധിച്ചുകൊണ്ടു സൂര്യപ്രകാശം ഏൽക്കാതെ അവർ ജീവിതം നയിക്കും.

മിശ്രപഠനം നാട്ടിൽ നടപ്പാക്കുവാൻ ചില ഉദ്യോഗസ്ഥവനിതകൾ ഉററുശ്രമിക്കും. അതിനെതിരായി പ്രലോഭനങ്ങൾ ഉണ്ടായിത്തുടങ്ങും. ഒടുവിൽ തിരുവനന്തപുരത്തു ഒരു "മെൻസ്കാളജ്" സ്ഥാപിതമാകും. വിദ്യാർത്ഥികളുടെ സംഖ്യ തുലോം കുറഞ്ഞുപോകും. അവരെ പ്രോത്സാഹിപ്പിക്കുവാൻ പല "സ്കാളർഷിപ്പുകൾ" ഗവണ്മെൻറ നൽകും.

വാഹനങ്ങളെല്ലാം സ്ത്രീകൾതന്നെ ഓടിച്ചുതുടങ്ങും. ആൾതിരക്കുള്ളപ്പോൾ സ്ത്രീകൾ വണ്ടിയിൽതള്ളിക്കയറും. പുരുഷന്മാർ ലജ്ജിച്ചു ഭയന്നു വല്ല ഒഴിഞ്ഞ കോണിലും മാറിനിൽക്കും. "പുരുഷന്മാർക്കു സ്ഥലം ഒഴിഞ്ഞുകൊടുക്കുക" എന്നു വണ്ടികളിൽ ബോർഡുകൾ തൂക്കിത്തുടങ്ങും. ഒടുവിൽ പുരുഷന്മാരെ കയററിക്കഴിഞ്ഞു സ്ത്രീകളെ കയററുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കും.

കാലം പിന്നെയുംകഴിയും തന്റെ പേരിൽ പ്രസിദ്ധീകരിക്കുവാൻ പുരുഷന്മാർ സ്ത്രീകളോടു ലേഖനങ്ങൾ ആവശ്യപ്പെട്ടു തുടങ്ങും. "വിമലാഗോപാലൻ" എന്നും മററും ഇന്നുകാണുന്നപേരെല്ലാം "ഗോപാലൻ വിമലാ" എന്നായിത്തീരും. സഹോദരീസഹോദരങ്ങളെ! "എന്ന സംബോധനം" സഹോദരസഹോദരികളെ എന്നു മാറും.

സരോജം! അന്നു "പുരുഷസ്വാതന്ത്ര്യ"ത്തെപ്പററി ഞാൻ നിന്നോടു ലേഖനം ആവശ്യപ്പെടും. അതുകൊണ്ടു ഈവക സംഗതികൾ എന്നെ അലട്ടരുത്.

—o—

## കള്ളുഷാപ്പിൽ

(മൂന്നാംപേജിൽനിന്നും തുടർച്ച)

എന്റെ സ്നേഹിതൻ അതൊക്കെ തിന്നുകയും കുടിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ തൊണ്ടവഴി കള്ളിറങ്ങുമ്പോൾ 'കിടം കിടം' എന്നൊരു ശബ്ദം കേട്ടു കുടിക്കുവാൻ അദ്ദേഹം എന്നോടാവശ്യപ്പെട്ടു.

ഇല്ല, ഞാൻ കുടിക്കുന്നില്ല, കുടിക്കുകയുമില്ല. ഇതു നാൾ അതു കൂടാതെ കഴിച്ചു. ഒരു ഷാപ്പ് എങ്ങിനെയിരിക്കുമെന്നു എനിക്കു അറിയണമെന്നുണ്ടായിരുന്നു. അകത്തുകയറി; കണ്ടു. മതി. മദ്യം ചെയ്യുന്ന വിനകളെക്കുറിച്ചു ഞാൻ ഓർത്തു അതു നിന്ദ്യമായ ഒരു സാധനമാണ്. അതു മനുഷ്യനെ നശിപ്പിക്കുന്നു. മനുഷ്യനെ മനുഷ്യനിൽ വിശ്വാസമില്ലാത്തവനാക്കുന്നു. ആരോഗ്യം നശിപ്പിക്കുന്നു. എന്തും ചെയ്യാൻ മടിയില്ലാത്തവനാക്കുന്നു. കൊലപാതകം, വഞ്ചന; ചതി; വ്യഭിചാരം എല്ലാം കുടിയിൽനിന്നുടലെടുക്കുന്നു. മനുഷ്യനെ മനുഷ്യനല്ലാതാക്കുന്നു. ഞാൻ എത്ര വൃത്തികെട്ട സ്ഥലത്തുകൂടിയാണു ഇവിടെ വന്നതു! നില്ക്കുന്നതുതന്നെ എത്ര വൃത്തികെട്ട സ്ഥലത്താണ്!

എന്റെ സ്നേഹിതൻ കാച്ചിൽക്കഷണങ്ങൾ അയിലക്കറിയിൽമുക്കി സ്വാദോടെ തിന്നുന്നു. ശ്വാസം വിടാതെ കുടിക്കുന്നു. കഷ്ടം! ഈ മനുഷ്യൻ എത്രമാത്രം അധഃപതിച്ചുപോയി! കൂട്ടുകാരെ സമ്പാദിക്കുന്നതു സൂക്ഷിച്ചു വേണമെന്നു എന്റെ രക്ഷാകർത്താക്കൾ പറഞ്ഞിട്ടുള്ളതു ഞാൻ ഓർത്തു. ഇയാളുടെ കൂട്ടു പാടില്ല! എന്തു സ്വാദറിഞ്ഞാണു കഴിക്കുന്നതു? ഏമ്പക്കം വിടുന്നു. മേൽമീശ നക്കുന്നു. ഇല്ല, ഇനി ഇയാളുടെ കൂട്ടു പാടില്ല. ഈ കൂട്ടുകെട്ടില്ലായിരുന്നെങ്കിൽ ഞാൻ ഇറങ്ങിത്തിരിക്കയില്ലായിരുന്നു. അദ്ദേഹത്തെ നോക്കിനോക്കി നില്ക്കവേ, ആ കുപ്പി എടുത്തു അദ്ദേഹത്തിന്റെ തലയ്ക്കു ഒരടി അടിച്ചിട്ടു ഓടിക്കളഞ്ഞാലെന്തെന്നു എനിക്കു തോന്നി. പക്ഷെ അതു ഞാൻ ചെയ്തില്ല....,. അയാൾ വീണ്ടും പകരുന്നു......എനിക്കു വല്ലവിധവും പോയിപ്പിഴച്ചാൽ മതി.

ഞാൻ എവിടെയാണു നില്ക്കുന്നതു? കള്ളുഷാപ്പിൽ! എന്റെ രക്ഷാകർത്താക്കൾ ഇതറിയുന്നുണ്ടോ? കഷ്ടം! അവരുടെ സകല പദ്ധതികളും തകർന്നു; തകർത്തു. അവർക്കു എന്നെക്കുറിച്ചുള്ള അഭിമാനം...... എനിക്കു എന്നെക്കുറിച്ചുള്ള മതിപ്പ്...... ഞാനും ഒരു മദ്യപാനിയാണ്; കുടിച്ചില്ലെങ്കിലും എനിക്കു മദ്യത്തോടു ഒരഭിനിവേശമുണ്ട്. ഞാൻ നല്ലവനല്ല. നല്ലവനെന്നു ലോകം എന്നെ തെററിദ്ധരിച്ചു. നാളെയും മററന്നാളും അതിനടുത്ത ദിവസവും ഞാൻ ഇവിടെ വന്നുപോയേക്കും. ഉവ്വ്! എന്നെ എനിക്കു നിയന്ത്രിക്കാൻ കഴിവില്ല എനിക്കു ഒരു ശക്തിയുമില്ല. എന്റെ സന്മാർഗ്ഗികശക്തി നശിച്ചു. എന്റെ ആത്മാവു പോയി. ഞാൻ നിസ്സഹായനാണേ. എന്നെ രക്ഷിക്കണേ! എന്നു അത്യുച്ചത്തിൽ നിലവിളിക്കാൻ എനിക്കു തോന്നി.

അവളുടെ നാണിച്ചുളയ്ക്കുംവണ്ടി ഞാൻ വായ്പൊളിച്ചു. അവൾ എടുത്തുപൊക്കുവാനായി, അവളുടെ കിക്കിളി ഇളക്കുവാനായി ഞാൻ അവളെ തൊട്ടു. ഇനി ഞാൻ എന്തു ചെയ്യുകയില്ല! എന്നെ പററിപ്പിടിക്കുവാൻ ഒരു പുൽക്കൊടിപോലുമില്ല. ഞാൻ നശിച്ചു.

പുറത്തു അവളും മധ്യവയസ്സയും തമ്മിൽ വഴക്കു നടക്കുന്നു. ഒരു പരിചിതമായ പാട്ടു കേൾക്കായി. എന്റെ അടുത്ത വീട്ടിൽ പാർക്കുന്ന റിക്ഷാക്കാരനാണതു്. കുടിച്ചു ഉന്മത്തനായി അവൻ പാടുന്നു. ആ വീട്ടിൽ അവന്റെ നാലു കുട്ടികളും ഒരു പിള്ളയും നിത്യപട്ടിണിയാണ്! ഒരു ചുമട്ടുകാരൻ വൈരാഗ്യത്തോടെ കുടിക്കുന്നു......വേറൊരുവൻ രണ്ടു പാത്രം കുടിച്ചിട്ടു ഇറങ്ങിപ്പോയി......

മാധവി തിരിച്ചുവന്നു ലഹരിപിടിച്ചു തുടങ്ങിയ എന്റെ സ്നേഹിതൻ അവളെപ്പിടിച്ചു അടുത്തിരുത്തി. എന്നിട്ടു എന്നെ ചൂണ്ടിക്കാണിച്ചിട്ടു പറഞ്ഞു.

"നോക്ക്! മൂടസ്നേഹിതൻ കുടിച്ചില്ല'

"ഇല്ലേ?"

മരുന്നുകുടിക്കാൻ മടിച്ചുനില്ക്കുന്ന കുട്ടിയെ അമ്മയെന്നോണം അവൾ എന്നെ നോക്കി ചോദിച്ചു.

"കുടിക്കത്തില്ലേ?"

ഞാൻ ഒന്നും മിണ്ടിയില്ല. അവൾ ഒരു പിഞ്ഞാണം കള്ളെടുത്തു എന്റെ ചുണ്ടോടടുപ്പിച്ചു. ചെകിടിച്ചു എന്റെ തല പിന്നിലേക്കു മാറി. അവൾ മറെറ കൈകൊണ്ടു എന്റെ തല പാത്രത്തോടു പിടിച്ചടുപ്പിച്ചു. ഞാൻ ശ്വാസം മടക്കി മനസ്സറിയാതെ ഒരു കവിൾ കുടിച്ചുപോയി. എന്തു ശക്തികൊണ്ടെന്നു ഇന്നും ഞാൻ ആലോചിക്കാറുണ്ട്, അവൾ ഒന്നു മൂളി. ഞാൻ ഒരു കവിൾകൂടി കുടിച്ചുപോയി. എന്തിനു്, ഞാൻ ആ പാത്രം മുഴുവൻ കുടിച്ചു

ഈ സമയം അടുത്ത ഷാപ്പുകാരിയും മദ്ധ്യവയസ്സയും തമ്മിൽ ഏതോ വഴക്കു നടക്കുന്നു.

ഞങ്ങളുടെ മുറിക്കുള്ളിൽ എന്റെ സ്നേഹിതനും മാധവിയുംകൂടി സല്ലപിക്കയാണ്. എന്തൊരു രസകരമായ സംഭാഷണം! അവൾ അദ്ദേഹത്തിന്റെ അങ്കതലത്തിൽ ഉപവിശിച്ചിരിക്കുന്നു. ഒരു പാത്രം കള്ളെടുത്തു അവൾ ഒരു കവിൾ അദ്ദേഹം ഒരു കവിൾ. ഇങ്ങിനെ അവർ കുടിക്കുന്നു,

'മാതവീ' എന്നൊരു വിളി.

അവൾ ചാടി എഴുന്നേററു. എന്റെ സ്നേഹിതൻ അവളെ വിടുകയില്ല. ഒരു ചെറിയ മൽപിടിത്തം അവിടെ നടന്നു. അവസാനം അവൾ പോയി. കൂടെ ഉപയോഗിച്ചിരുന്ന ഒരു കുപ്പിക്കള്ളും കൊണ്ടുപോയി. ഞാൻ സ്നേഹിതനോടു ചോദിച്ചു.

'അതെന്തിനു് അവൾ കൊണ്ടുപോകുന്നു?'

'ഞാൻ അവൾക്കു കൊടുത്തു. അതു ഷാപ്പിൽകൊടുത്തു് അതിന്റെ വിലകൂടി അവൾ എടുത്തുകൊള്ളട്ടെ.'

പിൻവശത്തെ വാതിൽവഴി ഒരു വലിയ കുപ്പിയുമായി ഒരാൾ കയറിവന്നു. അതു് എന്റെ അയൽപക്കത്തു താമസിക്കുന്ന ഒരു വലിയ ഉദ്യോഗസ്ഥന്റെ ഭൃത്യൻ ആയിരുന്നു. മദ്ധ്യവയസ്സ, മാധവിയോടു പറയുന്നതു കേൾക്കായി 'ഏമാന്റെ ആളുവന്നെടീ.'

എന്റെ സ്നേഹിതനു പാടാൻ ഒരു മോഹം. എനിക്കൊന്നു പ്രസംഗിക്കാനും. ഏതായാലും ഞങ്ങളുടെ ശബ്ദം ഉയരാൻ തുടങ്ങി. അപ്പോൾ അവൾ വാതുക്കൽ പ്രത്യക്ഷയായി.

'അധികനേരമായല്ലോ' ഇനി പോകണം.'

* * *

പുറത്തിറങ്ങിയപ്പോൾ ഞാൻ എന്റെ നേര്യതെടുത്തു തലയിൽകെട്ടി. എന്റെ ശബ്ദം ഉയർന്നു. എനിക്കു ഒരു സിഗററു വലിക്കണമെന്നുണ്ടായിരുന്നു. എന്റെ സ്നേഹിതന്റെ കൈയ്യിൽ ഒരു കാശില്ല. അദ്ദേഹം പറയുന്നു.

'എഴുരൂപയുണ്ടായിരുന്നു. ഞാനവൾക്കു കൊടുത്തു.'

ഞാൻ പ്രതിവചിച്ചു.

'പോകട്ടെ അവൾ കൊണ്ടുപോയി തിന്നട്ടെ.'

എന്റെ ചിന്താശക്തി ഊർജ്ജിതമായി പ്രവർത്തിക്കാൻ തുടങ്ങി. ഞാൻ ചോദിച്ചു.

'ഈ കള്ളുകുടിക്കുന്നതിൽ എന്തു ദോഷമാണുള്ളതു? നാം നമ്മുടെ പണംകൊടുത്തു കുടിക്കുന്നു ആർക്കു നഷ്ടം?'

എന്റെ സ്നേഹിതൻ 'ബലേ ഭേഷ്' എന്നു സമ്മതിച്ചു അദ്ദേഹത്തിനും ഒരു യുക്തി പറയാനുണ്ട്.

'ഒരുവൻ ഉപയോഗിക്കുന്ന ആഹാരസാധനങ്ങളെക്കൊണ്ടാണോ യോഗ്യത നിശ്ചയിക്കുന്നതു? അങ്ങിനെയാണെങ്കിൽ പഴങ്കഞ്ഞി കുടിക്കുന്നവനും അയോഗ്യനാണ്'

ആ യുക്തി എനിക്കും ബോധിച്ചു.

അന്നു രാത്രിയിൽ ആ റിക്ഷാക്കാരൻ അവന്റെ ഭാര്യയെ തല്ലുന്നതു ഞാൻ കേട്ടു. എന്റെ മുറിയുടെ വരാന്തയിൽ ഷാപ്പിലിരുന്നു കുടിച്ചവരിൽ ഒരാൾ കിടന്നു കൂർക്കംവലിച്ചുറങ്ങുന്നു. എന്തു നിർവൃതികരമായ നിദ്ര! ഉദ്യോഗസ്ഥന്റെ വീട്ടിൽ പൊട്ടിച്ചിരിയും കളിയും. ലഹളതന്നെ! ഞാനും ഉച്ചത്തിൽ പാട്ടുപാടാൻ തുടങ്ങി.

—o—

* ഈ കഥയെപ്പററി മാന്യവായനക്കാരിൽനിന്നുള്ള അഭിപ്രായങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.

# കലയും ശാസ്ത്രവും

പുലിയൂർ കെ. രാഘവൻപിള്ള ബി. ഏ. (ആണേഴ്സ്)

ശാസ്ത്രത്തിന്റെയും ശാസ്ത്രീയപുരോഗതിയുടെയും അത്ഭുതകരങ്ങളായ നേട്ടങ്ങളുടെ മുമ്പിൽ കണ്ണിമയ്ക്കാതെ നിൽക്കുന്ന ആധുനികലോകത്തിൽ, മതം, തത്വചിന്ത തുടങ്ങി മനുഷ്യസമുദായം പണ്ടുപണ്ടേ ആരാധിച്ചുപോരുന്ന സ്ഥാപനങ്ങളോടൊപ്പം കലയുടെ അന്തസ്സിനും സാരമായ കോട്ടം തട്ടിയിട്ടുണ്ടു്. ഏതു മഹാന്റെ ജീവചരിത്രം ഇന്നു പരിശോധിച്ചുനോക്കിയാലും 'ശാസ്ത്രീയമായ ചിന്ത അദ്ദേഹത്തിനു സ്വന്തമായിരുന്നെന്നൊരു വാക്യം കാണാതിരിക്കുകയില്ല. ഈ ശാസ്ത്രീയമനഃസ്ഥിതിയാണു് വിദ്യാസമ്പന്നതയുടെ മാനദണ്ഡമെന്നു വന്നുപോയിട്ടുണ്ടു്. ശാസ്ത്രീയഗവേഷണങ്ങളുടെയും കലാപരമായ നേട്ടങ്ങളുടെയും പിന്നിലുള്ള രണ്ടു ചിന്താഗതികളും തുലോം വിഭിന്നങ്ങളാണെന്നു് പരക്കെയുള്ള ധാരണയാണു്, കലയെ അപേക്ഷിച്ചു് ശാസ്ത്രത്തിനു സിദ്ധിച്ചിരിക്കുന്ന ഈ പ്രാധാന്യത്തിനു കാരണം.

എന്നാൽ കലയുടെയും ശാസ്ത്രത്തിന്റെയും യഥാർത്ഥരൂപത്തെയും, അവയ്ക്കു പ്രചോദനംനൽകി ജീവനാഡിയായി നിൽക്കുന്ന ചിന്താഗതികളെയുംകുറിച്ചു് അവഗാഢമായി ആലോചിക്കുമ്പോൾ, കലയ്ക്കുപരിയായി ശാസ്ത്രത്തിനു കല്പിക്കുന്ന ഈ പ്രാധാന്യം തെറ്റാണെന്നു ബോധ്യമാകും. ആകുന്നിടത്തോളം വസ്തുതകൾ ശേഖരിച്ചു്, അവയെ സൂക്ഷ്മമായി നിരീക്ഷണംചെയ്തു് സാമാന്യതത്വങ്ങളിലെത്തിച്ചേരുകയാണല്ലോ ശാസ്ത്രീയഗവേഷണങ്ങളുടെ രീതി. ഈ രീതി കലാകാരൻ സ്വീകരിക്കുന്നില്ലെന്നുള്ളതാണു് അയാളുടെ പേരിലുള്ള പരാതി. ശാസ്ത്രകാരൻ ബാഹ്യവസ്തുതകളെ മാത്രം അടിസ്ഥാനപ്പെടുത്തി മുന്നോട്ടു പോകുമ്പോൾ, കലാകാരൻ കേവലം സ്വപ്നസ്ഥിതനായി സത്യാന്വേഷണം ചെയ്യുന്നെന്നാണു് ഇരുവരും തമ്മിലുണ്ടെന്നു പറയപ്പെടുന്ന അന്തരം.

ഈ അഭിപ്രായം എത്രമാത്രം പരമാർത്ഥമാണെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. കലാകാരൻ ബാഹ്യവസ്തുതകളെ വിഗണിച്ചുകൊണ്ടാണു് കലാസൃഷ്ടി ചെയ്യുന്നതെങ്കിൽ, അയാൾ അപരാധിതന്നെ. എന്നാൽ ജീവിതത്തിന്റെ മൗലികമായ തത്വങ്ങളെ പ്രതിപാദിക്കുന്ന ഒരു കലാകാരൻ ഒരിക്കലും വിഷയഗതങ്ങളായ വസ്തുതകളെ (Objective facts) വിസ്മരിക്കുന്നില്ല. വസ്തുതകളെ മുൻനിർത്തിത്തന്നെയാണു് അയാളും മുന്നോട്ടു പോകുന്നതു്. ശാസ്ത്രകാരന്റെയും കലാകാരന്റെയും ചിന്താരീതികൾ പലപ്പോഴും ഭിന്നസരണികളിൽക്കൂടി പോകുന്നതു് അവരഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ ഭിന്നതമൂലമാണു്. ശാസ്ത്രകാരൻ ഭൗതികലോകത്തെ ഭരിച്ചുകൊണ്ടിരിക്കുന്ന നിയമങ്ങളുടെ പിമ്പെ പ്രയാണംചെയ്യുമ്പോൾ കലാകാരനാകട്ടെ മാനസികവും ഭൗതികാതീതവുമായ തത്വങ്ങളെ തേടിത്തിരയുന്നു. ക്രാന്തദർശിയായ തന്റെ അന്തർനേത്രത്തിനു വിഷയീഭവിച്ച തത്വരത്നങ്ങളെ സുന്ദരങ്ങളായ കലാവസ്തുക്കളായി പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ഈ വസ്തുത ധരിക്കാതെ, ശാസ്ത്രകാരന്റെ ചിന്താരീതിയും അയാൾ എത്തിച്ചേരുന്ന തത്വവും സാധുവെന്നും, കലാകാരന്റേതു് അസാധുവെന്നും പറയുന്നതു് ശരിയല്ല.

പ്രകൃതിയിലുള്ള തത്വങ്ങളെ പരീക്ഷണങ്ങൾകൊണ്ടു് കണ്ടുപിടിക്കുകയാണല്ലോ ശാസ്ത്രകാരൻ ചെയ്യുന്നതു്. കലാകാരന്റെ കലാരചനയും ഇതുപോലെതന്നെ ചില തത്വങ്ങളെ മുൻനിർത്തിയാണു്. ആ തത്വങ്ങളിൽ അയാൾ എത്തിച്ചേർന്നതാകട്ടെ, ശാസ്ത്രകാരനെപ്പോലെതന്നെ, കഠിനമായി പരീക്ഷിച്ചും ചിന്തിച്ചുമാണു്. തത്വാന്വേഷണവിഷയത്തിൽ ശാസ്ത്രകാരൻ ബാഹ്യേന്ദ്രിയങ്ങളും മസ്തിഷ്കവും മാത്രം ഉപയോഗിക്കുമ്പോൾ കലാകാരൻ വികാരത്തെയും വിദൂരദർശിത്വത്തെയുംകൂടി കരുക്കളാക്കുന്നു. ഈവിധത്തിൽ നിഷ്പക്ഷചിന്തകൊണ്ടു് ലഭിച്ചതായ ജീവിതവാസ്തവങ്ങൾ അടങ്ങിയിട്ടില്ലാത്ത കല കലയല്ല. ഒരുന്നതമായ കലാസൃഷ്ടിയുടെ മൗലികമായ ലക്ഷണം അതിലടങ്ങിയിരിക്കുന്ന കലാകാരന്റെ ജീവിതനിരീക്ഷണമാണു് ശാസ്ത്രീയമായ രീതിയിൽതന്നെ കലാകാരനു ജീവിതത്തെ കുറിച്ചു ലഭിച്ചിട്ടുള്ള സമഗ്രവും സാക്ഷാത്തുമായ വീക്ഷണമാണു കലയുടെ ജീവൻ. ജീവിതമെന്ന വിഷയത്തെക്കുറിച്ചു് കലാകാരൻ വാസ്തവങ്ങളെ അടിസ്ഥാനപ്പെടുത്തി നിരീക്ഷണവും പരീക്ഷണവും നടത്തി സമ്പാദിച്ച വാസ്തവതത്വങ്ങൾ ഉൾക്കൊള്ളുന്ന കലാസൃഷ്ടി ശാസ്ത്രീയതത്വങ്ങളിൽനിന്നു താഴെയല്ല.

കലയും ശാസ്ത്രവുമായി താരതമ്യപഠനം ചെയ്യുമ്പോൾ, തത്വാന്വേഷണവിഷയത്തിൽ കലയ്ക്കു അപകർഷം ചിലർ കാണുന്നതു്, അതിലടങ്ങിയിരിക്കുന്ന അത്യധികമായ ആത്മാംശത്തെ അടിസ്ഥാനപ്പെടുത്തിയാണു്. കലാകാരന്റെ വ്യക്തിത്വം കലയിൽ സർവ്വത്ര വ്യാപിച്ചിരിക്കുന്നെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ ഈ വ്യക്തിത്വം തത്വചിന്താപരമായി കലയ്ക്കുള്ള വിലയെ കുറയ്ക്കുന്നില്ല. കലാകാരൻ നിഷ്പക്ഷമായി നിരീക്ഷണവും പരീക്ഷണവും ചെയ്തു സമ്പാദിച്ചിട്ടുള്ള തത്വങ്ങളാണു് കലയുടെ ജീവൻ. ആ തത്വങ്ങളുടെ സമ്പാദനത്തിലും പ്രകാശനത്തിലും പ്രകടമായിരിക്കുന്ന കലാകാരന്റെ വ്യക്തിത്വം അവയുടെ സാധുതയെ ബാധിക്കുകയില്ല. എന്നുതന്നെയല്ല. മറ്റെങ്ങും കണ്ടെത്താത്ത ജീവിത നിരീക്ഷണങ്ങൾ ഒരു കാലാകാരനിൽനിന്നു നമുക്കു് ലഭിക്കുന്നതു് പ്രസ്തുത വ്യക്തിത്വത്തിന്റെ പ്രകാശം കൊണ്ടുമാണു്. കലാകാരൻ പ്രതിപാദിക്കുന്നതത്വം, അയാളുടെ വ്യക്തിത്വത്തിന്റെ വിലാസത്താൽ, ആപേക്ഷികമാണെന്നും, അതുകൊണ്ടു് അതിനു് ബാഹ്യവസ്തുനിഷ്ഠമായ ശാസ്ത്രീയതത്വത്തിന്റെ വിലയും വിശ്വാസയോഗ്യതയും ഇല്ലെന്നും, പറയുന്നവർ, ശാസ്ത്രീയതത്വങ്ങളുടെ ആപേക്ഷികസ്വഭാവത്തെ വിസ്മരിക്കുന്നു. ഉപജ്ഞാതാവായ ശാസ്ത്രകാരന്റെ വ്യക്തിത്വത്താൽ സ്പൃഷ്ടമല്ലാത്ത ഒരു തത്വവും ശാസ്ത്രലോകത്തിലില്ല.

അതുകൊണ്ടുതന്നെ, എല്ലാശാസ്ത്രീയതത്വങ്ങളും ആപേക്ഷികങ്ങളുമാണു്; അവ കാലത്തിന്റെ അപ്രതിഹതമായ പ്രവാഹത്തിൽ ഒരു പക്ഷേ മാറിമറിഞ്ഞു പോയേക്കാവുന്നവയാണു്. സ്ഥിതി പ്രതിഷ്ഠങ്ങളായ ശാസ്ത്രീയതത്വങ്ങൾക്കു് സ്ഥാനഭ്രംശം വന്നു്, പുതിയപുതിയതത്വങ്ങൾ അവയുടെ സ്ഥാനംസ്വീകരിക്കുന്നതും, ഒരേ വിഷയത്തെക്കുറിച്ചുതന്നെ ഒരേ കാലഘട്ടത്തിൽ ഭിന്നശാസ്ത്രകാരന്മാർക്കു ഭിന്നാഭിപ്രായങ്ങളുണ്ടാകുന്നതും ഈ പരമാർത്ഥത്തെതെളിയിക്കുന്നു. അതുകൊണ്ടു്, കലാകാരന്റെ വ്യക്തിത്വംശം കലാപ്രദർശിതമായ തത്വത്തിന്റെ സാധുതയെ ബാധിക്കുമെങ്കിൽ, അതേകുറവു തന്നെ ശാസ്ത്രീയതത്വങ്ങളിലും കാണാവുന്നതാണു്.

യഥാർത്ഥത്തിൽ, കലാകാരനും ശാസ്ത്രകാരനും, ഭിന്നമാർഗ്ഗങ്ങൾ അവലംബിക്കുന്ന, സമനിലയിലുള്ള സത്യാന്വേഷികളാണു്. ശാസ്ത്രകാരൻ ഭൗതികലോകത്തിന്റെ ജീവിതനാഡികളായ തത്വങ്ങളെ തേടിത്തിരയുമ്പോൾ, കലാകാരൻ തനിക്കു സ്വായത്തമായ ക്രാന്തദർശിത്വമുപയോഗിച്ചു് ശാസ്ത്രദൃഷ്ടിക്കതീതമായ അഗാധതകളിലേക്കു് കടന്നുനോക്കുന്നു. വിശകലനാപരനായ ശാസ്ത്രകാരനു് എത്തുപെടാത്ത തത്വങ്ങൾ കലാകാരന്റെ സമഗ്രവും സൃഷ്ടിപരവും ഐക്യലക്ഷ്യവുമായ ദീർഘവീക്ഷണം ഒരു നോട്ടത്തിനു മനസ്സിലാക്കുന്നു. കലാകാരൻ പലപ്പോഴും പരമാർത്ഥതത്വങ്ങളിൽ എത്തിച്ചേരുന്നതു് സ്വകീയമായ അതിക്രാന്തദർശിത്വത്തിന്റെസമുജ്ജ്വലമായ ഒരൊററ ബഹിഃസ്ഫുരണംകൊണ്ടാണു്. എന്നാൽ പരമമായ ഈ ഭാവനാശക്തി കലാകാരന്റേതുമാത്രമല്ല; അനുഗൃഹീതനായ ഒരു ശാസ്ത്രകാരനും ഇതനപേക്ഷണീയമാണു്. മഹത്തായ ഈ ശക്തിവിശേഷമാണു്, ശാസ്ത്രീയമായ പല വലിയ ഗവേഷണങ്ങളെ വിജയത്തിലെത്തിച്ചേർത്തതെന്നു ശാസ്ത്രചരിത്രത്തിൽനിന്നു കാണാം. സുപ്രസിദ്ധ ഗ്രീക്കുശാസ്ത്രജ്ഞനായ ആർക്കിമിഡീസു് ദ്രവസമ്മർദ്ദനിയമം (Law of fluid pressure) കണ്ടുപിടിച്ചതു്; സിറാക്കസ് നഗരത്തിലുള്ള ഒരു വലിയ കുളത്തിൽ നീന്തിക്കൊണ്ടിരുന്നപ്പോൾ തനിക്കുണ്ടായ ഒരനുഭൂതിയിൽക്കൂടിയായിരുന്നു. അതുപോലെതന്നെ, നിലംപതിക്കുന്ന ഒരാപ്പിൾ പഴമായിരുന്നല്ലോ, പരസ്പരാകർഷണ നിയമനിരീക്ഷണത്തിൽ ന്യൂട്ടനു സഹായകമായിത്തീർന്നതു്. വാസ്തവത്തിൽ ശാസ്ത്രജ്ഞനും കലാകാരനെപ്പോലെ, ഭാവനാസമ്പന്നനായിരിക്കണം. ഈ ഭാവനാശക്തിയെ ശാസ്ത്രകാരൻ ബാഹ്യവസ്തുതകളുടെ മാററുരകല്ലിൽ ഉരച്ചു നോക്കുമ്പോൾ, കലാകാരനാകട്ടെ അതിനെ അനുഭവങ്ങളോടു തുലനംചെയ്തു നോക്കുന്നു. ഇത്രമാത്രമാണു് ഈ വിഷയത്തിൽ ഇവർ തമ്മിലുള്ള വ്യത്യാസം.

കലയെയും ശാസ്ത്രത്തെയും പരസ്പരസംബന്ധമില്ലാത്ത രണ്ടു കാര്യങ്ങളായി പരിഗണിച്ചു പ്രതിപാദിക്കുന്നതു് അശാസ്ത്രീയമാണു്. രണ്ടിനും പ്രചോദനം നൽകുന്നതു് മനുഷ്യനിൽ കുടികൊള്ളുന്ന അവിഭാജ്യമായ ഒരേ സൃഷ്ടി ക്ഷമശക്തിയാണു്. ഓരോന്നിന്റെയും ആവശ്യം അനുസരിച്ചു് ആ ശക്തി ഭിന്നരൂപേണ പ്രത്യക്ഷപ്പെടുന്നെന്നുമാത്രം. ബുദ്ധി വ്യാപാരം ശാസ്ത്രീയതത്വങ്ങളുടെ പ്രതിപാദനത്തിനുവേണ്ടി പ്രവർത്തിക്കുമ്പോൾ, വികാരവും ബുദ്ധിയും ചേർന്നു് കലാസൃഷ്ടി ചെയ്യുന്നു. കലാസൃഷ്ടി ക്ഷമവും, ശാസ്ത്രതത്വപ്രതിപാദനപരവുമായ ശക്തികൾ തമ്മിൽ അഭേദ്യമായ ബന്ധമുണ്ടു്. ഒന്നവസാനിക്കുകയും മററതു് ആരംഭിക്കുകയും ചെയ്യുന്ന രേഖ സാങ്കല്പികം മാത്രമാണു്.

ശാസ്ത്രകാരനല്ലാത്ത കലാകാരനും കലാകാരനല്ലാത്ത ശാസ്ത്രകാരനും ഒരുപോലെ അപൂർണ്ണനാണു്. തന്റെ കലയുടെ ശാസ്ത്രീയാംശം അറിയാതെയും, അനുഭവമാകുന്ന വസ്തുതയെ അടിസ്ഥാനപ്പെടുത്താതെ ഭാവനയെ അഴിച്ചുവിട്ടും കലാരചനചെയ്യുന്ന കലാകാരൻ സത്യാന്വേഷണവിഷയത്തിൽ അവിദഗ്ദ്ധനാണു്. കലാകാരന്റെ അനുഭവം ഇന്ദ്രിയഗ്രാഹ്യമോ, അതിനുപരിയുള്ളതോ, അഥവാ തനിക്കു സ്വന്തമായ ചില ആദ്ധ്യാത്മിക ശക്തിവിശേഷങ്ങൾക്കുമാത്രം അനുഭവപ്പെടുന്നതോ ആയിക്കൊള്ളട്ടെ. അതേതുവിധത്തിലുള്ളതായാലും അതിന്റെ പ്രകാശത്തിൽ പ്രവർത്തിക്കുന്ന ഭാവനയ്ക്കും ചിന്തയ്ക്കും വിഷയീഭവിച്ച പരമാർത്ഥതത്വങ്ങളെ, ശാസ്ത്രസമ്മതമായ സാങ്കേതിക പരിപൂർണ്ണതയോടുകൂടിയ ബാഹ്യരൂപത്തിൽ പ്രകടിപ്പിക്കുന്നവനാണു് യഥാർത്ഥകലാകാരൻ. അതുപോലെതന്നെ കലാകാരന്റെ സ്വന്തമെന്നു വിചാരിക്കപ്പെടുന്ന ഭാവനാശക്തി ഒരു ശാസ്ത്രകാരനു് അവശ്യം ഉണ്ടായിരിക്കയും വേണം.

ശാസ്ത്രത്തിന്റെ പുരോഗതികൊണ്ടു് നമുക്കു ലഭിച്ചിട്ടുള്ള കലാപരമായ നേട്ടങ്ങൾതന്നെ കലയും ശാസ്ത്രവുംതമ്മിൽ അടയ്ക്കാൻപാടില്ലാത്തഅന്തരമില്ലെന്നു തെളിയിക്കുന്നു. ഒരു വലിയ ശാസ്ത്രീയതത്വംതന്നെ ഉന്നതമായ കലാസൃഷ്ടിയാണു്. കലയുടെ പ്രയോജനാംശത്തിൽ ആനന്ദത്തിനു സ്ഥാനമുണ്ടെങ്കിൽ, ഒരു ശാസ്ത്രീയഗവേഷണത്തിന്റെ പരിണതഫലം കലാസൃഷ്ടിയാണു. തത്വാന്വേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നശാസ്ത്രജ്ഞൻ കലാസൃഷ്ടിയിൽ മുഴുകിയിരിക്കുന്ന കലാകാരന്റെ ആനന്ദംതന്നെ അനുഭവിക്കുന്നു. "ഭാവിതലമുറകളുടെ നന്മയെന്ന ഉദ്ദേശത്തെക്കാൾ, ബുദ്ധിപരവും സ്വയം പരിപൂർണ്ണവുമായ ഒരു സൗന്ദര്യമാണു്, ദീർഘവും കഷ്ടകരവുമായ ക്ലേശങ്ങൾ സഹിക്കുന്നതിനു് ഒരു ശാസ്ത്രജ്ഞനു് പ്രചോദനം നൽകുന്നതു്", എന്നാണു് ഈ വിഷയത്തെക്കുറിച്ചു സുപ്രസിദ്ധ കണക്കുശാസ്ത്രജ്ഞനായ ഹെൻറി പോയിൻകേർ അഭിപ്രായപ്പെട്ടിട്ടുള്ളതു്. ശാസ്ത്രത്തിന്റെ പുരോഗതി കുറേക്കൂടി കലാപരമായിരുന്നെങ്കിൽ ഇന്നത്തെ യുദ്ധത്തിന്റെ കരാളത ഒഴിച്ചുനിർത്താമായിരുന്നു. യഥാർത്ഥത്തിൽ ഇന്നു കൂടുതൽ ആവശ്യമായിരിക്കുന്നതു് ശാസ്ത്രത്തിൽ കലയും, കലയിൽ ശാസ്ത്രവുമാണു്. അപ്പോൾ മാത്രമാണു് മനുഷ്യന്റെ ബോധത്തെ വികസിപ്പിക്കുകയെന്ന പരമോദ്ദേശത്തെ ലാക്കാക്കി കലയും ശാസ്ത്രവും കൈകോർത്തു മുന്നോട്ടു പോകുന്നതു്.

—•—

(ആറാംപേജിൽനിന്നും തുടർച്ച)

ന്നി. അവരിൽനിന്നും ആ പദം ക്രമേണ മററു് അഭിജ്ഞകേന്ദ്രങ്ങളിൽ പ്രചരിച്ചു. യാതൊരു പ്രചരണശ്രമവും അതിനു പിന്നിലുണ്ടായിരുന്നില്ല. പി. കെ. യെ അറിഞ്ഞവരെല്ലാം സസന്തോഷം ആ ബിരുദം അദ്ദേഹത്തിന്റെ നാമത്തോടു ഘടിപ്പിക്കയാണുണ്ടായതു്. അതിൽ ഒരു യാഥാർത്ഥ്യം, സത്യം, എവരും ദർശിച്ചു. സത്യവചനങ്ങൾ സ്വയമേവ ശക്തിയുള്ളവയാണു്. അവ സ്വയം പ്രചരിക്കുന്നു. ഇതത്രേ യഥാർത്ഥമായ ജനസമ്മതി.

# സാഹിത്യപഞ്ചാനനന്റെ സമാർജ്ജിതനേട്ടങ്ങൾ

## അദ്ദേഹത്തിന്റെ ജീവിതനിമ്നഗ അവലംബിച്ച മാർഗ്ഗങ്ങൾ

(ശ്രീ. പി. കെ. പരമേശ്വരൻനായരുടെ "സാഹിത്യപഞ്ചാനനൻ" എന്ന ഗ്രന്ഥത്തിൽനിന്ന്)

[വിവിധമണ്ഡലങ്ങളിൽ വ്യാപരിച്ച കർമ്മകുശലൻ— ആ ജീവിതനിമ്നഗയുടെ ത്രിമാർഗ്ഗിണീഗതി— ഭൗതികോൽകർഷവും സാഹിത്യനായകത്വവും—ഇവയിൽ ഏതാണ് ഭാവിയശസ്തംഭത്തിന്റെ അടിസ്ഥാനമെന്ന് രണ്ടാമത്തേതാണെങ്കിലും ആദ്യത്തേതിന്റെ ഗണ്യത—നീതിന്യായപദവിയുടേയും പൊതുക്കാര്യപ്രവർത്തനങ്ങളുടേയും മാഹാത്മ്യവശങ്ങൾ—അവയുടെ പരിമിതികൾ 'സമുദായനേതാവിന്റെ തിരോഭാവത്തിലും 'സാഹിത്യപഞ്ചാനനന്റെ സജീവവിഗ്രഹം—പഞ്ചാനനബിരുദത്തിന്റെ ഉല്പത്തി]

വിശാലപരിധികളിലും വിവിധമണ്ഡലങ്ങളിലുമായി നിരന്തരം പ്രവർത്തിച്ചുവന്ന ഒരു കർമ്മകുശലന്റെ ജീവിതപരിപാടികളാണ് കഴിഞ്ഞ അദ്ധ്യായങ്ങളിൽ വിവരിക്കപ്പെട്ടത്. അദ്ധ്യാപകൻ, സാഹിത്യഗവേഷകൻ, വിമർശകൻ, അഭിഭാഷകൻ, സമുദായ പരിഷ്കർത്താവ്, രാഷ്ട്രീയപ്രവർത്തകൻ, കവി, ഗദ്യകാരൻ, പണ്ഡിതൻ, പ്രാഡ്വിപാകൻ, വാഗ്മി, ഫലിതസമ്പന്നൻ, സംഭാഷണചതുരൻ, വൈയ്യാകരണൻ എന്നിങ്ങനെ സുദീർഘമായ ഒരു പട്ടികതന്നെ വേണ്ടിയിരിക്കുന്നു അദ്ദേഹത്തിന്റെ സ്വാഭാവികങ്ങളും സമാർജ്ജിതങ്ങളുമായ നേട്ടങ്ങളെ രേഖപ്പെടുത്തുവാൻ. ജീവചരിത്രസംഭവങ്ങളുടെ ആനുപൂർവ്യമായ വിവരണത്തിനിടയ്ക്ക് ഇതിൽ ചില അംശങ്ങളെ പ്രത്യേകം പരാമർശിക്കുവാനിടയായിട്ടുണ്ടെങ്കിലും, പൊതുവിമർശത്തെ അർഹിക്കുന്ന പല വശങ്ങളും ഇനിയും അവശേഷിക്കുന്നു. അതുപോലെതന്നെ വിവിധമണ്ഡലങ്ങളെ സ്പർശിക്കുന്ന പരശതം പ്രവൃത്തിപരമ്പരകളിൽ പ്രധാനമേത്, അപ്രധാനമേത്, താൽക്കാലികമേത്, ചിരസ്ഥായിയേത് എന്നിങ്ങനെ ചില ചിന്താകോടികളെ ആശ്രയിച്ച് കഥാപുരുഷന് സമുദായത്തിൽ ഇന്നും ഭാവിയിലും കല്പിക്കപ്പെടാവുന്ന സ്ഥാനം നിർണ്ണയിക്കേണ്ടത് ജീവചരിത്രകാരന്റെ കർത്തവ്യമാകുന്നു. മേൽപറഞ്ഞ വിവിധ നേട്ടങ്ങളെ സംക്ഷേപിച്ച് അപഗ്രഥനംചെയ്യുന്ന പക്ഷം പി. കെ. യുടെ ജീവിതം ത്രിമാർഗ്ഗീണമായ ഒരു ഗതി അവലംബിച്ചിരുന്നതായിക്കാണാം. ഭൗതികസമുന്നതിക്കുവേണ്ടി സമാശ്രയിച്ച ഔദ്യോഗികം തൊഴിൽപരം എന്നീ രണ്ടു സരണികളും സ്വാഭാവികവാസനാഗതിഅനുസരിച്ച് തുടർന്നുവന്ന സാംസ്കാരികവും സാഹിത്യപരവുമായ പരിശ്രമപഥവുമായിരുന്നു പി. കെ. യുടെ ജീവിതനിമ്നഗ അവലംബിച്ച മാർഗ്ഗത്രയം. ഇവയിൽ ആദ്യപഥം അദ്ദേഹത്തെ അഭിഭാഷകൻ, ന്യായാധിപൻ എന്നീ നിലകളിലേയ്ക്കും, രണ്ടാമത്തേത് സമുദായനേതാവ്, രാഷ്ട്രീയകാര്യവിചക്ഷണൻ എന്നീ സ്ഥാനങ്ങളിലേയ്ക്കും, മൂന്നാമത്തേത് ഗ്രന്ഥകാരൻ, പണ്ഡിതൻ, കവി, വിമർശകൻ, വാഗ്മി എന്നീ നിലകളിലേക്കും നയിച്ചു. മൂന്നു മാർഗ്ഗങ്ങളുടേയും സംയോജനഫലമായി സ്മര്യപുരുഷൻ കഴിഞ്ഞ ദശകളിൽ ജീവിച്ചിരുന്ന കേളികേട്ട കേരളീയരുടെ പംക്തിയിൽ പ്രത്യേകമായ ഒരു സ്ഥാനത്തിന് അർഹനായിത്തീർന്നു. ഇതിൽ ഏതംശമാണ് അദ്ദേഹത്തിന്റെ മഹത്വത്തിന്റെ ചിരസ്ഥായിത്വത്തെ പരിരക്ഷിക്കുവാൻ പോകുന്നതെന്നുള്ള വിചാരം ഈ അവസരത്തിൽ ഉപപന്നമായിരിക്കുന്നു. അഭിഭാഷകൻ, ന്യായാധിപൻ, നിയമസഭാസാമാജികൻ, സമുദായനേതാവ് രാഷ്ട്രീയകാര്യവിശാരദൻ എന്നീ സ്ഥാനങ്ങളാലാണ് പി. കെ. തന്റെ ജീവിതകാലത്തു പ്രാമാണ്യവും പ്രശസ്തിയും സ്വാധീനശക്തിയും സമ്പാദിച്ചത്. ഗ്രന്ഥകാരനും പണ്ഡിതനും ആയ പി. കെ-യ്ക്കു ദ്വിതീയസ്ഥാനം മാത്രമെ ജനസാമാന്യം കല്പിച്ചിരുന്നുള്ളു. എന്നു മാത്രമല്ല ഔദ്യോഗികമഹിമയുടേയും, സമുദായനായകത്വത്തിന്റെയും അവലംബമില്ലായിരുന്നുവെങ്കിൽ കഥാപുരുഷന്റെ സാഹിത്യനായകത്വം ഇത്രയെങ്കിലും അംഗീകൃതമാകുമായിരുന്നുവോ എന്നുതന്നെ സംശയിക്കണം. ആധുനികലോകം ഔദ്യോഗികപ്രഭാവത്തിനും ജനനേതൃത്വത്തിനും കല്പിച്ചിരിക്കുന്ന വില അത്ര ഉപരിയാണ്.

എന്നാൽ മറുവശംകൂടി ആലോചിക്കേണ്ടിയിരിക്കുന്നു. ഉദ്യോഗസ്ഥപ്രഭാവവും ജനനായകത്വവും എത്രയും ക്ഷണസ്ഥായിയായ സംഗതികളാകുന്നു. ജീവിതകാലത്ത് ഒരുവനെ ആവക മേന്മകൾ എത്രതന്നെ പ്രബലനാക്കിയേക്കാമെങ്കിലും ആ പ്രാബല്യം ലോകത്തിൽനിന്നുമുള്ള അയാളുടെ തിരോധാനത്തോടുകൂടി മറയുന്നു. ജീവിതമത്സരത്തിൽ തന്നെക്കാൾ ശക്തി കുറഞ്ഞവരെ അതിഗമിച്ചും അടിപെടുത്തിയും നേടിയ നേട്ടങ്ങളെ പിൽക്കാലത്തു ജേതാവിന്റെ ശക്തിക്ഷയത്തോടുകൂടി ജനങ്ങൾ ഏതാണ്ടൊരു പ്രത്യാഘാതബുദ്ധിയോടുകൂടി വീക്ഷിക്കുന്നു. ത്യാഗസമ്പന്നമായ വല്ല സേവനവുംകൊണ്ടു സമാർജ്ജിച്ചിട്ടുള്ള യശസ്സ് നിലനില്ക്കുമെന്നുള്ളതു തീർച്ചതന്നെ. എന്നാൽ അതിൽപോലും ഒരുവന്റെ ആത്മാർത്ഥതയും നിസ്സ്വാർത്ഥതയും ചോദ്യവിഷയമായിട്ടുണ്ടിരിക്കുന്നതെങ്കിൽ—അങ്ങനെ അല്ലാത്ത പൊതുജനനേതാക്കൾ എത്രയോ വിരളമാണ്—ആ യശസ്സിന്റെ നിലനിൽപ്പ് സംശയഗ്രസ്തംതന്നെ. പി. കെ, ചങ്ങനാശ്ശേരി മുതലായവർ ഉൾപ്പെടുന്ന പൊതുജനനേതൃവിഭാഗം ത്യാഗശീലത്തിൽ അത്ര സമ്പന്നമായിരുന്നുവെന്നു പറയുവാൻ സാദ്ധ്യമല്ല. സ്വാഭാവികമായ സേവനൗത്സുക്യം അവരുടെ പ്രധാന സ്വഭാവമായിരുന്നുവെങ്കിലും ഭൗതികജീവിതവിജയത്തിനുള്ള ഉപാധിയായിട്ടുംകൂടിയാണ് പൊതുക്കാര്യപ്രവർത്തനത്തെ അവർ പരിഗണിച്ചതെന്ന് ആദരഹാനികൂടാതെ പറയാവുന്നതാണ്. ആ നിലയ്ക്കു പൊതുജനസേവനമെന്ന അടിസ്ഥാനത്തിന്മേൽ മാത്രം അവരുടെ യശസ്തംഭം അത്ര ഭദ്രമായി നിൽക്കുമെന്നു തോന്നുന്നില്ല. ഉദ്യോഗജീവിതം ലോകോപകാരാർത്ഥമെന്നതിനേക്കാൾ സ്വകീയോൽക്കർഷത്തെ ലക്ഷ്യമാക്കിയുള്ള ഒരു നേട്ടമായല്ലാതെ മറ്റൊരുവിധം പരിഗണിക്കപ്പെടുവാനും സാധ്യമല്ല.

എങ്കിലും പി. കെ. യെപ്പോലെയുള്ള ഗണ്യപുരുഷന്മാരുടെ ഔദ്യോഗികനേട്ടങ്ങൾ നിസ്സാരസംഭവങ്ങളല്ല. തിരുവതാംകൂർ ഹൈക്കോടതിയിലെ ന്യായാധിപസ്ഥാനം ഒരു പൗരപ്രമാണിയുടെ പ്രാപ്യസ്ഥാനങ്ങളിൽ സമുന്നതമായ ഒന്നാണ്. ഒരുവന്റെ പ്രതിഭാശക്തിക്കും, ഗണ്യതയ്ക്കും സ്വഭാവഗാംഭീര്യത്തിനും സമുചിതമായ ഒരു അംഗീകാരമായി അതിനെ ഗണിക്കാവുന്നതാണ്. നീതിന്യായപരിപാലനവകുപ്പിന്റെ മകുടസ്ഥാനത്തിരുന്നുകൊണ്ടു ഒരു ദേശാഭിമാനിക്കു നിർവഹിക്കാവുന്ന സേവനം തുച്ഛമായിട്ടുള്ളതല്ല. ബുദ്ധിശാലികളും പണ്ഡിതന്മാരുമായ നീതിദീക്ഷകന്മാർക്ക് ഒരു രാജ്യത്തിന്റെ നിയമസംഹിതയ്ക്കു ജനക്ഷേമകരമായവിധം രൂപവും ഗതിയും നൽകുന്നതിനു സാധിക്കുന്നു. പി. കെ. യും ചങ്ങനാശ്ശേരിയും സ്വതന്ത്രസ്വതന്ത്രന്മാരായ രണ്ടു ന്യായാധിപന്മാരായിരുന്നു. അവർ തിരുവിതാംകൂർ നീതിന്യായമണ്ഡലത്തിൽ ചരിത്രം സൃഷ്ടിച്ചു.

അതുപോലെതന്നെയായിരുന്നു സാമുദായികപ്രവർത്തനങ്ങളുടെയും കഥ. ഉദ്യോഗപ്രാപ്തിയ്ക്കുവേണ്ടിയുള്ള ഒരു സോപാനമായേ കഴിഞ്ഞ കാലങ്ങളിലെ പല സമുദായപ്രമാണികളും അവരുടെ പൊതുക്കാര്യസേവനത്തെ പരിഗണിച്ചിരുന്നുള്ളു എന്ന ഒരു അപവാദം പരക്കെയുണ്ട്. ഇതു തീരെ അടിസ്ഥാനരഹിതമാണെന്നു പറയുവാൻ നിവൃത്തിയില്ല. എന്നാൽ ഏറെക്കുറെ ദാക്ഷിണ്യപൂർവം വീക്ഷിക്കപ്പെടേണ്ടതായ ഒരു കാര്യമാണിത്. ഇൻഡ്യൻ രാഷ്ട്രീയകാര്യങ്ങളിൽ ഗാന്ധിജിയുടെ ത്യാഗപ്രധാനമായ സേവനപ്രസ്ഥാനത്തിന്റെ പ്രചാരത്തോടുകൂടി അതിൽ കാണുന്ന സന്നദ്ധതയോടുകൂടി രാഷ്ട്രീയവും സാമുദായികവുമായ പ്രവൃത്തിമണ്ഡലങ്ങളിൽ പ്രവേശിക്കുന്നവരുടെ സേവനങ്ങളെ തുച്ഛീകരിക്കുന്ന ഒരു സമ്പ്രദായം കടന്നുകൂടിയിട്ടുണ്ട്. ഗാന്ധിജിയുടെ മാനദണ്ഡങ്ങൾ വച്ചു നോക്കുമ്പോൾ പൊതുക്കാര്യജീവിതത്തിൽ വിജയം പ്രാപിക്കാവുന്നവർ വളരെക്കുറവാണ്. അദ്ദേഹത്തിന്റെ വിശ്വസ്തരായ അനുയായികളിൽതന്നെ പലരും പരീക്ഷണത്തിൽ പരാജയം പററിയിട്ടുണ്ട്. സാമാന്യ പൊതുജനപ്രവർത്തകന്മാരുടെ മേലും ഇപ്രകാരമുള്ള കർക്കശമായ മാനദണ്ഡങ്ങൾ പ്രയോഗിക്കുന്നതു ഉചിതമായിരിക്കയില്ല. സർവ്വസംഗപരിത്യാഗികളാകാതെയും ജനസേവനമനുഷ്ഠിക്കാൻ കഴിയുന്നവർ ലോകത്തിലുണ്ട്. ഒരുപക്ഷേ ഒരു ത്യാഗസമ്പന്നനു സാധിക്കുന്നതോടൊപ്പം പ്രയോജനപ്രദമായ സേവനം ഒരു ബുദ്ധിസമ്പന്നനെക്കൊണ്ടു കഴിഞ്ഞുവെന്നുവരാം. അതിനാലാണ് സ്വതന്ത്രമായ പരിധികളിൽ ഓരോരുത്തരുടേയും സേവനപരിപാടികളെ ദാക്ഷിണ്യസമന്വിതം അവലോകനം ചെയ്യണമെന്നു മേൽപറഞ്ഞത്. അങ്ങനെ നോക്കുമ്പോൾ ചങ്ങനാശ്ശേരിയേയും പി. കെ-യേയുംപോലെയുള്ള പ്രമാണികൾ സ്വോൽക്കർഷത്തിലുംകൂടി ദൃഷ്ടിവച്ചുകൊണ്ടു പൊതുക്കാര്യങ്ങളിൽ പ്രവർത്തിച്ചതിനെ അപലപിക്കുവാൻ സാദ്ധ്യമല്ല. പ്രവൃത്തികൾ ഫലാനുമേയങ്ങളാണ്. പ്രവൃത്തികളുടെ ഫലത്തിൽനിന്നും മേല്പറഞ്ഞ വ്യക്തികളുടെ മാഹാത്മ്യനിർണ്ണയം ചെയ്യുവാനുള്ള സൗകര്യം അവരുടെ കാലശേഷം ഇന്നു നമുക്കു ലഭിച്ചിട്ടുണ്ട്. അവരുടെ പരിപാടികളിൽ എന്തെല്ലാം ഫലാകാംക്ഷകൾ ആരോപിച്ചാലും സമുദായത്തിനു ശ്രേയസ്കരമായ പല സേവനങ്ങളും അവർ നടത്തിയിട്ടുണ്ടെന്നുള്ളത് അവിതർക്കിതമാണ്.

പി. കെ-യുടെ സമുദായസേവനപരിപാടികൾ കഴിഞ്ഞ ചില അദ്ധ്യായങ്ങളിൽ ഒരുവിധം വിസ്തരിച്ചു പ്രതിപാദിച്ചു. ത്യാഗസന്നദ്ധതയുടെ പരമകോടികളെ സ്പർശിക്കുന്നതായി അവയിൽ എന്തെങ്കിലും ഉണ്ടെന്ന് അഭിമാനിക്കുന്നില്ല. എങ്കിലും അനിതരസാധ്യങ്ങളായ പല മഹൽകൃത്യങ്ങളും ആ പ്രവർത്തനചരിത്രത്തിൽ അടങ്ങിയിട്ടുണ്ടെന്നു സമ്മതിക്കുകതന്നെവേണം. ഹൈന്ദവസമുദായത്തെസംബന്ധിച്ചു പൊതുവെയും, നായർസമുദായപരമായി പ്രത്യേകിച്ചും ഉള്ള പല പരിഷ്കാരങ്ങളും ലക്ഷ്യമാക്കി പി. കെ. ചെയ്ത സേവനങ്ങളെ വിലമതിക്കാതെ തരമില്ല. നിയമസഭയിലും വെളിയിലും രാഷ്ട്രീയമായി നിർവ്വഹിച്ച പരിപാടികൾ അതതുകാലങ്ങളിൽ സമുദായത്തിന് എത്രയോ ഉപകാരക്ഷമമായ സംഗതികളായിരുന്നു. ഈ നാട്ടിലെ വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും അഭിവൃദ്ധിയെ സഹായിച്ച അനേകം നിർദ്ദേശങ്ങളും ആശയവിനിമയങ്ങളും അദ്ദേഹത്തിൽനിന്നും ഉണ്ടായിട്ടുണ്ടെന്നും ഇതിനുമുമ്പു കണ്ടല്ലോ.

എങ്കിലും ഈ സേവനങ്ങളും കാലാതിപാതത്തിൽ തുച്ഛങ്ങളായി തള്ളപ്പെട്ടുപോകാം. കാലവിപര്യയത്തിൽ പല പ്രശ്നങ്ങളുടേയും പ്രാധാന്യത തേഞ്ഞുമാഞ്ഞുപോകുന്നു. നായർബില്ലും വൈക്കംസത്യാഗ്രഹവും, വർത്തമാനപത്രാർഗ്ഗളേഷനും എല്ലാം പ്രക്ഷോഭജനകമായ പ്രമേയങ്ങളായിരുന്നകാലം കഴിഞ്ഞുപോയി. അവയിൽ മുന്നിട്ടു പ്രവർത്തിച്ചിരുന്നവരെ ആർപ്പുവിളികളോടെ സ്വീകരിച്ചിരുന്ന കാലവും പുനരാവർത്തിക്കുമെന്നു തോന്നുന്നില്ല. ഭാവിതലമുറ നിർവികാരമായ ഒരു മനോഭാവത്തോടുകൂടിമാത്രമേ അവയെ വീക്ഷിക്കുകയുള്ളു. അന്നത്തെ ഭഗീരഥയത്നങ്ങൾ ഇന്നു സാധാരണ കൃത്യങ്ങളായിമാത്രം വീക്ഷിക്കപ്പെടുന്നു. സമുദായപ്രവർത്തകന്മാരുടേയും രാഷ്ട്രീയപ്രക്ഷോഭകന്മാരുടേയും ഭാവിയശസ്സിനെ അഭിമുഖീകരിക്കുന്ന കഠിനമായ ഒരു പരമാർത്ഥമാണിത്. ഇതുകൊണ്ടുതന്നെയാണ് പൊതുജനസേവനമാകുന്ന മാനദണ്ഡത്തെമാത്രം ആധാരമാക്കി പി. കെ-യുടെ യശോധനപരിശോധനചെയ്യുവാൻ ഉദ്ദേശിക്കുന്നില്ലെന്ന് ആദ്യമേ പ്രസ്താവിച്ചത്.

എന്നാൽ ആ ജീവിതനദിയുടെ മറെറാരു ശാഖയായി നാം വ്യവഹരിച്ച സാഹിത്യാംശം കാലത്തിന്റെ സൈകതപ്പരപ്പിൽ ലയിച്ചുപോകുമെന്നു തോന്നുന്നില്ല. അഭിഭാഷകനോ, ന്യായാധിപനോ സമുദായനേതാവൊ ആയ പി. കെ. വിസ്മൃതപ്രായനാകുന്നകാലത്തും 'സാഹിത്യപഞ്ചാനനൻ' സജീവവിഗ്രഹനായിരിക്കും. അമൂല്യങ്ങളായ ആ ആശയങ്ങളും, അവയുടെ നിസ്തുല്യമായ പ്രകാശനരീതിയും കാലവിപര്യയത്തിന്റെ വിധ്വംസനവ്യാപാരത്തെ ചെറുത്തുനിൽക്കുവാൻ ശക്തിയുള്ളവയാണ്. സത്യത്തിന്റെ പ്രകാശംവിതറുന്ന ആശയരത്നങ്ങൾക്കു പഴക്കമില്ല. കലാവിലാസസുന്ദരമായ വാക്കുകൾ ഏതു കാലത്തേയും വശീകരിക്കുന്നു. ചിന്താചോദകങ്ങളായ ആശയങ്ങളുടേയും അവയെ വഹിക്കുന്ന രമ്യങ്ങളായ വാക്കുകളുടേയും പ്രയോക്താക്കൾ അനശ്വരയശസ്വികളാണ്. പി. കെ-യുടെ ഭാവിപ്രശസ്തിയ്ക്കുള്ള ഭദ്രമായ അടിസ്ഥാനത്തിന്റെ രഹസ്യം ഇതുതന്നെ.

'സാഹിത്യപഞ്ചാനന'ശബ്ദം പി. കെ-യുടെ ചിരസ്ഥായിയായ മാഹാത്മ്യങ്ങളെ ഉൾക്കൊള്ളുന്ന ഒരന്വർത്ഥബിരുദംതന്നെ. ഈ നാമം എങ്ങനെ ആരിൽനിന്നു ലഭിച്ചതാണെന്നുള്ള യാതൊരന്വേഷണവുംകൂടാതെ, ജനങ്ങൾ സന്തോഷപുരസ്സരം ആ ബിരുദം അദ്ദേഹത്തിനു സമ്മതിച്ചുകൊടുത്തിരിക്കുന്നു. 'സാഹിത്യപഞ്ചാനന'ശബ്ദത്തിന്റെ ഉത്ഭവം പരിപാവനമാണ്. ശ്രീമത് കുഞ്ഞൻപിള്ളചട്ടമ്പിസ്വാമികളുടെ ശിഷ്യപരമ്പരയ്ക്കു നടുനായകമായിരുന്ന ശ്രീനീലകണ്ഠതീർത്ഥപാദസ്വാമികളുടെ നാമധേയം കേരളീയർക്കു എന്നും സമാരാദ്ധ്യമാണല്ലോ. അഗാധമായ വൈദുഷ്യത്തിലായാലും, വേദാന്തവിഷയങ്ങളിലുള്ള അവഗാഹാനുഭൂതികളിലായാലും, സർവോപരി മനുഷ്യസമുദായസേവനത്തിലുള്ള താല്പര്യത്തിലായാലും കേരളത്തിൽ ആ മഹാനുഭാവനെ അതിലംഘിച്ചിട്ടുള്ള പുണ്യപുരുഷന്മാർ ചുരുക്കമായേ കാണുകയുള്ളു. അദ്ദേഹത്തിനു പി. കെ. യുടെ പാണ്ഡിത്യപ്രഭാവത്തിലുണ്ടായിരുന്ന മതിപ്പ് സീമാതീതമായിരുന്നു. സ്വാമികളും പി. കെ. യും തമ്മിൽ നേരിട്ടുണ്ടായിരുന്ന പരിചയം അത്ര സുദീർഘമായിരുന്നില്ല. എങ്കിലും ഇരുവരുടെയും വിജ്ഞാനശക്തികൾ ചിരകാലമായി പരസ്പരം സമാകർഷിച്ചുകൊണ്ടിരുന്നു. ആദ്യംമുതല്ക്കേ പി. കെ. യുടെ വിമർശലേഖനങ്ങൾ, യുക്തിവാദപടുവും താർക്കികനുമായിരുന്ന സ്വാമികളെ വളരെ രസിപ്പിച്ചു. അവയിൽ അവഗുംഫിതമായ പാണ്ഡിത്യവിലാസം സ്വാമികളുടെ പ്രശംസയ്ക്കു പലപ്പോഴും പാത്രമായിട്ടുണ്ട്. പി കെ-യ്ക്കു അങ്ങോട്ടുണ്ടായിരുന്ന മതിപ്പും തത്താദൃശംതന്നെയായിരുന്നു. സ്വാമികളുടെ ജീവചരിത്രഗ്രന്ഥത്തിന് പി. കെ എഴുതിയിട്ടുള്ള അവതാരികയിൽ അദ്ദേഹത്തിന്റെ മാഹാത്മ്യങ്ങളെ മാംസളമായിപ്രശംസിച്ചിട്ടുണ്ടെന്നു കാണാവുന്നതാണ്.

ഒരിക്കൽ ശിഷ്യപരിസേവിതനായ സ്വാമികൾ പി. കെ. യുടെ ഒരു പ്രബന്ധം വായിച്ചുകൊണ്ടിരുന്നു. അതിൽ ഒരിടത്ത് ഏതോ ഒരു പൂർവപക്ഷത്തെ പരിശോധിച്ച്, അതിലെ അയുക്തികതയെ ഖണ്ഡിച്ചു സ്വാഭിപ്രായം സ്ഥാപിക്കുന്ന ഒരു ഘട്ടം വായിച്ചുകേട്ടപ്പോൾ പ്രതിപാദനരീതിയുടെ രസപ്രവാഹത്തിൽ ആ പണ്ഡിതസദസ്സ് ആമഗ്നമായി. "അയം സാഹിത്യപഞ്ചാനനഃ"1 എന്നുണ്ടായ ഒരു ആക്രോശംകൊണ്ട് പെട്ടെന്ന് സ്വാമികൾ സദസ്സിന്റെ മൗനമുദ്രയെ ഭഞ്ജനം ചെയ്തു. രസാവഗാഹികളായ ശിഷ്യന്മാർക്ക് ആ പ്രയോഗം അന്വർത്ഥമായിതോ

(ശേഷം 5-ാംപേജിൽ)

1 ഇദ്ദേഹം സാഹിത്യപഞ്ചാനനൻതന്നെ

## കിനാവ്

—o—

(ഒ. നാണു, ഉപാദ്ധ്യായൻ)

കണ്ടേൻകിനാവൊന്നുഞാനിന്നലെ-
(ക്കുളിർ-
കൊണ്ടുടൻ രോമാഞ്ചകഞ്ചുകംചൂടിനേൻ;
ചേതസ്സുമായ് സിരാബന്ധംപുലത്തുന്ന
കാതുകങ്ങൾക്കായതുകാഴ്ചവയ്ക്കുന്നിതാ
ചുറ്റാറവെൺതരിപ്പുഴിപ്പുറമ്പിലെ
ഒട്ടുകെട്ടങ്ങനെന ല്ലൂന്നുമാഹനം
പുഷ്കലസത്ചമുരുവെട്ടത്തുള്ളൊരി-
ബ്ഭാർഗ്ഗവക്ഷേത്രസംസ്കാരംകണക്കിനെ
മുററത്തുനില്ക്കുമിലഞ്ഞിമരക്കൊമ്പി-
ലൊട്ടുക്കവന്നു നിരന്നു മരുത്തുകൾ
ആമഞ്ജുപത്രനസ്ത്രീലാസ്യകേളിയിൽ
പൂമഴപെയ്യുന്ന പൂർണ്ണകുതൂഹലം!
ചന്തംതിരളും നടപ്പുരയും നെടും-
പന്തിപ്പുരയും കടന്നു നടന്നുപോയ്
അങ്കണംപൂകവേ നാനാരസോന്ന ദ്ര-
മംഗലരംഗമൊന്നങ്ങുനോക്കവന്നുമേ
വെൺകളിത്തിണ്ണയിൽച്ചെമ്മതിർച്ചെ-
ന്നിര
തങ്കത്തക്കിടനിവിരെനിവത്തിട്ടു
പൂമുഖമാ,സ്ഥാനവേദിക്കിണങ്ങിയൊ-
രാമുഖം,കാണായ് കരംകുളിതംവ്വിധം
പൂവിട്ടമെത്തമേൽത്തത്രത്തുൺചേർന്നിലായ്
ചാവട്ടചാരിയിരിക്കുന്നൊരുപുമാൻ
ധന്യമാമെത്തറവാട്ടാറുനേടിയ്
പുണ്യമണിയുംപുരടമകുടിപോൽ
പട്ടുറുമാലാൽചിബുകവുംശീർഷവും
ചുററിമറച്ചു,പൊന്നക്ഷകണ്ഠനായ്,
ആയാമവക്ഷോനിടിലവിഭൂതിയായ്
ആജാനബാഹുവിരപ്പുവയോധനൻ
ഉൽക്കനായങ്കണത്തിങ്കലേച്ചുന്നിച്ചു-
നിൽക്കമന്യുന്നതകായനാമന്യനെ
ഉന്നിയമ്മേദുരകന്ധരമുന്മഥി-
ച്ചുഗ്രാജ്ഞപൊങ്ങുന്നപിന്നെയുംപിന്നെയും
റാൻമൂളിയും മതഭേദം വിനീതമാം
തേന്മൊഴിയിങ്കൽപകന്നും യഥോചിതം
ആനയകോവിദൻവ്വുലൻെറ ഏത്തട്ടി-
ലായിരമാശയ്ക്കുവിത്തുവിതപ്പുതേ
ചീളെന്നകത്തളത്തിങ്കലണിയിട്ട
ലോലനിഷേധാക്ഷരനിരലേഖിച്ചു
വട്ടവാതിൽപ്പടിമീതിൽവെന്നിക്കൊടി
നാട്ടിയൊരുകസൃതിക്കുരുന്നെത്തിനാൻ
കിങ്കിണിയേക്കാൾ കിലുക്കിച്ചിരിച്ചുകൊ-
ണ്ടങ്കണംനോക്കിക്കുതിക്കുമക്കുഞ്ഞിന്നു
മുന്നാഞ്ഞണഞ്ഞ വയോധിക ബാഹുക്കൾ
പൊന്നുഴിഞ്ഞാലയുലഞ്ഞാടി തെല്ലിട
പുത്രീമുഖാംബ്ജവും ഭാഗിനേയൻെറ സ്വ-
വിസ്തൃതാസ്സമിണങ്ങുംകുമാരനിൽ
ലക്ഷിപ്പതുണ്ടസ്ഥവിരനേത്രം കുല-
ലക്ഷ്മിതൻവാസവിലാസരംഗങ്ങളെ
മാറിയരഞ്ഞിൻവിധമു,ടനേപടി-
കേറിവരികയായ് വേത്രധരനൊരാൾ,
കുമ്പിട്ടുവന്നു ഗൃഹേശപരനെത്താണു-
കുമ്പിട്ടുനീട്ടൊന്നുനീട്ടിനിന്നാനവൻ
വെമ്പിയേററത്തിരുനീട്ടുവനൂനനായ്
തൻപാണികളിൽപ്പകന്നപ്രജാമണി
മാറിൽ,മിഴിയിൽ,നെറുകയിൽചേർത്തുചേ-
ത്താരോമൽഭാഗിനേയൻകൈയിലേകി-
(നാൻ
കല്പനവായിച്ചിളമ,പ്രഭുവിൻെറ
കർത്തവ്യശാസനംപറഞ്ഞുദിശിദിശി!
എമ്പാട്ടുമൊപ്പംമുഴങ്ങീപടയുടെ
വമ്പടഹലാപാനഘോഷമനക്ഷണം?
ഞെട്ടിയുണർന്നുഞാൻനോക്കിനേൻ,
(തൂവെള്ളി
വെട്ടം കിഴക്കുവീശുന്നതുകാണായി,
കല്പകത്തോപ്പിൽ കിളിപ്പാട്ടുകേൾക്കായി
"സ്വപ്നംചിലക്കു ചിലകാലമൊക്കണം?"

—o—

## വസ്തു വില്പാനുണ്ട്

കരുനാഗപ്പള്ളിതാലൂക്കിൽ പന്മന പകുതിയിൽ വടുതലമുറിയിൽ ശാസ്താംകോട്ടക്കു പോകുന്ന പബ്ലിക്കു റോഡിനു സമീപം 2 ഏക്കറോളം നല്ല ആദായമുള്ള തെങ്ങിൻതോപ്പും അതോടുചേർന്ന് 62 സെൻറ് ഇരുപ്പു നിലവുംകൂടി വില്ക്കാനുണ്ടു്. ആവശ്യക്കാർ കൂടുതൽവിവരത്തിനു് അപേക്ഷിക്കുക.

P. B.
C/o മലയാളരാജ്യം,
കൊല്ലം.

## കുടിലിൻെറ താരാട്ട്

—o—

(ചെന്നക്കാട്ടു ശ്രീധരൻപിള്ള)

ഉണരാതുണരാതുറങ്ങുകെൻതങ്കമേ!
ഉണരാതുണരാതുറങ്ങുതങ്കം

മരുതലംപോലെ മരച്ചുപോയ് ചേരി
[illegible] വായ്;
തളിരായനാവുംതളന്നുപോയി;
കനിവാന്നു; നാവുനനയ്ക്കുവാനീശ്വരൻ
അരുളിയകണ്ണുനീർ വററിയല്ലോ!
മരുഭൂവിലെത്തുമരുവികൾക്കുവം
വരെയും ജലകണം വററുമെന്നോ?
ഉണരാതുണരാതുറങ്ങുകെൻതങ്കമേ!
ഉണരാതുണരാതുറങ്ങുതങ്കം.

പലഹാരം നൽകിടാംതങ്കക്കിനാവുകൾ
പലവാറെൻകുഞ്ഞിന്നുനിദ്രയിങ്കൽ
തരുവാനൊരെണ്ണവുമില്ലാത്തൊരെന്മുഖം
തിരയുവാൻനേത്രംതുറന്നിടൊല്ലേ!
ഉണരാതുണരാതുറങ്ങുകെൻതങ്കമേ!
ഉണരാതുണരാതുറങ്ങുതങ്കം


മണിമേടമേലോട്ടുയരേണമെങ്കിലോ
പതിയണം താഴോട്ടുപുല്ലുമാടം!
മണിമേടയ്ക്കാശ്വാസനിശ്വാസംകൊള്ളു-
വാൻ
കുടിലിന്നുമുട്ടണം വീർപ്പുമുട്ടൽ!
മണിമേടയയന്നുമുണന്നുസുഖിക്കുവാൻ
കുടിലുകൾ കണ്ണടച്ചീടവേണ്ടേ?
ഉണരാതുണരാതുറങ്ങുകെൻതങ്കമേ!
ഉണരാതുണരാതുറങ്ങുതങ്കം

ജനനം മരിക്കുവാൻ കാംക്ഷിച്ചിട്ടുന്നനാം
മരണം മരിക്കുവാൻ വൻപ്രഭുക്കൾ!
ജനനമരണങ്ങൾ പാരിൽ പരസ്പരം
പകരുന്നതെന്തിനാം ജീവനാവോ?
കരുണതൻ കാൽച്ചിലമ്പൊച്ചയുമില്ലാത്ത
ധരണിയിൽ നമ്മൾക്കു നിദ്രസൗഖ്യം!
ഉണരാതുണരാതുറങ്ങുകെൻതങ്കമേ!
ഉണരാതുണരാതുറങ്ങുതങ്കം.

അടയുമ്പോളത്രേ വെളിച്ചം;മിഴുളതാൻ
വിടരുമ്പോൾ നമ്മൾക്കുകൺപോളകൾ!
ഇരവിൻസരോരുഹം; പകലിൻെറകൈ-
രവം
വിടരാതെ വിടരാതെ നിന്മിഴികൾ!
ഉണരാതുണരാതുറങ്ങുകെൻതങ്കമേ!
ഉണരാതുണരാതുറങ്ങുതങ്കം.

—o—







ഈ യുദ്ധത്തിൽ ഇന്ത്യയിലെ ഭടന്മാർ മുന്നണിയിൽ നിന്നു സഹായിച്ചു. നിറം കൊടുത്തിരിക്കുന്നത് വീണ്ടെടുത്ത പ്രദേശങ്ങളെ കാണിക്കുന്നു.

# സഹനത്തിൻെറ വിജയം

1944 - മേയിലെയും ജൂണിലെയും ഉൽകണ്ഠാപരമായ ദിവസങ്ങളിലെ വർത്തമാനങ്ങളിൽപെട്ട ആ പേരുകൾ നിങ്ങൾ ഓർക്കുന്നുണ്ടോ? ഡിമ്മാപ്പൂർ, കൊഹിമാ, ബിഷൻപൂർ, ഉക്രൂൾ. . . എന്നാൽ നമ്മുടെ യോദ്ധാക്കളുടെ ക്ലേശമില്ലാതെയുള്ള പരിശ്രമത്തിൻെറ ഫലമായി ഇന്നു് നമുക്ക് പുതിയ പേരുകൾ കേൾക്കാൻ ഇടയായി. ഫോർട്ട് വൈററ്, കലീമിയോ, കലീവാ, ഇയ്യൂ, അക്യാബ്, ഷ്വിബൊ . . . ഭൂപടത്തിൽ നോക്കിയാൽ ഇത് നിങ്ങൾക്ക് മനസ്സിലാകും. ബർമ്മായുടെ 80,000 ചതുരശ്ര മൈലിൽ കൂടുതൽ (രാജ്യത്തിൻെറ ഏകദേശം മൂന്നിലൊരുഭാഗം) ശത്രുവിൽനിന്നു രക്ഷിച്ചുകഴിഞ്ഞു. ജപ്പാൻകാർക്ക് ഇതിനകമായി ഒരു ലക്ഷത്തിൽപരം ആളപായവും ഉണ്ടായിട്ടുണ്ട്.

ഈ വിജയം കൈവരുത്തുന്നതിന് സഹായിച്ച ആളുകൾ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ എല്ലാ ഭാഗങ്ങളിൽ നിന്നും വന്നിട്ടുള്ളവരും നാനാ ജാതിയിലും മതത്തിലും ഉൾപ്പെട്ടവരുമാണ്. വെറും സഹനത്തിൻെറയും കഠിനസമരത്തിൻെറയും നേട്ടമായ ഈ വിജയം സിദ്ധിക്കുന്നതിനു് അവർക്കുണ്ടായിട്ടുള്ള കഷ്ടതകൾ നമുക്ക് ഊഹിക്കാൻ കഴിയും. നമ്മുടെ സമാധാനവും, രക്ഷയും, അവർ സുരക്ഷിതമാക്കിയെന്നു് നമുക്ക് പൂർണ്ണമായി ബോദ്ധ്യപ്പെട്ടു. എന്നാൽ ജപ്പാൻ നിശ്ശേഷമായി തോല്പിക്കപ്പെടുന്നതുവരെ ഇന്ത്യ ആക്രമണത്തിൽ നിന്നും വിമുക്തയാവുകയില്ല. അതുകൊണ്ടു് നമുക്കെല്ലാം ഈ ആക്രമണത്തിനു പിൻതുണ നൽകാം.



ഈ പാലം യുദ്ധസ്ഥലങ്ങളിലുള്ളതിൽവെച്ച് ഏററവും വലിയ പാലം—ചിൻഡ്വിൻ കടക്കുന്നതിനായി ഇന്ത്യൻ ആർമി എൻജിനിയരന്മാരാൽ പണിചെയ്തിട്ടുള്ളതാണ്.

# അവസാന വിജയത്തിലേക്ക്

AAA-101

— ഇന്ത്യാഗവൺമെൻറ് [illegible] നാഷണൽ സർവീസിംഗ് ഡിപ്പാർട്ടുമെൻറിൽ നിന്നു പുറപ്പെടുവിക്കുന്നത്.

# കേരളവർമ്മദേവൻ

(എസ്സ്. പുരുഷോത്തമൻനായർ)

രാജ്യതന്ത്രജ്ഞൻെറ ദൃഷ്ടിയോടുകൂടി കേരളസാഹിത്യചരിത്രം ഒന്നു പരിശോധിച്ചുനോക്കുന്നതു് രസാവഹമാണ്. ആത്മീയാധികാരം വഹിക്കുന്ന തുഞ്ചത്തു ഗുരുനാഥനെ ഒഴിയോടുകൂടി ഒഴിച്ചു നിറുത്തിയാൽ; ചമ്പുകാരന്മാരുടെയും മററും പ്രഭുഭരണം, കോവിലകങ്ങളിലെ രാജഭരണം, നമ്പിയാർ പ്രഭൃതികളുടെ പ്രജായത്തഭരണം ഇങ്ങനെ ഭരണവൈവിധ്യങ്ങൾ എല്ലാം കാണാൻ പ്രയാസമില്ല. ഈ ഭരണങ്ങളിൽ ഒന്നിനും കേരളത്തെ മുഴുവൻ സ്വാധീനപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് ഒരു പ്രത്യേകത. എന്നാൽ മലയാംനാടുമുഴുവൻ മായാമയമായ സ്വാധീനശക്തിയിൽ ഒന്നാക്കി ഭരിച്ച ഒരു വിശിഷ്ടവ്യക്തിയെ ഒടുവിൽ നാം കാണുന്നുണ്ട്. ആ മഹാവ്യക്തിയാണ് "കോയിപ്പണ്ടാല പാത്താൽ രിപുജനപടലീ ഭീമനാം ഭീമസേനൻ" എന്നു് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു വാഴ്ത്തുന്ന കേരളവർമ്മദേവൻ. കേരളസാഹിത്യസാമ്രാജ്യത്തെ സംബന്ധിച്ചിടത്തോളം പാപ്പുലർ ഡിക്റ്റേറർ എന്നു പറയപ്പെടുന്ന സർവ്വജനപ്രിയനായ ഒരു ഏകശാസനാധികാരിയായിരുന്ന മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ സി. എസ്സ്. ഐ. ഗൂഢാലോചനകളുടെ ദുഃസ്വാദു് അറിയാത്ത അവിടത്തെ ഭരണം ഏവർക്കും ആനന്ദപ്രദമായിരുന്നു.

കേരളവർമ്മതിരുമനസ്സിലെ ജനനം പപ്പുരാജവംശത്തിൽ. അവിടത്തെ പ്രാണപ്രിയ ഭാരതമകുടമായ വഞ്ചിരാജേശ്വരി തിരുമനസ്സുകൊണ്ടു്. ഈ രണ്ടു ഭാഗ്യങ്ങളും അവിടത്തെ സർവ്വാദരണീയനാക്കി. തിരുമേനിയുടെ വ്യക്തിമാഹാത്മ്യമോ—? വിശ്വസിക്കാൻവയ്യാത്ത ഇതിഹാസങ്ങൾപോലെ, എന്നാൽ മുഴുവൻ സത്യമായി നിലകൊള്ളുന്നു. പതിന്നാലുവയസ്സിനുമുമ്പ് ചതുശ്ശാസ്ത്രപാണ്ഡിത്യം നേടിയ അതിബുദ്ധിമാന്മാർ എത്രയുണ്ടു്? അറുപത്തിനാലു കലകളിലും നൈപുണ്യം സമ്പാദിക്കാൻ ഒരു പുരുഷൻെറ ആയുഷ്കാലത്തിനിടയിൽ സാദ്ധ്യമാണോ? അഖിലകലാവല്ലഭൻ എന്ന ബിരുദം തിരുമേനിയുടെ മുമ്പിൽ എപ്പോഴും ആദരപൂർവ്വം കാത്തുനിന്നിരുന്നു. വിവിധഭാഷകളിൽ അവിടത്തേക്കുണ്ടായിരുന്ന പാണ്ഡിത്യം സുവിദിതമാണ്. കവിതയോ—? സംസ്കൃതത്തിലും മലയാളത്തിലും ഒരുപോലെ. വിശാഖവിജയംകാവ്യം ലളിതാംബാഖണ്ഡകം ക്ഷമാപണസഹസ്രം ഇങ്ങനെ അനേകം സംസ്കൃതകൃതികൾ അനശ്വരതയിൽ സ്ഥാനം പിടിച്ചു നിൽക്കുന്നു. മേഘസന്ദേശത്തെ വെല്ലുവിളിക്കുന്ന മയൂരസന്ദേശം ദൈവയോഗം ശ്രീപത്മനാഭപദപത്മശതകം ഇവ കൈരളിയുടെ അമൂലസമ്പത്തിൽ ഉൾപ്പെട്ടുപോയി. മത്സ്യവല്ലഭവിജയം തുടങ്ങിയ ആറു ആട്ടക്കഥകൾ നമ്മുടെ കഥകളി വിഭാഗത്തിൽ മുൻപന്തിയിൽ നിലകൊള്ളുന്നു. മലയാളത്തിൽ സംസ്കൃതത്തിൽനിന്നുള്ള തർജ്ജിമയ്ക്കു മുന്നോടിയായതു് അവിടത്തെ മണിപ്രവാളശാകുന്തളമാണ്. "സുമതികൾ മണിചന്ദ്രമേനവൻെറ കമനീമനീഷിണി"യുടെ അഭിലാഷപ്രകാരം അമരുകശതകവും മണിപ്രവാളത്തിലായി. നീലകണ്ഠദീക്ഷിതരുടെ അന്യാപദേശശതകത്തിനും മണിപ്രവാളസൗന്ദര്യം കൈക്കൊള്ളേണ്ടിവന്നു. ഗദ്യസാഹിത്യത്തിൻെറ പിതൃസ്ഥാനം വഹിക്കുന്ന തിരുമേനി വെട്ടിത്തെളിച്ച മാർഗ്ഗത്തിൽക്കൂടിയാണ് ഇന്നു മലയാളികൾ സ്വച്ഛന്ദം സഞ്ചരിക്കുന്നതു്. അക്ബർ മഹച്ചരിതസംഗ്രഹം മുതലായ ഗദ്യഗ്രന്ഥങ്ങൾ ഒരിക്കലും മറക്കത്തക്കതല്ല. ചുരുക്കിപ്പറഞ്ഞാൽ മലയാളത്തിൽ ഇന്നുകാണുന്ന പരിഷ്കാരങ്ങളിൽ പലതിനും വിത്തുപാകിയതു തിരുമനസ്സുകൊണ്ടായിരുന്നു. ഇപ്പോൾ ആണ്ടുതോറും പുറപ്പെടുന്ന തിരുനാൾ മംഗളപത്രങ്ങളുടെ ആദ്യസ്രഷ്ടാവുപോലും വലിയകോയിത്തമ്പുരാൻ തിരുമേനിയായിരുന്നു. ഒരു തിരുനാൾ അടുത്തപ്പോൾ ശ്രീ: കെ. ഐ. വർഗ്ഗീസുമാപ്പിളയുടെ മലയാളമനോരമയിൽ ഓരോ മംഗളശ്ലോകം സാപദ്യംവീതം എഴുതാൻ തിരുമേനി കവികളോടെല്ലാംനിർദ്ദേശിച്ചതും ആദ്യത്തെ ആ മംഗളപത്രത്തിൽ "ആശങ്കിക്കേണ്ട മൂലക്ഷിതിപതി" എന്നുതുടങ്ങുന്ന പദ്യം അവിടുന്നു് പ്രസിദ്ധം ചെയ്തിരുന്നതും പലർക്കും അറിയാവുന്ന പരമാർത്ഥങ്ങളാണ്. ഈ അനന്യസുലഭമായ യോഗ്യതകൾ എല്ലാം കൂടിയാണ് തിരുമേനിയുടെ സാഹിത്യസാമ്രാജ്യത്തിലെ സർവ്വാധിപത്യം അനിഷേധ്യമാക്കിയതു്.

കേരളവർമ്മദേവൻെറസ്വഭാവവിശേഷം കേരളത്തിലെ സാഹിതീഭക്തന്മാരെയെല്ലാം വശീകരിച്ചിരുന്നു. ഉത്തമോത്തമനായ അവിടുന്നു് അല്പമായെങ്കിലും സാഹിത്യവാസനയുള്ളവർക്കെല്ലാംഒരു പ്രോത്സാഹനകേന്ദ്രമായി പരിലസിച്ചു. അവിടത്തെ സമീപിച്ചവരാരും ഹതാശരായി പിൻവാങ്ങിയിട്ടില്ല. എത്രയോ മഹോന്നതമായ സ്ഥാനത്തിൽ പ്രശോഭിച്ചിരുന്ന തിരുമനസ്സിലെ വിനീതസ്വഭാവവും സ്നേഹാർദ്രതയും എല്ലാഹൃദയങ്ങളും കവർന്നെടുത്തുവന്നു. നിഷ്കളങ്കതയായിരുന്നു അവിടത്തെ ജീവിതപ്രമാണം. കാണുമ്പോൾ വളരെ മധുരമായി സംസാരിക്കുക, പോകുമ്പോൾ പരിഹസിക്കുക, ഈ വിദ്യകൾ ഒന്നും അവിടുന്നു് അറിഞ്ഞിരുന്നില്ല. ഒരാൾക്കു വല്ല അഭിപ്രായങ്ങളോ മറേറാ കൊടുത്തതിനുശേഷംവേറെ വല്ലവരെയുംകാണുമ്പോൾ "സൊല്ലുഒഴിച്ചു" എന്നു തട്ടിവിടുന്ന പ്രകൃതവും അവിടത്തേക്കു ഉണ്ടായിരുന്നില്ല. പരസ്യമായി പ്രശംസയും സഹായവാഗ്ദാനങ്ങളും ചെയ്തിട്ടു് ഗൂഢമായി ദ്രോഹിക്കുന്ന സ്വഭാവവും അവിടത്തേക്കു ഇല്ലായിരുന്നു. മഹാപുരുഷനായതിരുമേനി രഹസ്യത്തിലും പരസ്യത്തിലും ഒരാൾതന്നെയായിരുന്നു. പരശ്രീതന്നെ ആയിരുന്നു അവിടത്തെ ജീവിതാനന്ദം. സാഹിത്യപരമായി പറകയാണെങ്കിൽ കേരളത്തിലെ ജാതിമതഭേദബുദ്ധിവിട്ട ആദ്യത്തെ ഉന്നതസസ്ഥാനീകൻ കേരളവർമ്മവലിയകോയിതമ്പുരാൻ തിരുമനസ്സുകൊണ്ടുതന്നെയായിരുന്നു. കഴിഞ്ഞ എസ്സ്. എൻ. ഡി. പി. യോഗത്തിലെ സാഹിത്യസമ്മേളനത്തിൽ ശ്രീ. പള്ളത്തുരാമൻ

(ശേഷം പതിനൊന്നാംപേജിൽ)




രക്തശുദ്ധിക്കും, രക്തവർദ്ധനവിനും ഉപയോഗിക്കാവുന്ന ഏക ടാണിക്ക്. സ്ത്രീകൾക്കു തീണ്ടാരിക്കാലങ്ങളിൽ ഉണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും കൈകണ്ട ഔഷധം.

16 ഔൺസ്സ് കുപ്പി 1-നു് വില 4-ക. മാത്രം.

നിർമ്മാതാക്കൾ:—

ആരോഗ്യദായിനി വൈദ്യശാല.

പുതിയറോഡ്, കൊച്ചി.

കൊല്ലം സ്റ്റോക്കിസ്റ്റ്സ്—

M/s S. രാമലിംഗംപിള്ള & സൺസ്സ്.

## ക്ഷീരപാനചികിത്സ

നാഡിരോഗങ്ങൾ, ദഹനവൈഷമ്യങ്ങൾ, ശക്തിക്ഷയം, ഉദരത്തിൽ പുളിപ്പ്, കുടലുകളിൽ വ്രണങ്ങൾ, ത്വക്‌രോഗങ്ങൾ, പിത്തം, വിളർച്ച, കഫപ്പെരുക്കം, മലബന്ധം, പഴകിയ വയറുകടി, കാസശ്വാസം, പഴകിയ മലമ്പനി, അർശസ്സ്, അപ്പെൻഡിസെററിസ്, വാതം, ഗർഭാശയരോഗങ്ങൾ, ധാതുക്ഷയം, കരൾവ്യാധികൾ, പ്രമേഹവും, മൂത്രരോഗങ്ങളും, ക്ഷയം ലഹരിപരിശീലനം, രക്തസമ്മർദ്ദം, മുതലായ പഴകിയ രോഗങ്ങൾ പാലും ജലവും മാത്രം പ്രയോഗിച്ചു തന്നത്താൻ സുഖപ്പെടുത്തുവാൻ സാധിക്കുന്ന വിധം വിവരിച്ചിട്ടുള്ള "ക്ഷീരപാനചികിത്സ" പുസ്തകം വില രൂപ ഒന്നര.

N. B: ഇവിടെ താമസിച്ചു് ചികിത്സയ്ക്കുവരുന്നവർ നേരത്തെ എഴുതണം.

ആതുരദാസ്

കുരട്ടിമല ആതുരാശ്രമം

A. O. സചിവോത്തമപുരം.

## ഏക്സിമൊ



### ഇപ്പോഴും?

നിങ്ങൾ ഇപ്പോഴും കാസശ്വാസോപദ്രവത്താൽ കഷ്ടപ്പെടുന്നുണ്ടെങ്കിൽ, എന്തിനായി വേഗത്തിൽ ഭേദമാവും ഫലത്തെപ്പററി സംശയമില്ലാ എന്നെല്ലാം ഒരേ സമയത്തു പറഞ്ഞു വഞ്ചിക്കുന്നവരുടെ ചാൽപ്പടികൾ കളിക്കുന്നു?

"ശ്വാസഹാരി" (Shwas Hari) ആസ്ത്മക്കു് ഡോക്ടർമാർക്കുള്ള ഒരുകണ്ട ഔഷധമാകുന്നു. അതു് ആസ്ത്മയുടെ ശക്തിയെ കുറയ്ക്കുക മാത്രമല്ലാ ആ രോഗത്തെ തീരെ ഭേദപ്പെടുത്തുന്നു. ഒരിക്കൽ മരുന്നു കഴിച്ചാൽതന്നെ ചുമയും മുട്ടലും ഇല്ലാതാകുന്നു. നിങ്ങൾക്കു് എത്രയും സുഖകരമായ നിദ്ര ലഭിക്കും. നല്ലവണ്ണം ഭക്ഷണം കഴിക്കുവാനും ജോലി ചെയ്‌വാനും സാധിക്കുന്നു. ക്രമത്തിൽ നിങ്ങളുടെ ആരോഗ്യത്തെ വർദ്ധിപ്പിക്കും. നിങ്ങളുടെ ശ്വാസകോശങ്ങൾക്കു ബലം വർദ്ധിക്കും. കാസശ്വാസത്തിൻെറ ഉപദ്രവം തീരെ ഇല്ലാതാവുകയുംചെയ്യും.

എല്ലാ പ്രധാന വ്യാപാരികളിൽനിന്നും 3 ഔൺസ്, 6 ഔൺസ്, 12 ഔൺസ്. എന്നീ തോതിൽ 3 ക. 6 ണ, 5 ക. 12 ണ, 10 ക. എന്നീ വിലയ്ക്കു ലഭിക്കുന്നതാണ്.

Quilon Stockists:- S. Ramalingam Pillai & Sons, Big-Bazaar,

*Manufacturers:-*

Dr. Purohit's Pharmacy, Kolhapur.

Purohit's **SHWASHARI**

## ബൃഹൽസംഹിത

വ്യാഖ്യാതാ, പുലിയൂർ

പി. എസ്സ്. പുരുഷോത്തമൻനമ്പൂതിരി.

വില ൪ രൂ. ൪ ണ

[illegible]

## ചോരഭയം കൂടാതെ നിങ്ങളുടെ ധനം സൂക്ഷിക്കുവാൻ

N. S. കമ്മത്ത് & കമ്പനിയുടെ

ബലവും ഈടും ഭംഗിയുമുള്ള

ഇരുമ്പുപെട്ടികൾ

ആഫീസ് അലമാരകൾ

ഇരുമ്പുമേശപ്പെട്ടികൾ

## വാങ്ങുവിൻ

മിതമായ വിലയ്ക്കു എവിടെയും എപ്പോഴും എത്തിച്ചുകൊടുക്കുന്നതാണ്.

ഹെഡാഫീസ് —കൊല്ലം. ബ്രാഞ്ച്:—ആലപ്പുഴ.

# ബർമ്മയിൽനിന്നുള്ള എൻെറ വിജയകരമായ പിന്മാററം

## 7. കാളവണ്ടിയാത്ര

(പി. കെ. രാജരാജവർമ്മ, എം. എ.)

ശരാശരി മണിക്കൂറിനു ഒന്നര മൈലിൽ കൂടുതൽ വേഗത വണ്ടികൾക്കില്ലായിരുന്നു. 200 കാളകളും അത്രയും വണ്ടിച്ചക്രങ്ങളും നിർലോഭം ഇളക്കിവിട്ടുകൊണ്ടിരുന്ന പൂഴിപ്രളയത്തിൽ സ്നാനംചെയ്തുകൊണ്ടും ഇടയ്ക്കിടെ വണ്ടിയിൽകയറിഇരുന്നും ക്ഷീണംകൊണ്ടുമയങ്ങിയും കൂടെക്കൂടെ വണ്ടിയുടെ വശങ്ങളിൽ തലഅടിച്ചുണർന്നും അങ്ങനെ മണിക്കൂറുകൾ പലതു തള്ളി. ഏകദേശം അർദ്ധരാത്രി ആയപ്പോൾ വണ്ടികളെല്ലാം ഒരു ചെറിയ മൈതാനത്തു നിന്നു. വണ്ടികളുടെയും അഴിച്ചുകെട്ടപ്പെട്ട കാളകളുടെയും ഇടയിൽ ആ ഇരുട്ടത്തു പെരുമാറുന്നതു പ്രയാസമേറിയ ഒരു കാര്യമായിരുന്നു എങ്കിലും അതിനിടയിൽ ഒരട്ടപ്പുകൂട്ടി, അടുത്തുണ്ടായിരുന്ന ഒരു തോട്ടിൽനിന്നു വെള്ളം കൊണ്ടുവന്നു ഞങ്ങൾ ഓരോ കപ്പു "ഹോർലിക്സു" ഉണ്ടാക്കി കഴിച്ചു. അപ്പൊഴേക്കും ആകാശം ഇരുണ്ടുമൂടി. ഇടിയും മിന്നലും ഭീഷണിപ്പെടുത്തി. തണുത്ത കാററടിച്ചു. വലിയ മഴയും ആരംഭിച്ചു. വണ്ടികളുടെ മേൽപ്പുരകൾ നാമമാത്രങ്ങളായിരുന്നതിനാൽ അവയിൽ അഭയംപ്രാപിച്ചതുകൊണ്ടു യാതൊരു പ്രയോജനവും ലഭിച്ചില്ല. വണ്ടിയിലെ സാമാനങ്ങളും ഞങ്ങളും നനഞ്ഞൊലിച്ചു. തമ്മിൽ ഭേദം വണ്ടിയുടെ ചുവട്ടിൽ നിലത്തു കുത്തിയിരിക്കുകയാണെന്നുറച്ചു അങ്ങനെ ചെയ്തു. എന്നാൽ, ശക്തിയോടെ അടിച്ചിരുന്ന കാററും വണ്ടിക്കുള്ളിൽനിന്നു ഇററിററു വീണുകൊണ്ടിരുന്ന മഴവെള്ളവും നിലത്തുണ്ടായിരുന്ന ചളിയും ചാണകത്തിൻെറ നാററവും കാളകളുടെ തൊഴി കൊള്ളുമോ എന്ന ഭയവും ഒന്നും കാണാൻപാടില്ലാത്ത ഇരുട്ടും എല്ലാംകൂടെക്കൂടി അവിടുത്തെ അനുഭവം ഭയങ്കരമാക്കിത്തീർത്തു. വസ്ത്രങ്ങളുടെ ഉള്ളുവരെനനഞ്ഞിരുന്നതിനാൽ തണുപ്പുകൊണ്ടു വിറച്ചു. ദേഷ്യപ്പെട്ടതുകൊണ്ടും സങ്കടപ്പെട്ടതുകൊണ്ടും യാതൊരു പ്രയോജനവുമില്ലെന്നും മഴ മാറുന്നതുവരെയല്ല, വസ്ത്രങ്ങൾ തനിയേ ദേഹത്തു കിടന്നു ഉണങ്ങുന്നതുവരെ ക്ഷമയോടെ അനുഭവിക്കുകയേ നിവൃത്തിയുള്ളുവെന്നും ഉള്ള വാസ്തവം ഞാൻ മനസ്സിലാക്കി. വേഗം മഴ നിൽക്കണമെന്നും സുഖക്കേടൊന്നും ഉണ്ടാകരുതെന്നും ഉള്ള പ്രാർത്ഥനയോടെ അവിടെ രണ്ടു മണിക്കൂറോളം കഴിച്ചുകൂട്ടി.

മഴ നിന്നപ്പോൾ ചിലർ അങ്ങുമിങ്ങും അഴികൾ കൂട്ടി. ഉണങ്ങിയ ഒരുതരം മുൾവള്ളികൾ അവിടെ സമീപത്തു ഇടതിങ്ങി നിന്നിരുന്നതിനാൽ അവ വലിച്ചുപറിച്ചു തീ കത്തിക്കുന്നതിനു വിഷമമുണ്ടായിരുന്നില്ല. ഒരാഴിയുടെ സമീപത്തു പോയി ദേഹം ചൂടാക്കിക്കൊണ്ടും കുറേശ്ശ ചാറിക്കൊണ്ടിരുന്ന മഴയെ കൂട്ടാക്കാതെയും ഉറക്കംകൊണ്ടു കൺപോളകളടഞ്ഞും പിന്നെയും ഒന്നുരണ്ടുമണിക്കൂറുകൾ കഴിച്ചു. അപ്പൊഴേക്കും ഏകദേശം നാലുമണി ആയതിനാൽ വണ്ടികൾ വിടാൻ സമയമായെന്നു വണ്ടിക്കാർ അറിവുതന്നു. എല്ലാവരും വണ്ടികളിൽ കയറി ഇരുന്നു. മുട്ടററം പൂതയുന്ന മണ്ണിൽകൂടി വണ്ടികൾ പൂർവാധികം സാവധാനത്തിൽ പ്രയാണമാരംഭിച്ചു. ഈറൻവസ്ത്രങ്ങളോടെ ആയിരുന്നെങ്കിലും ഇരിക്കാൻമാത്രമേ സ്ഥലമുണ്ടായിരുന്നുള്ളവെങ്കിലും ഞാൻ കുറച്ചുനേരം വണ്ടിയിലിരുന്നുമയങ്ങി.

വണ്ടിക്കൂട്ടം കാലത്തു ആറുമണിക്കു "ഷ്വീബോ" പട്ടണത്തിൽ പ്രവേശിച്ചു. എന്നാൽ വണ്ടികൾ അവിടെ നിർത്താതെ വണ്ടിക്കാർ യാത്രതുടരുകയാണു ചെയ്തതു്. ഷ്വീബോയിൽ ഇറങ്ങി അവിടെ ഉണ്ടായിരുന്ന രണ്ടു മൂന്നു സ്നേഹിതന്മാരെ കാണണമെന്നും ചൂടുള്ള ആഹാരം എന്തെങ്കിലും കഴിക്കണമെന്നും ആശിച്ചുകൊണ്ടിരുന്ന എനിക്കു് വണ്ടിക്കാരുടെ നിശ്ചയം ഇച്ഛാഭംഗം ഉളവാക്കി. സ്നേഹിതന്മാരുടെ സ്ഥലം അന്വേഷിച്ചു പോകാൻ സമയമില്ലെങ്കിലും എന്തെങ്കിലും ആഹാരം കഴിക്കാതെ നിവൃത്തിയില്ലെന്നും അതിനുശേഷംവണ്ടിയുടെ പുറകേ നടന്നെത്താമെന്നും നിശ്ചയിച്ചുകൊണ്ടു ഞാനും വേറൊരാളും അവിടെ ഇറങ്ങി. ഷ്വീബോ പട്ടണം മിക്കവാറും വിജനമായിരുന്നു. എങ്കിലും അത്യാവശ്യത്തിനു ഒന്നുരണ്ടു ചായക്കടകൾ അവിടെ പ്രവർത്തനം തുടർന്നിരുന്നു. വേഗം ചായ കഴിച്ചിട്ടു ഞങ്ങൾ വണ്ടിയുടെ പുറകേ ഓടിഎത്തി. അപ്പോൾ മററുള്ളവർക്കും ചായ കഴിക്കണമെന്ന ആശ തുടങ്ങി. ഞങ്ങളുടെ വണ്ടികൾ മാത്രം പട്ടണത്തിൻെറ അതിർത്തിയിൽ നിർത്താൻ വണ്ടിക്കാരെ പ്രേരിപ്പിച്ചിട്ടു് അവർ ചായകഴിക്കാൻ പോയി. ഞാൻ വണ്ടിയിൽ കാവലിരുന്നു. മണിക്കൂറുകൾ രണ്ടു കഴിഞ്ഞിട്ടും അവർ തിരിച്ചുവരാതിരുന്നതിനാൽ വലിയ മുഷിവുതോന്നി. അപ്പോൾ ഒരു വിമാനാക്രമണസൂചനയും സ്വല്പനേരത്തിനുശേഷം ഒന്നുരണ്ടു വിമാനങ്ങളുടെ ഇരപ്പും കേൾക്കുമാറായി. വണ്ടിയിൽനിന്നിറങ്ങി ഒരു മരത്തിൻെറ ചുവട്ടിൽഞാൻ ഇരുന്നു. കാത്തിരുന്നു മുഷിഞ്ഞ വണ്ടിക്കാർ അവർക്കു ഭക്ഷണം തയാറാക്കാനായി സമീപത്തുണ്ടായിരുന്ന ഒരു സന്യാസിമഠത്തിൽ കയറി. ഞങ്ങളുടെ ആളുകൾ വന്നതിനുശേഷവും വണ്ടിക്കാർ ഒരു മണിക്കൂർ താമസിച്ചു. അങ്ങനെ ഞങ്ങൾ വീണ്ടും യാത്രതുടർന്നപ്പോൾ 11 മണി കഴിഞ്ഞിരുന്നു. ഷ്വീബോയിൽനിന്നു ഒന്നുരണ്ടു മൈൽ ദൂരെയുള്ള ഒരു സ്ഥലത്തു വണ്ടികൾ നിർത്തുകയും, ഭക്ഷണം തയാറാക്കുന്നതിനും കുളിക്കുന്നതിനും തലേദിവസം നനഞ്ഞ വസ്ത്രങ്ങൾ ഉണക്കുന്നതിനും ഞങ്ങൾ ഒരുമ്പെടുകയും ചെയ്തു.

ഞങ്ങളുടെ ചെറുസംഘത്തിൻെറ ഏടയിലുള്ള ഐകമത്യം ഇതിനകം പലപ്രാവശ്യം തലകാട്ടിക്കഴിഞ്ഞിരുന്നു ഞങ്ങളുടെകൂടെയുണ്ടായിരുന്ന ബംഗാളിക്കാരൻ ഞങ്ങളെ വിട്ടു ഒരു ബംഗാളിസെററിനോടു ചേർന്നു ബ്രാഹ്മണരും അബ്രാഹ്മണരുംതമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മ പ്രസ്പഷ്ടമായിത്തുടങ്ങി. ടി. എം. കെ. സംഘക്കാരുടെ ചെയ്തികളെ ഉദാഹരിച്ചുകൊണ്ടു ബ്രാഹ്മണരെ പൊതുവേ പുലഭ്യം ശകാരിക്കുന്നതിൽ രണ്ടു മൂന്നുപേർ സദാ ഉൽസുകരായിരുന്നു. ഈ സംഘത്തിൽ തങ്ങൾ ശക്തികുറഞ്ഞ ഒരു ന്യൂനപക്ഷമാണെന്നു ബോദ്ധ്യമുണ്ടായിരുന്ന ബ്രാഹ്മണർ വളിച്ചു വിളറിയ മുഖങ്ങളോടെ അതെല്ലാം മൗനമായി കേട്ടുകൊണ്ടും ആരുമില്ലാത്തപ്പോൾ പിറുപിറുത്തുകൊണ്ടും ഇരുന്നു. ബ്രാഹ്മണരുടെയും ഒരു വൈദ്യപിള്ളയുടെയും എൻെറയും സാന്നിദ്ധ്യം മത്സ്യമാംസാദികൾ പാകംചെയ്തു കഴിക്കുന്നതിനു് ഒരു പ്രതിബന്ധമായി മററുള്ളവർ ഗണിച്ചു. മി. പിള്ളയോടും എന്നോടും ചോദിച്ചുകൊണ്ടും ബ്രാഹ്മണരോട അനുമതി ചോദിക്കാതെയും അവർ ഒരു പാത്രത്തിൽ മത്സ്യം പൊരിക്കുകയും കോഴിക്കറി ഉണ്ടാക്കുകയും മററും ചെയ്തുതുടങ്ങി. ക്രമേണ പാചകനേതാക്കന്മാരുടെ ശ്രദ്ധ മത്സ്യത്തിലും കോഴിയിലും കേന്ദ്രീകരിച്ചതിനാൽ സസ്യക്കറികൾ ഒന്നിനൊന്നു മോശപ്പെട്ടുവന്നു. ജോലികളൊന്നുമെടുക്കാതെ മടിച്ചു കഴിച്ചുകൂട്ടിയവരും നിത്യവും ജോലികൾ ചെയ്തുവന്നവരുംതമ്മിലും മത്സരം ഉദിച്ചുതുടങ്ങി. ഇപ്രകാരം വർദ്ധിച്ചുവന്ന ആഭ്യന്തരഛിദ്രം അന്നു് ഒരു ബ്രാഹ്മണനും അബ്രാഹ്മണനുംതമ്മിൽ തുച്ഛമായ ഒരു കാര്യംസംബന്ധിച്ചുണ്ടായ വാഗ്വാദത്തിലും ശകാരവർഷത്തിലും പരസ്യമായി പുറത്തുചാടി.

വൈകുന്നേരം നാലുമണിമുതൽ പത്തുമണിവരെ ഞങ്ങൾ യാത്രചെയ്തു. ഹോർലിക്സു് കഴിച്ചിട്ടു രാത്രിയിൽ വിശ്രമിക്കുകയും കാലത്തു നാലുമണിയ്ക്കു വീണ്ടും യാത്രതുടരുകയും പത്തുമണിയോടുകൂടെ "യെയു" വിൽ എത്തുകയുംചെയ്തു. "യെയു" അഭയാർത്ഥികളെക്കൊണ്ടു നിറഞ്ഞിരുന്നു. "ഷ്വെമിയോ"വിനെ അതിശയിക്കുന്ന തിരക്കും മാലിന്യവും അവിടെ ഉണ്ടായിരുന്നു. അതിനിടയിൽനിന്നു സ്വല്പം ചായകഴിച്ചു ആ ബഹളത്തിൽ ഒരു മണിക്കൂർ നിന്നതിനുശേഷം അവിടെനിന്നു് ഒരു മൈൽ ദൂരെയുള്ള ഒരു സ്ഥലത്തേക്കു വണ്ടികളെ നയിച്ചു. അവിടെ ഒഴിഞ്ഞുകിടന്നിരുന്ന ചില കെട്ടിടങ്ങളിൽ ഞങ്ങൾ താവളമടിക്കുകയും വണ്ടിക്കാരെ പറഞ്ഞയയ്ക്കുകയുംചെയ്തു അങ്ങനെ, "ഷ്വെമിയോ" വിൽനിന്നു സാധാരണയായി ഏഴുമണിക്കൂർകൊണ്ടെത്താവുന്ന "യെയു" വിൽ അധികാരികളുടെ മഹാമനസ്കതമൂലം ഞങ്ങൾ ഏഴുദിവസംകൊണ്ടു വിജയകരമായി വന്നെത്തി.

"യെയു"വിൽനിന്നു അടുത്തതായി പോകേണ്ടതു ചിൻഡ്വിൻ നദീതീരത്തുള്ള "ഒാമ" എന്ന ഗ്രാമത്തിലേക്കാണെന്നും അവിടേയ്ക്കുള്ള ഒരു മൈൽ വഴി കാളവണ്ടിയിലോ കാൽനടയായോമാത്രമേ യാത്രചെയ്യാൻ സാധിക്കയുള്ളുവെന്നും അന്വേഷണത്തിൽ മനസ്സിലായി. അടുത്തദിവസമെങ്കിലും യാത്ര തുടരത്തക്ക വിധത്തിൽസ്ഥലത്തെ അധികാരികൾമുഖാന്തിരം ന്യൂററിഇരുപതോളം കാളവണ്ടികൾ ഏർപ്പാടുചെയ്യുന്നതിനു നേതാക്കന്മാർ പുറപ്പെട്ടു. ഞങ്ങളാകട്ടെ, ഏതായാലും സുഖമായിട്ടൊന്നു ഉണ്ണണം എന്നു നിശ്ചയിച്ചു ഒന്നുരണ്ടു കൂട്ടാനും ചോറും തയ്യാറാക്കാൻ ഉത്സാഹിച്ചു. ഇലകൾ നിരത്തിചോറുവിളമ്പിയപ്പോൾനേരം ഉച്ചമണിയായി ഭൂമി ചുട്ടുപഴുപ്പിക്കുന്ന തീവ്രചണ്ഡകിരണൻെറ ജാജ്വല്യമാനമായ രശ്മികളെ കാൽമണിക്കൂർമുമ്പുവരെ സ്വാതന്ത്ര്യമായി അനുവദിച്ചിരുന്ന ആകാശം കാർമേഘപടലങ്ങളാകുന്ന യവനികയാൽ പെട്ടെന്നു അവയെ തടഞ്ഞു നിർത്തി. നിശ്ചലമായി ഇരുന്നിരുന്ന വായുമണ്ഡലം പ്രക്ഷുബ്ധമായി. ഭയങ്കരമായ കാററു വീശിത്തുടങ്ങി. അതൊരു കൊടുങ്കാററായി വർദ്ധിച്ചു. മരങ്ങൾ പിടന്നു വീണു. കെട്ടിടങ്ങളുടെ മേല്പുരകളിലെ നാഗപ്പലകകളെ മേലോട്ടും കീഴോട്ടും ഇട്ടടിക്കുകയും ഓലകളെ പറത്തുകയും ചെയ്തു. റോഡിലെ നമുമായ പൂഴിയും കല്ലും മണ്ണും അടിച്ചു ആകാശത്തിലേക്കു പറത്തിക്കൊണ്ടു മാരുതൻ തൻെറ പ്രതാപത്തെ കാട്ടി. ഭക്ഷണം ആർത്തിയോടെ ആരംഭിച്ചിരുന്ന ഞങ്ങൾ ചെറിയ ഇലകളിൽ വിളമ്പിയിരുന്ന ആഹാരത്തെ വാത്സല്യത്തോടും ആശങ്കയോടുംകൂടി, ഒരമ്മ തൻെറ കുഞ്ഞിനേ എന്നപോലെ, രണ്ടുകൈകൊണ്ടും പൊത്തിപ്പിടിച്ചും മരങ്ങൾ തലയിൽ വീഴരുതേ എന്നു പ്രാർത്ഥിച്ചും അരമണിക്കൂറോളം കഴിച്ചുകൂട്ടി. അതിനുശേഷം ചോറിനു മീതെ വീണിരുന്ന വൃത്തികേടുകൾ എടുത്തുമാററിയിട്ടു ഊണുകഴിച്ചു.

"യെയു"വിലെ സർക്കാർ അഭയാർത്ഥിക്യാമ്പിൻെറ ചാർജ്ജു വഹിച്ചിരുന്നതു ഒരു ബ്രാഹ്മണനായിരുന്നു. അദ്ദേഹം അന്നു സ്ഥലംവിട്ടുപോകുന്നതിനു മുമ്പു, ഞങ്ങൾക്കെല്ലാവർക്കും വേണ്ടി ഞങ്ങളുടെ നേതാക്കന്മാരെന്ന നിലയ്ക്കു ടി. എം. കെ. യുടെയും കൂട്ടരുടെയും പക്കൽ ധാരാളം ആഹാരസാധനങ്ങൾ കൊടുത്തിരുന്നു. ഇവയിൽ പാൽടിൻ, തേയില, ബിസ്ക്കററ് മുതലായവമുഴുവൻ സ്വന്തഉപയോഗത്തിനായി ആ സംഘക്കാർ മിണ്ടാതെ എടുത്തിട്ടു, അരി പരിപ്പു ഉപ്പു മുതലായവ മാത്രം എല്ലാവർക്കുമായി വിതരണം ചെയ്തു. എന്നു മാത്രമല്ല, തങ്ങളുടെ കൈവശം കുറെ പാൽടിൻ അധികമുണ്ടെന്നും അത്യാവശ്യക്കാർക്കു വിലക്കു കൊടുക്കാൻ തയാറാണെന്നും അവർ പരസ്യപ്പെടുത്തി. യാത്രയ്ക്കു അത്യുപയോഗപ്രദമായ ഈ സാധനം എന്തു വിലയ്ക്കും വാങ്ങുന്നതിനു ആളുകൾ തിരക്കുകൂട്ടി. വെറുതേ കിട്ടിയതും സാധാരണ ഏഴണവീതം വിലവരുന്നതും ആയ പാൽടിനുകൾ അവർ ന്നേരുറുപ്പാവെച്ചു വിററു. ഞങ്ങളും പത്തുപതിനഞ്ചു ടിന്നുകൾ വാങ്ങി.

അന്നു അവിടെത്തന്നെ കിടന്നു. പിറേറദിവസം കാലത്തു അവിടുത്തെ ചെറിയ ബസാറിൽപോയി ചായകഴിക്കുകയും അത്യാവശ്യമായിരുന്ന ചില ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. ഉച്ചയ്ക്കു ഊണുകഴിഞ്ഞു വണ്ടികൾ നോക്കി ഇരിപ്പായി. സന്ധ്യ ആയപ്പോൾ ഞങ്ങളുടെ ശ്രവണപുടങ്ങളിൽ എത്തിയതു് വണ്ടിവന്നതിൻെറ സന്തോഷാരവമല്ല. ഒരു ആഭ്യന്തരയുദ്ധത്തിൻെറ കാഹളമായിരുന്നു.

—০—


## ദിവ്യരഹസ്യപ്രകാശിക

യോഗാഭ്യാസം പരിശീലിക്കുന്നവർ അറിഞ്ഞിരിക്കേണ്ട എല്ലാ വിവരങ്ങളും ൪൮ അദ്ധ്യായങ്ങളിലായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്. വില രൂ. ൧. ണ. ൮.

ശ്രീരാമവിലാസംപ്രസ്സ്—കൊല്ലം.

# പശു ഇരുപതു്, പാൽവിലയ്ക്കു്

(എം. കെ. നാരായണപിള്ള, കൃഷി ഇൻസ്പെക്ടർ,)

കാലിസംരക്ഷണത്തെ അവഗണിച്ചുള്ള കൃഷിപരിഷ്കാരം അപൂർണ്ണമായിരിക്കുവാനേ തരമുള്ളു. ഗുണക്കുറവുള്ളവയായിരുന്നാലും കന്നുകാലികളുടെ എണ്ണം കൂടി ഇരിക്കണമെന്നുള്ള ഭ്രമം നാഞ്ചിനാട്ടിലും ഒട്ടും കുറവല്ല. കർഷകജനതയുടെ ഇടയിൽ തഴച്ചുവളരുന്ന അജ്ഞത അനാസ്ഥ തുടങ്ങിയ കുററിക്കാടുകളെ വെട്ടിത്തെളിക്കുന്നതിനു ഏററവും പററിയ ഏക ആയുധം കൂട്ടംപ്രചരണമാണല്ലോ. ആ ആയുധവുമായി ഞാൻ ഊരുചുററി സഞ്ചരിക്കുമ്പോൾ നടന്ന സംഭവമാണു് ഈ ലേഖനവിഷയം.

നല്ല ധനസ്ഥിതിയുള്ള ഒരു കൃഷിക്കാരൻ, കന്നുകാലികളും ധാരാളമുണ്ടു്. ഇദ്ദേഹത്തിന്റെ ഗൃഹത്തിലാണു ഞാൻ അന്നു് ആദ്യമായി പ്രവേശിച്ചതു്. കുശലപ്രശ്നങ്ങൾക്കുശേഷം തൊഴുത്തിലേക്കു പോകാമോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചു.

കൃഷിക്കാരൻ പോകാമല്ലോ, കുറച്ചു കാപ്പി കുടിച്ചിട്ടു പോകാം.

ഞാൻ വേണ്ടാ, കാപ്പി കഴിഞ്ഞിട്ടാണു് ഇങ്ങോട്ടു പുറപ്പെട്ടതു്.

കൃഷി—അതിനെന്താ, അധികം താമസമില്ല, ഉടൻതന്നെ പോകാമല്ലോ എന്നു പറഞ്ഞിട്ടു് അദ്ദേഹം വീട്ടിനകത്തേക്കു പോയി. കാപ്പിക്കു ശട്ടംകെട്ടുകയാണെന്നു മനസ്സിലാക്കുവാൻ എനിക്കു പ്രയാസമുണ്ടായില്ല. അധികം താമസംകൂടാതെതന്നെ അദ്ദേഹം തിരിച്ചുവന്നു അല്പനേരം സംസാരിച്ചുകൊണ്ടിരുന്നതിനിടയ്ക്കു് അക്ഷമനായി വീണ്ടും ഉള്ളിലേയ്ക്കു പോയി, എന്തോ ദേഷ്യഭാവത്തിലുള്ള സംസാരം കേട്ടു. "പണ്ടേതന്നെ പച്ചവെള്ളം, അതു സമയത്തിനു കൊണ്ടുവരികകൂടി ചെയ്യാതിരുന്നാൽ...." എന്നു പറഞ്ഞുകൊണ്ടു വീണ്ടും എന്റെ സമീപത്തു വന്നുചേർന്നു.

ഞാൻ—എന്താ സംഗതി?

കൃഷി—ഇത്രനേരമായിട്ടും പാൽ കൊണ്ടുവന്നില്ല, ഇപ്പോൾ കൊണ്ടുവന്നേക്കും.

ഇതിനകം ഒരാൾ കാപ്പിയുമായി വന്നുചേർന്നു. രണ്ടുപേരും കാപ്പികുടിച്ചിട്ടു തൊഴുത്തിലേക്കു പോയി. നാലുകെട്ടുപോലുള്ള ഒരു കെട്ടിടം, അതിനുള്ളിലേക്കുള്ള ഏക പ്രവേശനദ്വാരം അദ്ദേഹം തള്ളിത്തുറന്നു. സുമാർ ഇരുനൂറുപറ നിലം ഉഴുതൊരുക്കി, തങ്ങളുടെ തന്നാണ്ടത്തെ ജോലി യഥാവിധി നിർവ്വഹിച്ചതിനുശേഷം വിശ്രമം അനുഭവിക്കുന്ന "കർഷകന്റെ വിശ്വസ്തമിത്രങ്ങ"ളായ എട്ടുപത്തു പോത്തുകളാണു് അതിലെ അന്തേവാസികൾ. ഞങ്ങൾ അതിനുള്ളിലേക്കു കടന്നില്ല. ഞാൻ ധരിച്ചിരുന്ന വെള്ളവസ്ത്രത്തിൽ കളഭം ചാർത്താൻ അന്നു ഞാൻ ആഗ്രഹിച്ചില്ല. അഥവാ, ചാണകവും മൂത്രവും കൂടി കുഴഞ്ഞ ദ്രാവകത്തിൽ മുങ്ങിക്കൊണ്ടിരുന്ന വാലടികൾ ഏൾക്കാൻ എനിക്കിഷ്ടമില്ലായിരുന്നു. ഞങ്ങൾ അടുത്ത കെട്ടിടത്തിലേക്കു പോയി. അവിടെ നിൽക്കുന്ന ജീവികളെ കണ്ടാൽ ജീവകാരുണ്യമുള്ള ഏതൊരുവന്റേയും ഹൃദയം അലിയുകതന്നെചെയ്യും. അസ്ഥികൂടത്തെ തോലികൊണ്ടു പൊതിഞ്ഞിട്ടുണ്ടു്. അതു നാലു കാലിന്മേൽ ഇരിക്കുന്നു. ഒരു പശുവിനു് എത്ര വാരിയെല്ലുണ്ടെന്നു നിഷ്പ്രയാസം പറയാം. ഇളംവെയിലിന്റെ സുഖം അനുഭവിച്ചുകൊണ്ടു് കുറെ എണ്ണം അനക്കംപോലുമില്ലാതെ നിലകൊള്ളുന്നു. ചാണകത്തിന്റെ ഉപദ്രവം അവിടെ ഇല്ല. വല്ല ആഹാരവും ഉള്ളിൽചെന്നാലല്ലേ അതു ചാണകമായി പുറത്തുവരികയുള്ളു! "ഇതിൽ അധികവും പശുക്കളാണല്ലോ" എന്നു ഞാൻ ഹൃദയവേദനയോടെ പറഞ്ഞു.

കൃഷി—അതെ, ഇരുപതുപശുക്കളുണ്ടു്. ബാക്കി കാളയും കന്നുകുട്ടികളുമാണു്.

ഞാൻ—കഷ്ടം! ഇതെന്താ ഇങ്ങിനെ ഇരിക്കുന്നതു്; മുഴുപട്ടിണി ആണെന്നു തോന്നുന്നല്ലോ.

കൃഷി—ഇല്ല, രാത്രി വയ്ക്കോൽ ധാരാളം കൊടുക്കും. ഇവിടെ കന്നുകാലികൾക്കു മേച്ചിൽസ്ഥലമില്ല അതാണുദോഷം.

ഞാൻ ഇരുപതു പശുക്കൾ ഉള്ളപ്പോഴാണോ നിങ്ങൾ പാൽ വിലയ്ക്കു വാങ്ങുന്നതു്? ഇതു് ഒരു വിശേഷവാർത്തതന്നെ.

കൃഷി—പാലിനെ ഉദ്ദേശിച്ചല്ലാ ഇതിനെ വളർത്തുന്നതു്. പണ്ടുപണ്ടേ ഈ കുടുംബത്തിൽ പശുക്കളെ വളർത്തിവരികയാണു്. അതിന്റെ സന്താനങ്ങളാണു ഇത്രയും. ചാണകം കിട്ടുമെന്നുദ്ദേശിച്ചാണു്.

ഞാൻ—പാലിനു വേറെ, ചാണകത്തിനു വേറെ ഇങ്ങനെ പശുക്കളെ വളർത്താറുണ്ടോ? അപ്പോൾനിങ്ങൾ ചാണകം വിലയ്ക്കു വാങ്ങാതെ ഇവിടംകൊണ്ടു കഴിക്കുക ആണോ?

കൃഷി—അതല്ല, ചാണകവും വിലയ്ക്കു വാങ്ങുകയാണു ചെയ്യുന്നതു്.

ഞാൻ—അപ്പോൾ പാലുമില്ല ചാണകവുമില്ല. ഈ പട്ടിണിക്കുന്തങ്ങളുടെ മനഃപിരാക്കുമാത്രം മിച്ചം. നിങ്ങളുടെ കുടുംബപാരമ്പര്യത്തെ പുലർത്തുവാൻ കുറെ പശുക്കളെ നിങ്ങൾ കൊല്ലാതെ കൊല്ലുകയാണു ചെയ്യുന്നതു്. ഇതെത്ര ബുദ്ധിശൂന്യമായ പ്രവൃത്തിയാണെന്നു് ആരെങ്കിലും പഠിപ്പിച്ചുതരേണ്ടതുണ്ടോ. പാലുകറക്കാത്ത, ചാണകമിടാത്ത, മാംസലേശംപോലുമില്ലാത്ത ഇത്രയും പശുക്കൾക്കു പകരം മൂന്നോ നാലോ നല്ല പശുക്കളെ വഴിയാകുംവണ്ണം സംരക്ഷിച്ചാൽ ധാരാളംപാലുംചാണകവുംകിട്ടുകില്ലേ "Fewer but better-fed cows" എന്നായിരിക്കണം ലാക്കു്. ഇങ്ങിനെ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ ഒരു പശു വാൽ പൊക്കുന്നതു കണ്ടു. ചാണകമിടാനോ മൂത്രമൊഴിക്കാനോ എന്നു് വാൽ പൊക്കുമ്പോൾതന്നെ നിശ്ചയിക്കാമല്ലോ. കുറച്ചുനേരം വാൽ പൊക്കി നിൽക്കുന്നതല്ലാതെ ഒന്നും പുറത്തുവന്നില്ല. മലബന്ധമുള്ളവരെപ്പോലെ അല്പംകൂടി കഴിഞ്ഞപ്പോൾ സ്വർണ്ണവർണ്ണത്തിൽ ഒരു ചെറിയ കഷണം താഴെ വീഴുന്നതുകണ്ടു. ഒരു നാലു് ഔൺസുവരുമോ എന്നു സംശയം. വയ്ക്കോലിൽ മാത്രം ജീവിക്കുന്നവയുടെ ചാണകത്തിന്റെ വർണ്ണവും അളവും അങ്ങിനെ ഇരിക്കാനേ തരമുള്ളു. ഗുണവും അളവും കൂടണമെങ്കിൽ നല്ല ആഹാരം ധാരാളം കൊടുക്കണം. ഒരുപ്രാവശ്യം വിസർജ്ജിക്കുന്ന ചാണകത്തിന്റെ അളവു രണ്ടുറാത്തൽ എങ്കിലും ഉണ്ടായിരിക്കണം.

ഒടുവിൽ, നല്ല പശുക്കളെ വാങ്ങി നിറുത്താമെന്നു സമ്മതിച്ചു് ഞങ്ങൾ പിരിഞ്ഞു.

—o—





## നാവിക സേനയിലെ ജീവിതം ശ്രേഷ്ഠമാണു്

### ഒരു സീമെൻആയോ സ്റ്റോക്കർ ആയോ ചേരുക:-

നിങ്ങളുടെ അറിവിനെ വിപുലപ്പെടുത്തി ഭാവിയെ ശോഭനമാക്കുക. ജോലിരസകരവും, വിസ്തൃതമായ സഞ്ചാരം നിങ്ങളുടെ പരിജ്ഞാനത്തെ പോഷിപ്പിക്കുകയും ചെയ്യുന്നു. നല്ല ശമ്പളത്തിനുപുറമെ സൗജന്യമായി വസ്ത്രം ഒന്നാംതരം വൈദ്യസഹായം, സുഖമായ ഭക്ഷണം മററു സൗകര്യങ്ങൾ, സൗജന്യങ്ങൾ ഇവ നിങ്ങൾക്കു ലഭിക്കുന്നതാണു്. ഉടൻതന്നെ നിങ്ങളുടെ ഏററവും അടുത്തുള്ള റിക്രൂട്ടിംഗാഫീസിൽ അപേക്ഷിക്കുക.

**യോഗ്യതകൾ :-** അപേക്ഷകർക്കു് ഇംഗ്ലീഷോ ഉറുദുവോ എഴുതാനും വായിക്കാനുമുള്ള അറിവും, ശതമാനം, ശരാശരി, ക്ഷേത്രഫലം ഇവയിൽ സാമാന്യകണക്കുകൾ ചെയ്യാനുള്ള കഴിവുമുണ്ടായിരിക്കണം. നല്ലകായബലമാവശ്യവും വയസ്സ് 17½ക്കും 24നും മദ്ധ്യേ ആയിരിക്കയും വേണം.

**സീമെൻ** രാജകീയ ഇന്ത്യൻ നാവികസേനയിൽ സീമെൻ യോദ്ധാക്കളുടെ സ്ഥാനം വഹിക്കുന്നു. സീമെന്നു് അവരുടെ പല പ്രധാനചുമതലകളുടെ കൂട്ടത്തിൽ, കപ്പലിന്റെ ചുക്കാൻ പിടിക്കുന്നതിനും, ബോട്ടുകൾ തൊഴകെട്ടും പായകെട്ടിയും, യന്ത്രശക്തിയാലും ഓടിക്കുന്നതിനും. ടോർപിഡോ ഉപകരണങ്ങൾ നടത്തുന്നതിനും, തോക്കുകൾ ഉപയോഗിക്കുന്നതിനും അറിഞ്ഞിരിക്കേണ്ടതാണു്.

**സ്റ്റോക്കേർസ്** സ്റ്റോക്കറന്മാർ യുദ്ധം ചെയ്യുന്ന റേറിംഗുകളാണു്. അവരെ കപ്പലിലെ എൻജിൻമുറിയിലും ബോയിലർമുറിയിലുമാണു് ജോലിയിലേപ്പെടുത്തുന്നതു്. ജോലി രസകരമാണു്. കല്ക്കരിയോ എണ്ണയോകൊണ്ടു് എരിക്കുന്ന ബോയിലർ, പമ്പു്, മോട്ടാർബോട്ടു് മുതലായ യന്ത്രങ്ങൾ പ്രയോഗിക്കേണ്ടതുകൊണ്ടു്, നല്ല വിശ്വസ്തരായ ആളുകൾക്കു് മാത്രമെ സ്റ്റോക്കർമാരായി പരിശീലനം കൊടുക്കുകയുള്ളു.

**ശമ്പളം** ചേർന്ന ഉടനെ റേറിംഗുകൾക്കു് പ്രതിമാസം 40/-ക ശമ്പളം നല്കുന്നു. സ്ഥിരശമ്പളത്തിനു പുറമെ എല്ലാവർക്കും വിവിധങ്ങളായ അലവൻസുകൾ ലഭിക്കുന്നതുകൊണ്ടു് ശമ്പളത്തുക കൂടുന്നതാണു്.

ചുമതലാബോധവും നേതൃത്വവും പ്രകടിപ്പിക്കുന്നവർക്കു് ശമ്പളക്കൂടുതലോടുകൂടി ഉദ്യോഗകയററംകിട്ടുന്നതാണു. യുദ്ധത്തിനു ശേഷവും, നാവിക പരിശീലനം സിദ്ധിച്ചവർക്കു് തീർച്ചയായും പ്രത്യേക ആനുകൂല്യങ്ങൾ സിദ്ധിക്കുന്നതാണു്. നാവികസേനയിലെ സേവനംകൊണ്ടു് ലഭിക്കുന്ന പരിശീലനവും പരിചയവും അവരെ സിവിൽ ജീവിതത്തിൽ വിജയകരമായ ഒരു സ്ഥാനത്തിനുയോഗ്യരാക്കുന്നതാണു്. പിരിച്ചു വിടുമ്പോൾ നാവികസേനയിൽ സേവനത്തിലിരുന്നവർക്കു്, സർക്കാർ ചിലവിൽ തിരഞ്ഞെടുക്കപ്പെട്ട തൊഴിലുകളിലും ജോലികളിലും പ്രത്യേകപരിശീലനം നല്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നുണ്ടു്. നാവിക സേനയിൽ ജോലിയിലിരിക്കുന്നകാലത്തു് അവരുടെ കുടുംബത്തിന്റെ സുഖസൌകര്യങ്ങൾ സിവിൽ ലയിസൻ ആഫീസർ ശ്രദ്ധിക്കുന്നതാണു്.

**രാജകീയ ഇന്ത്യൻ നാവികസേന.**

കൂടുതൽവിവരങ്ങൾക്കു ചുവടെചേർക്കുന്ന ലിസ്റ്റിലുള്ള ഏതെങ്കിലുമൊരു ആഫീസിലേക്കപേക്ഷിക്കുക.

**തിരുവനന്തപുരം—റെയിൽവേസ്റ്റേഷൻ റോഡ്.**

**എറണാകുളം—ക്ലബ്ബ്റോഡ്.**

**ക്യാനന്നൂർ—ആർ. ഐ. എ. എസ്. സി. ലൈൻസ്.**

AAA 120 ML



### കാമബാണരസായനം.

മേഹസംബന്ധമായുണ്ടാകുന്ന സകലരോഗങ്ങളേയും നശിപ്പിച്ചു് ഓജസ്സും തേജസ്സും ഉന്മേഷവും പ്രദാനംചെയ്യുന്ന ഒരു ദിവ്യൌഷധം. 30 നേരം സേവിക്കാനുള്ളമരുന്നടങ്ങിയ ടിൻ ഒന്നുക്കു രൂ. രണ്ടര.

## കേരളവർമ്മദേവൻ

(എട്ടാംപേജിൽനിന്നും തുടർച്ച)

തിരുമേനിയെസംബന്ധിച്ച ഭാഗംവന്നപ്പോൾ പറഞ്ഞതെല്ലാം സത്യത്തിന്റെയും സത്യമാണ്. നൂററാണ്ടുകളായി കേരളത്തിൽ നിലനിന്നുപോന്ന ആ ദുഷിച്ചസ്വഭാവത്തിൽനിന്നു മുക്തനായ ആദ്യത്തെ മഹാസാഹിത്യകാരൻ തിരുമനസ്സുകൊണ്ടുതന്നെയായിരുന്നു. ശ്രീ മൂലൂർ എസ്. പത്മനാഭപ്പണിക്കർ മുതലായ കവികൾക്കു തിരുമനസ്സിൽനിന്നുണ്ടായിട്ടുള്ള അനുഗ്രഹങ്ങൾ പ്രഖ്യാതമാണ്. സാഹിത്യവുമായി ബന്ധപ്പെട്ടിട്ടുള്ള തിരുമനസ്സിലെ സമകാലീനന്മാരിൽ ആരെങ്കിലും തിരുമനസ്സിലെ ഔദാര്യം അനുഭവിക്കാതിരുന്നിട്ടുണ്ടെങ്കിൽ അതു ഒരു അത്ഭുതമായിരിക്കും.

അന്തരിച്ചുപോയ എന്റെ പ്രിയപിതാവ് ശ്രീ കരയംവെട്ടത്തു സുകുമാരപിള്ളയെസംബന്ധിച്ച് "ഈ അവസരത്തിൽ ചിലതുപറവാൻ എനിക്കു കൂടുതൽ അവകാശമുണ്ട്. തിരുമനസ്സിൽനിന്ന് അച്ഛനുലഭിച്ചിട്ടുള്ള എഴുത്തുകളിൽ കുറേഭാഗം ഞാൻ ഒരു പ്രത്യേകമുദ്ദേശത്തിൽ സൂക്ഷിക്കുന്നുണ്ട്. നിഷ്കളങ്കതയുടെ പ്രതിബിംബംപോലെ സ്ഫുടവും വ്യക്തവുമായ വയലാറ ലിപികൾ ചേർത്തിണക്കി എഴുതിയിട്ടുള്ള ഓരോ എഴുത്തും നിർവ്യാജസ്നേഹവാത്സല്യങ്ങളുടെ ജീവൽപ്രമാണമാണ്. തനതു സുകുമാരപിള്ളയ്ക്കു എന്നു തുടങ്ങി ക്ഷേമാശംസി കേരളവർമ്മ എന്നു വായിച്ചവസാനിക്കുമ്പോൾ എന്റെതന്നെ കണ്ണുകൾ നിറഞ്ഞുപോകുന്നതു സാധാരണമാണ്. 'ഒരു ഉപ്പൂട്ടാവയയ്ക്കുന്നു. അതിനെ നിങ്ങൾ ഉപയോഗിക്കുമെന്നു വിശ്വസിക്കുന്നു' ഇങ്ങനെയുള്ള വാചകങ്ങൾ പല എഴുത്തുകളിലും ഉണ്ട്. എന്റെ പിതാവിനു കേരളവർമ്മ തിരുമേനിയിൽനിന്ന് ലഭിച്ചിട്ടുള്ള പണവും വസ്ത്രവും എത്രഎന്ന് എനിക്കു അറിഞ്ഞുകൂടാ. എന്നാൽ ഒരുകാര്യം നിശ്ചയമുണ്ട്. ധനികാവസ്ഥയിൽനിന്നു നിസ്വതയിലേക്കു ഇറങ്ങിയതിനുശേഷവും കേരളവർമ്മ തിരുമേനിയുടെ ദേഹവിയോഗംവരെ ആറിഞ്ചുവീതിയിൽ കസവുള്ള ഉപ്പൂട്ടാവു പുതച്ചല്ലാതെ അച്ഛനെ പൊതുജനങ്ങൾ കണ്ടിട്ടില്ല. ആ ഉപ്പൂട്ടാവുകളെല്ലാം തിരുമേനിയുടെ പാരിതോഷികങ്ങളായിരുന്നു. ജന്മർക്ഷം പ്രമാണിച്ചോ മററോ വല്ല മംഗളാശംസകളുംചെന്നാൽ ഉണ്ടാകുന്ന മറുപടിയിൽ അവിടത്തെ സ്വഭാവമഹത്വം തെളിഞ്ഞുകാണാം. ഉള്ളിലുള്ളതെല്ലാം മറച്ചുകൊണ്ട് പുറമേ ഉദാസീനതയും കപടവിനയവും അവിടന്ന് അഭിനയിച്ചിട്ടില്ല. ആ സത്യപരായണന്റെ ഒരു മറുപടി നോക്കുക:

തിരുവനന്തപുരം
൧൦൮൭ കുംഭം ൧൨-ാനു-

നിങ്ങൾ അയച്ച പദ്യരൂപമായ എഴുത്തും മംഗളാശംസാരൂപമായ പദ്യപഞ്ചകവും ഇന്നലെ കിട്ടി. വളരെ സന്തോഷമായി. അധീതിബോധാചരണപ്രചാരണങ്ങളായ നാലുപാധികളെക്കൊണ്ടും വിദ്യയെ പോഷിപ്പിച്ചുവരുന്ന നിങ്ങളെപ്പോലെയുള്ള യോഗ്യപുരുഷന്മാരുടെ മംഗളാശംസ എനിക്കു എത്രമാത്രം ചാരിതാർത്ഥ്യത്തെ ജനിപ്പിക്കുന്നുണ്ടെന്നു പറഞ്ഞറിയിക്കുന്നതു എന്നാൽ അസാദ്ധ്യമാണ്. വിദ്യാവിഷയമായി എന്റെ ഈ ആയുഷ്കാലത്തിനിടയ്ക്കു ഞാൻ ചെയ്തിട്ടുള്ള സ്വല്പമായ ശ്രമം കുറച്ചെങ്കിലും ഫലിച്ചിട്ടുണ്ടെങ്കിൽ അതിനു പ്രതിഫലം നിങ്ങളുടെ ഈദൃശമായ അഭിനന്ദനം മാത്രമാണ്.

കേരളവർമ്മ

ഇങ്ങനെ നിഷ്കപടമായി ഹൃദയം തുറന്നുകാട്ടുന്ന മഹാപുരുഷന്മാർ എത്രയുണ്ടെന്നു ഉള്ളിൽനിന്നുണ്ടാകുന്ന ചോദ്യത്തിനു എന്റെ അശ്രുധാരമാത്രമാണ് ഉത്തരം പറയുന്നതു്. കാരുണ്യവാരിധിയായ തിരുമേനി ദേഹവിയോഗംചെയ്യുമ്പോൾ എനിക്കു നല്ല ഓർമ്മയുണ്ട്. അന്ന് എന്റെ പ്രിയപ്പെട്ട അച്ഛൻ ഒരേകിടപ്പിൽതന്നെ നാലഞ്ചുദിവസംകഴിഞ്ഞതു് എനിക്ക് അറിയാം. തന്റെ പതിനൊന്നു സന്താനങ്ങൾ കാലയവനികയിൽ മറഞ്ഞപ്പോഴും അച്ഛനെ ആരും അത്ര ദുഃഖസന്തപ്തനായി കണ്ടിട്ടില്ല. അച്ഛൻ, തിരുമേനിയെ നേരിട്ടുകണ്ടതു് ഒന്നോ രണ്ടോ പ്രാവശ്യം മാത്രമായിരുന്നു. അച്ഛനു് അത്രയ്ക്കു ദുഃഖമുണ്ടായപ്പോൾ തിരുമേനിയോടു നിത്യസമ്പർക്കത്തിൽ കഴിഞ്ഞ സാഹിത്യപ്രണയികളുടെ അവസ്ഥ പറയാനുണ്ടോ?

തിരുമേനി താമസിച്ചുവന്ന വലിയകോയിക്കൽ കൊട്ടാരത്തിന്റെ മുൻവശത്തുകൂടി പോകുമ്പോൾ പറഞ്ഞുകേട്ടിട്ടുള്ള പലതും ഓർത്തു ഈയുള്ളവൻതന്നെ നെടുവീർപ്പിടാറുണ്ട്. കുറെക്കൂടിനടന്നു് ആ "സുഷമാഡംബരം കംബുരത്നവുംനോക്കി പടിഞ്ഞാറോട്ട് കടപ്പുറത്തേക്കുപോകുമ്പോൾ "ഹാ, ഒരു തക്കചരിത്രം ഉണ്ടായില്ലല്ലോ" എന്നു തോന്നിപ്പോകുന്നതു് സ്വാഭാവികമാണ്. ഡാ: ജാൺസനു് ചരിത്രമെഴുതാൻ ഒരു ബാസ്വൽ ഉണ്ടായിരുന്നു. ജാൺസണേക്കാൾ പതിന്മടങ്ങു വലിയ തിരുമേനിയുടെ ചരിത്രം എഴുതാൻ ആരും ഉണ്ടായില്ല. മക്കാളെ പറയുന്നതു് ബാസ്വൽ ഏററവും വലിയ മടയനായിരുന്നതുകൊണ്ടു് ഏററവും വലിയ ജീവിതചരിത്രം എഴുതിയെന്നാണ്. തിരുമനസ്സിലെ പരിക്കൂടിയിരുന്നതു് വലിയ ബുദ്ധിമാന്മാരായ എഴുത്തുകാരായിരുന്നു. അതുകൊണ്ടായിരിക്കാംഅവിടത്തെഒന്നാംതരം ഒരു ജീവിതചരിത്രം ഇതുവരെ ഉണ്ടാകാതെപോയതു്.

തിരുവനന്തപുരത്തു ചെന്നുകഴിഞ്ഞാൽ ഞാൻ ആദ്യമായികണ്ടു് ആത്മാനന്ദം അനുഭവിക്കുന്നതു് അനന്തശായിയായ ശ്രീപത്മനാഭപ്പെരുമാളുടെ ദിവ്യവിഗ്രഹമാണ്. അതിനുശേഷം സനാതനധർമ്മത്തെ എന്നന്നേയ്ക്കുമായി രക്ഷിച്ച കുലശേഖരപ്പെരുമാൾ പൊന്നുതിരുമേനിയുടെ പവിത്രവിഗ്രഹം—!പിന്നെ ഭാരതീയസ്ത്രീത്വത്തിന്റെ പരമമാതൃകയായ ആ വീരപ്രസൂവിന്റെ വിശുദ്ധവിഗ്രഹം !ഇങ്ങനെ ഓരോന്നുംകണ്ടു് കൃതാർത്ഥനായി നടക്കുമ്പോൾ ഈ എളിയ മനുഷ്യന്റെ അന്തരംഗത്തിൽ ഒരു ആശ മുളച്ചുവരാറുണ്ട്. എളിയവന്റെ ആശ തുറന്നുവിടാമോ എന്നു സംശയിക്കുന്നു. ഇനി സ്യാനന്ദൂരപുരിയിൽ ഒരു കലാസ്വരൂപന്റെ വിഗ്രഹംകൂടി ഉണ്ടായെങ്കിൽ എന്നൊരു ആഗ്രഹം!—കലാക്ഷേത്രങ്ങൾ നിരനിരയായി തിരുവനന്തപുരത്തു നിലകൊള്ളുന്നു. കേരളവർമ്മതിരുമേനിയിൽനിന്നു പ്രാണമാരുതനേററ അമരഭാരതിക്ഷേത്രംതന്നെ അങ്ങനെ ആകാശത്തിലേക്കു ഉയർന്നുനിൽക്കുന്നു. എവിടെയെങ്കിലും കേരളവർമ്മദേവന്റെ ഒരു പ്രതിമ!!

കേരളവർമ്മതിരുമേനി എഴുപതു തികയുന്നതിനുമുമ്പുതന്നെ തീപ്പെട്ടുപോയി. ജീവിച്ചിരുന്നെങ്കിൽ കഴിഞ്ഞ കുംഭത്തിലെ പൂയംനക്ഷത്രത്തിനു് അവിടത്തേയ്ക്കു ശതവർഷപൂർത്തി ആഘോഷിക്കാമായിരുന്നു. ആ മഹോത്സവം കാണ്മാനുള്ള ഭാഗ്യം കേരളീയർക്കുണ്ടായില്ല. അവിടുന്നു സായൂജ്യം പ്രാപിച്ചെങ്കിലും ശതവർഷാഘോഷം ഏതാണ്ടു ഒരു കൊല്ലം മുമ്പേ അഭിജ്ഞന്മാരുടെ ആശയത്തിൽ മുളച്ചു. കുംഭമാസത്തിലെ പൂയ്യനക്ഷത്രവും പന്നിട്ടുവന്നു് ആ മംഗളാഘോഷം ഇപ്പോഴും രൂപംപ്രാപിച്ചുവരികയാണ്. അതിന്റെ പൂർണ്ണരൂപം കാണാനുള്ള കൗതുകത്തോടുകൂടി കേരളത്തിലെ സാമാന്യജനത കാത്തിരിക്കുന്നു.






പഴയകാലങ്ങളിൽ ജനങ്ങൾ തേച്ചുകുളിപ്പാൻ ചെറുപയറ മുതലായ പ്രകൃതിദത്തമായ ഉല്പന്നങ്ങളെ നല്ല മിനുസമായി പൊടിച്ചു വെള്ളത്തിൽ അരച്ചു തേച്ചുവന്നിരുന്നു. ഇതു കുളിർമ്മയും വിശ്രാന്തിജനകവുമായ ഹമാം സോപ്പിനെപ്പോലെ ഏതാണ്ടു് ദേഹത്തിനു കുളിർമ്മ നൽകുന്നതാണെന്നു പരക്കെ സമ്മതമായാലും ഹമാമിന്റെ തൈലഗുണമോ ശുദ്ധീകരണശക്തിയോ ഇതിനില്ലതന്നെ. ഈ പഴയ മുറകളുടെ വിശിഷ്ടാംശങ്ങളെല്ലാം എത്രയോ കൂടുതൽ സുഖവും സൗകര്യപ്രദവുമായവിധം ഹൃദ്യപരിമളമുള്ള ഹമാം സോപ്പിൽ ചേർന്നിട്ടുണ്ട്.

ഹമാം



നിങ്ങളുടെ സ്നാനത്തിനു പററിയ വലിയ സോപ്പ്.
ടോംകോ വില്പനശാല, ബിഗ്ബസാർ,
പാലക്കാട്ട്.

A TATA PRODUCT



ചേർത്തല കെ. എം. എൻ. ചെട്ടിയാരുടെ

**കുലാംഗന**

സമുദായത്തിന്റെ അന്ധകാരമയമായ വിവിധരംഗങ്ങളെ
തുറന്നുകാണിക്കുന്ന ഒരു അപസർപ്പകഗദ്യനാടകം.

വില രൂപാ 1 മാത്രം.

To:
കെ. നാരായണൻ,
വിദ്യാരംഭം ബുക്കുഡിപ്പോ, മുല്ലയ്ക്കൽ, ആലപ്പുഴ.



ഹിന്ദി സ്വയംശിക്ഷക്

വില രൂ. 1. ണ. 4
മാനേജർ
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# ബെർളിൻ സമരം

ഠ

## നഗരമദ്ധ്യത്തിൽ റഷ്യൻ പുരോഗതി

മാസ്കോ, ഏപ്രിൽ ൨൯ ബെർളിനിൻെറ മദ്ധ്യഡിസ്ട്രിക്ടുകളിലൊന്നായ ഷാർലെറൻബർഗിലേയ്ക്കു പിളർന്നു കയറിയ സോവിയററു ഭടന്മാർ പട്ടാളത്താവളങ്ങളും വാട്ടർവർക്സും ഗ്രഡ്സ്റ്റ്രെയിൽവേ സ്റ്റേഷനും കൈവശപ്പെടുത്തുകയുണ്ടായെന്നു ഇന്നലെരാത്രിയിലത്തെ റഷ്യൻകമ്മ്യൂണിക്കെയുടെ ഒരനുബന്ധത്തിൽ പറയുന്നു. നഗരത്തിൽ മൂന്നുപകൽ നടന്ന സമരത്തിൽ ആറായിരം ജർമ്മൻകാർ നിരായുധീകരണം ചെയ്യപ്പെട്ടു. ജർമ്മൻ തലസ്ഥാനത്തിൻെറ ചുററുമുള്ള സോവിയററു വലയം പിന്നെയും മുറുക്കിക്കൊണ്ടിരിക്കുന്നു. ജർമ്മൻകാർക്കു ഭയങ്കരമായ നഷ്ടങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു.

ചെമ്പട ബെർളിൻെറ ഉൾവലയ പംക്തി ഭേദിച്ചു. സഖ്യഭടർ നഗരത്തിൽ കൂടുതൽ സ്ഥലം നേടുകയുണ്ടായി. വടക്കുംതെക്കുംനിന്നു അവർ പുരോഗമിച്ചുകൊണ്ടിരിക്കയാണു്. ബെർളിൻ ഇപ്പോൾ നിർജ്ജീവമായ ഒരു നഗരമായിരിക്കുന്നു.

### പൊമെറേനിയായിൽ

൨൦൦൦൦-ജർമ്മൻകാരെ തടവുകാരായി പിടിച്ചെന്നു റഷ്യൻകമ്മ്യൂണിക്കെ പറയുന്നു. ജർമ്മൻ പൊമെറേനിയായിൽ രണ്ടു സുപ്രധാനകേന്ദ്രങ്ങളായ ടെംപ്ലിനും ഏഗസിനും മാർഷൽ റോക്കൊസോവ്സ്കി കൈവശപ്പെടുത്തുകയുണ്ടായി. അവർ ബാൾട്ടിക്കിലെ റോസ്റ്റോക്കിൻെറനേർക്കു പുരോഗതി തുടരുകയും ചെയ്യുന്നു. പാസ്‌വാക്ക്, സ്ട്രാസ്ബർഗ്, ടാർനിക്കോവ് എന്നീ നഗരങ്ങളും പിടിച്ചു.

### മ്യൂണിക്കിനു ൨൦-മൈലടുത്തു

മ്യൂണിക്കിലേക്കു പുരോഗമിക്കുന്ന സഖ്യസേന നഗരത്തിനു ൨൦-മൈൽ സമീപമായിരിക്കുന്നു.

ജർമ്മൻ ദക്ഷിണരക്ഷാദുർഗ്ഗം മുഴുവൻ ശിഥിലമായിക്കൊണ്ടിരിക്കുന്നതായി സൂറിച്ചിൽനിന്നുള്ള ഒരു സന്ദേശത്തിൽ പറയുന്നു. മ്യൂണിക്കിൽ വിപ്ലവമുണ്ടായതായും കർശനമായ പ്രതികാരനടപടികൾകൊണ്ടു വിപ്ലവകാരികളെ അമർത്തിയെന്നും ജർമ്മൻ സൈനികാധികൃതർ നഗരം തുറന്ന പട്ടണമായി പ്രഖ്യാപിച്ചെങ്കിലും നാസികക്ഷിനേതാക്കന്മാർ ആ തീരുമാനം റദ്ദാക്കിയെന്നും റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

ഠ

### തിരുവിതാംകൂർ റേഡിയോ പ്രോഗ്രാം

—0—

**മെ 1-ാം ചൊവ്വാഴ്ച**

വൈകിട്ടു 7—45— സ്വാതിതിരുനാൾ അനുസ്മരണം.

[illegible] കെ. ശേഷവർമ്മയുടെ മലയാളപ്രഭാഷണം. വിഷയം:— മലയാളസാഹിത്യത്തിൻെറ വളർച്ച


8—15. സംഗീതം— പാറശ്ശാല പൊന്നമ്മാൾ.

9—15-വഞ്ചീശമംഗളം.

Printed and published by N Chandrasekharan Nair at the Sree Rama Vilas Press, Quilon.



ബ്രിട്ടീഷ് എയർവേസിൽപെട്ട മിസ് എ. എം. റീസ് ജോലിക്കാർ സഹിതം ഫ്ളയിംഗു ബോട്ടുസർവീസ് നടത്തുന്നതാണു് ചിത്രം.



എച്ച്. എം. എസ്സ്. സിഗ്നെറ്റ് എന്ന ബ്രിട്ടീഷ് കപ്പൽ.

## ഇൻഡ്യൻ പ്രശ്നത്തിൻെറ പ്രാധാന്യത്തെപ്പററി മി. എമറി

ബർമിങ്ങാം, ഏപ്രിൽ 27 - ഇവിടുത്തെ യാഥാസ്ഥിതികരെ അഭിസംബോധനചെയ്തുകൊണ്ടു് ഇൻഡ്യാസ്റ്റേറ്റുസെക്രട്ടറി മി. എമറി ചെയ്ത പ്രസംഗത്തിൽ ഇൻഡ്യ രാഷ്ട്രീയകക്ഷികളുടെ കളിപ്പാട്ടമാകുന്നതിനെക്കാൾ വലിയ നാശം ഉണ്ടാകാനില്ല എന്നു പ്രസ്താവിച്ചിരുന്നു. ലോകത്തിൻെറ സമാധാനത്തിൻെറയും ക്ഷേമത്തിൻെറയും കാര്യത്തിൽ യുദ്ധം ജയിക്കുകയോ തോൽക്കുകയോ ചെയ്യുന്നതു് എത്രയും പ്രാധാന്യമുള്ളതാണോ അതുപോലെ പ്രാധാന്യമുള്ള സംഗതിയാണു് ഇൻഡ്യയുടെ ഭരണഘടനാപരമായ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കഴിയുകയോ കഴിയാതെവരികയോ ചെയ്യുന്നതു്. (റായിട്ടർ)

—ഠ—

## സർദാർ കെ. എം. പണിക്കർ

ഠ

ബോംബെ- ഏപ്രിൽ ൨൭—ബിക്കാനീർ പ്രധാനമന്ത്രിയായ സർദാർ കെ. എം. പണിക്കരെ ഇംഗ്ലണ്ടിലെ റായൽ ഇൻഡ്യാസൊസൈററിയുടെ വൈസ് പ്രസിഡൻറായി തിരഞ്ഞെടുത്തിരിക്കുന്നതായറിയുന്നു. (എ. പി)

—ഠ—

## സ്വാതന്ത്ര്യം വരുന്നു?

ഠ

### ഗാന്ധിജിയുടെ മറുപടി

മഹാബലീശ്വരം, ഏ. ൨൭-ാം പരീക്ഷിതനിത ഗാന്ധിജിയോടു ചോദിച്ചു: 'അങ്ങു് പൂനായിൽ അങ്ങു് ഒരു മഹായത്നം നടത്തി എന്നാൽ സ്വാതന്ത്ര്യം വരുന്നുണ്ടോ?' ഗാന്ധിജി ഇപ്രകാരം മറുപടിപറഞ്ഞു: 'സമയമില്ല ഗർഭം ധരിച്ചുടൻ ശിശുവിനെ പ്രസവിക്കുന്നില്ല. തന്നെയല്ല ഞാൻ ൧൨൫ കൊല്ലം ജീവിച്ചിരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന വസ്തുത മറക്കരുതു്.'

ഠ

## ഇന്ദിരാഗാന്ധി

ലാഹോർ, ഏപ്രിൽ 27 - പണ്ഡിററ് ജവഹർലാൽ നെഹ്റുവിൻെറ പുത്രി ശ്രീമതി ഇന്ദിരാഗാന്ധി കാഷ്മീറിലേക്കു പോകുന്നവഴി പുത്രനോടുകൂടി ഇവിടെ എത്തിയിരിക്കുന്നു.

—ഠ—

കൊട്ടാരക്കര
സുബ്രഹ്മണ്യൻ ടാക്കീസിൽ
എം. കെ. ത്യാഗരാജഭാഗവതർ, കണ്ണാംബാൾ, സരോജം, എൻ. എസ്സ്. കൃഷ്ണൻ, ററി. എ. മധുരം മുതലായവർ അഭിനയിച്ച
"അശോകകുമാർ"
എന്ന ചിത്രം
പ്രദർശിപ്പിച്ചുവരുന്നു

## പുതിയ സംരംഭമോ?

—ഠ—

### ഇൻഡ്യൻപ്രശ്നത്തെ സംബന്ധിച്ച ഡാ: ശ്രീധറാണി

ഠ

സാൻഫ്രാൻസിസ്കോ, ഏ: 22— ഇന്ത്യൻ നാട്ടുരാജാക്കന്മാർ ലണ്ടനിലേയ്ക്കു ഒരു ദൌത്യസംഘത്തെ അയയ്ക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന വർത്തയെപ്പററി ഇന്ത്യൻലക്ചററും ഗ്രന്ഥകാരനുമായ ഡാ: കൃഷ്ണലാൽ ശ്രീധറാണി റായിട്ടരോടു പ്രസ്താവിച്ചതു്, വേവൽപ്രഭുവിൻെറ ലണ്ടൻസന്ദർശനത്തിനും, മുസ്ലീംലീഗുമായി ആലോചിക്കാതെ യാതൊരു തീരുമാനത്തിലും എത്തരുതെന്ന മി. ജിന്നായുടെ സംഭ്രാന്തി നിറഞ്ഞ അവകാശവാദത്തിനും ശേഷം ഉണ്ടായിരിക്കുന്ന ഈ സംഭവവികാസം ഇന്ത്യൻപ്രശ്നപരിഹാരത്തിനു ഒരുപുതിയ ശ്രമം ഇംഗ്ലണ്ടിൽ നടക്കുന്നുണ്ടെന്നു സൂചിപ്പിക്കുന്നു എന്നാണു്. ഇംഗ്ലണ്ടിൽ എന്തോ നടക്കുന്നുണ്ടെന്നും ഇന്ത്യൻനാട്ടുരാജാക്കന്മാർ പ്രാതിനിധ്യത്തിനു വെമ്പൽ കൂട്ടുകയാണെന്നും ഇതു സൂചിപ്പിക്കുന്നു. ഇന്ത്യൻനേതാക്കന്മാരെ മോചിപ്പിക്കയാണെങ്കിൽ അതു് ഫ്രിസ്കോസമ്മേളനത്തിനു എത്തിയിട്ടുള്ള പ്രതിനിധികളുടെ ചിന്താഗതിയ്ക്കു ഒരു വൈകൃതവ്യതിയാനമുണ്ടാകുന്നതാണു്. (റായിട്ടർ)

ഠ

### വിഷയവിവരം

—ഠ—

പേജ്
1 [illegible]
2 [illegible] (കീസ്)
3 [illegible] (തകഴി ശിവശങ്കരപ്പിള്ള)
4 സ്ത്രീസ്വാതന്ത്ര്യം (പി. എസ്., പത്തനാപുരം)
5 കലയും ശാസ്ത്രവും (പുലിയൂർ കെ. രാഘവൻപിള്ള)
6 സാഹിത്യപഞ്ചാനനൻെറ സമാർജ്ജിതനേട്ടങ്ങൾ. (പി. കെ. പരമേശ്വരൻനായർ)
7 കിനാവു് (കവിത)
കുടിലിൻെറ താരാട്ടു് (കവിത)
8 കേരളവർമ്മദേവൻ (എസ്. പുരുഷോത്തമൻനായർ)
9 ബർമ്മയിൽനിന്നുള്ള എൻെറ– വിജയകരമായ പിന്മാററം (പി. കെ. രാജരാജവർമ്മ)
10 പള്ളു ഇരുപത്തു്, പാൽ വിലയ്ക്കു് (എം. കെ. നാരായണപിള്ള)
12 കമ്പിവാർത്തകൾ.

—ഠ—

ചവറ ബേബിടാക്കീസിൽ
എം. കെ. രാധ, കമലമണിദേവി മുതലായവർ അഭിനയിച്ച
"വനമോഹിനി"

## വീൻഡ്സർപ്രഭു അടുത്ത വൈസ്രോയിയോ?

ന്യൂയാർക്കു്, ഏപ്രിൽ 26 വിൻഡ്സർപ്രഭു അടുത്ത ഇൻഡ്യാവൈസ്രോയി ആകാൻ ഇടയുണ്ടെന്നു കിംവദന്തികൾ ഉള്ളതായി ഡെയിലിന്യൂസിൻെറ ലേഖകനായ ഡാൻററൻവാക്കർ പ്രസ്താവിക്കുന്നു.

—ഠ—

കൊല്ലം ബേബിടാക്കീസിൽ
ജഗദീശ്, പ്രേം അദീപ് മുതലായവർ അഭിനയിച്ച
"സ്റ്റേഷൻമാസ്റ്റർ"